# ഏകാരോഗ്യം പരിപാടി
# (One Health Programme)




## പരിശീലന കൈപ്പുസ്തകം

Centre for One Health Kerala

Rebuild Kerala

# പരിശീലന കൈപ്പുസ്തകം

## (ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, മെന്റർമാർ, സന്നദ്ധപ്രവർത്തകർ എന്നിവർക്കുവേണ്ടി തയ്യാറാക്കിയത്)


Centre for One Health Kerala

പ്രസിദ്ധീകരിക്കുന്നത്:

സെന്റർ ഫോർ വൺ ഹെൽത്ത് – കേരള
ആരോഗ്യ വകുപ്പ്

**പിണറായി വിജയൻ**
മുഖ്യമന്ത്രി
കേരള സർക്കാർ




## സന്ദേശം

മനുഷ്യന്റെ ആരോഗ്യം ജീവജാലങ്ങളുടെ ആരോഗ്യവുമായും പ്രകൃതിയുമായും അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന ആശയത്തിലൂന്നിക്കൊണ്ട് ലോകം ഇന്ന് ഏകാരോഗ്യ സമീപനത്തിലേക്ക് അടുക്കുകയാണ്. രാജ്യത്ത് ആദ്യമായി ഏകാരോഗ്യ പരിപാടി നടപ്പിലാക്കിക്കൊണ്ട് കേരളം വീണ്ടും മാതൃകയാവുകയാണ്.

ആദ്യഘട്ടത്തിൽ പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ നടപ്പിലാക്കുന്ന ഈ പരിപാടി താമസംവിനാ മറ്റു ജില്ലകളിലേക്കും വ്യാപിപ്പിക്കും. ഏകാരോഗ്യം പരിപാടിയുടെ ഭാഗമാകുന്ന മുഴുവൻ സന്നദ്ധപ്രവർത്തകരേയും അഭിനന്ദിക്കുന്നു. ഏകാരോഗ്യം പരിപാടിക്ക് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**പിണറായി വിജയൻ**

**വീണാ ജോർജ്**

ആരോഗ്യ, വനിതാ ശിശുവികസന
വകുപ്പ് മന്ത്രി
കേരള സർക്കാർ



## സന്ദേശം

വികസിതരാജ്യങ്ങളുമായി കിടപിടിക്കുന്നതരത്തിൽ വളർച്ച നേടിയതാണ് കേരളത്തിന്റെ ആരോഗ്യരംഗം. ആരോഗ്യരംഗത്തെ കേരളത്തിൻെറ നേട്ടങ്ങൾ 'കേരള മോഡൽ' എന്ന നിലയിൽ ചർച്ചചെയ്യപ്പെട്ടതുമാണ്. നാം കൈവരിച്ച ആരോഗ്യരംഗത്തെ മികവ് സുസ്ഥിര മായി നിലനിർത്തേണ്ടതുണ്ട്. അതോടൊപ്പം പുതിയ വെല്ലുവിളികൾ നേരിടാനും നാം സജ്ജമാകണം.

കോവിഡ്-19 പോലുള്ള രോഗങ്ങൾ ലോകത്തിനുതന്നെ വെല്ലുവിളിയായി ക്കൊണ്ടിരിക്കുകയാണ്. ലോകത്ത് പുതുതായും ആവർത്തിച്ചുമുണ്ടാകുന്ന ഇത്തരം പകർച്ച വ്യാധികളിൽ ഭൂരിപക്ഷവും ജന്തുജന്യരോഗങ്ങളാണെന്ന് കാണാം. ജന്തുജന്യരോഗങ്ങൾ ഉയർത്തുന്ന ഭീഷണി പ്രതിരോധിക്കാനും പൊതുജനാരോഗ്യം സംരക്ഷിക്കാനും ആരോഗ്യ സമീപനങ്ങളിൽ മാറ്റം ആവശ്യമാണ്. മനുഷ്യരിൽ മാത്രം ഒതുങ്ങി നിൽക്കുന്ന പ്രതിരോധ പ്രവർത്തനങ്ങൾ കൊണ്ട് രോഗനിയന്ത്രണം സാദ്ധ്യമല്ല. മനുഷ്യനെ ബാധിക്കുന്ന ജന്തുജ ന്യരോഗങ്ങൾ നിയന്ത്രിക്കുന്നതിൽ ലോകത്ത് അംഗീകരിക്കപ്പെട്ട ആശയമാണ് "ഏകാരോഗ്യം". ഏകാരോഗ്യ സമീപനത്തിൽ ഊന്നിയ ഒരു പുതിയ ആരോഗ്യ പ്രവർത്തനമാണ് കാലഘട്ടത്തിന്റെ ആവശ്യം.

നവകേരള നിർമ്മിതിക്ക് ആരോഗ്യമേഖയിൽ വലിയ പ്രവർത്തനങ്ങളാണ് നടക്കുന്നത്. നവ കേരളം കർമ്മ പദ്ധതിയിൽ ആർദ്രം മിഷൻെറ ഒന്നാം ഘട്ടത്തിൽ പ്രാഥമികാരോഗ്യ രംഗത്ത് അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തി. ആർദ്രം മിഷന്റെ രണ്ടാം ഘട്ടത്തിൽ സുപ്രധാന സ്ഥാനം നൽകിയാണ് ഏകാരോഗ്യം പരിപാടി സംസ്ഥാനത്ത് നടപ്പി ലാക്കുന്നത്.

മഹാമാരികളെ മറികടന്ന നാടിന്റെ തുടർ പ്രതിരോധപ്രവർത്തനങ്ങൾക്ക് ഏകാരോഗ്യം പരിപാടിയിലൂടെ ഊർജം പകരുന്ന മെന്റർമാർക്കും സന്നദ്ധപ്രവർത്തകർക്കും ആശംസകൾ. മനുഷ്യന്റെ ആരോഗ്യം സംരക്ഷിക്കുന്നതിന് ജന്തുക്കളുടെയും പരിസ്ഥിതിയു ടെയും ആരോഗ്യംകൂടി സംരക്ഷിച്ച് നമുക്ക് മുന്നേറാം. ആരോഗ്യ രംഗത്ത് രാജ്യത്തിന് മാതൃകയാകുന്ന പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ ഈ പരിശീലന കൈപ്പുസ്തകം സഹായകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**വീണാ ജോർജ്**

**എ.പി.എം മുഹമ്മദ് ഹനീഷ് ഐ.എ.എസ്**

പ്രിൻസിപ്പൽ സെക്രട്ടറി
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ



## സന്ദേശം

ലോകത്തെങ്ങുമുണ്ടാകുന്ന പകർച്ചവ്യാധികൾ വളരെ പെട്ടെന്ന്തന്നെ കേരളത്തിലേക്ക് എത്തുന്നതരത്തിൽ ആഗോളതലത്തിൽ വ്യാപരിക്കുന്ന ഒരു സമൂഹമാണ് നമ്മുടേത്. ഇത് ആരോഗ്യ രംഗത്തെ വെല്ലുവിളികളെ നേരിടാൻ കേരളം പുതിയ സമീപനങ്ങൾ സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. ഇത്തരം വെല്ലുവിളികളെ നേരിടുന്നതിന്റെ ഭാഗമായാണ് കേരളം വിവിധ വകുപ്പുകളുടെ ഏകോപനത്തോട ഏകാരോഗ്യം പരിപാടി നടപ്പിലാക്കുന്നത്.

രോഗങ്ങളും രോഗം വരാനുള്ള സാഹചര്യങ്ങളും മുൻകൂട്ടി കണ്ടെത്തിയാൽ വേണ്ട ഇടപെടലുകളും രോഗപ്രതിരോധനടപടികളും എത്രയും നേരത്തെ സ്വീകരിക്കാൻ കഴിയും. കേരളത്തിൽ നടപ്പിലാക്കുന്ന ഏകാരോഗ്യ പരിപാടി സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണത്തിന് ഊന്നൽ നൽകുന്നതാണ്. പ്രളയം, കോവിഡ് കാലങ്ങളിൽ നാടിന് കൈത്താങ്ങായ സന്നദ്ധപ്രവർത്തകരുടെ നിസ്തുലമായ മാതൃക നമുക്ക് മുന്നിലുണ്ട്. സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണത്തിലും സന്നദ്ധപ്രവർത്തകർക്ക് അവരവരുടെ ചുറ്റുപാടുകളിൽ സുപ്രധാന പങ്ക് നിർവ്വഹിക്കാനുണ്ട്. കേരളത്തിന്റെ ആരോഗ്യനിലവാരം കുറേക്കൂടി മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനായി മുന്നോട്ടു വന്നിട്ടുള്ള സന്നദ്ധപ്രവർത്തകരെ അതിനായി പ്രാപ്തരാക്കുന്നത് വിവിധ പരിശീലനപരിപാടികളിലൂടെയാണ്. ഈ കൈപ്പുസ്തകം സന്നദ്ധപ്രവർത്തകർക്കും തദ്ദേശസർക്കാർ തലത്തിൽ ഏകാരോഗ്യം പരിപാടി നടപ്പിലാക്കുന്നതിന് ചുക്കാൻപിടിക്കേണ്ട ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും പരിശീലനം നൽകുന്നതിനായി തയാറാക്കിയിട്ടുള്ളതാണ്. ഭാവി പ്രവർത്തനങ്ങൾക്ക് ഇത് വഴികാട്ടിയാവുമെന്ന് പ്രതീക്ഷിക്കുന്നു. നവകേരളത്തിന്റെ മുഖമുദ്രയാകാവുന്ന ഏകാരോഗ്യം പരിപാടിയുടെ വിജയത്തിനായി നമുക്കൊരുമിച്ച് പ്രവർത്തിക്കാം.

ഈ കൈപ്പുസ്തകം തയ്യാറാക്കിയ കില ഡയറക്ടർ ജനറൽ ഡോ. ജോയ് ഇളമൺ-ന്റെ നേതൃത്വത്തിലുള്ള വിദഗ്ദ്ധ സംഘത്തെ പ്രത്യേകം അഭിനന്ദിക്കുന്നു. കൂടാതെ കൈപ്പുസ്തകം തയ്യാറാക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകിയ ആരോഗ്യം, മെഡിക്കൽ വിദ്യാഭ്യാസം, മറ്റ് വിവിധ വകുപ്പുകൾ, സെൻറർ ഫോർ വൺ ഹെൽത്ത്-കേരള, എസ്.എച്ച്.എസ്.ആർ.സി എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരെയും നന്ദിയോടെ സ്മരിക്കുന്നു. ഈ പരിശീലന കൈപ്പുസ്തകം അതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ നിറവേറ്റട്ടെയെന്ന് ആശംസിക്കുന്നു.

**എ.പി.എം മുഹമ്മദ് ഹനീഷ് ഐ.എ.എസ്**

**ഡോ. റീന കെ.ജെ**

ആരോഗ്യ വകുപ്പ് ഡയറക്ടർ
കേരള സർക്കാർ



## സന്ദേശം

ആരോഗ്യരംഗത്ത് രാജ്യത്തിനുതന്നെ മാതൃകയാണ് കേരളത്തിന്റെ പ്രവർത്തനങ്ങൾ. ആരോഗ്യസൂചകങ്ങളാകട്ടെ വികസിതരാജ്യങ്ങളുടേതിനു സമാനവും. മാറുന്ന കാലഘട്ടത്തിലെ പുതിയ ആരോഗ്യ വെല്ലുവിളികൾ നേരിടുന്നതിനായാണ് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് ആരോഗ്യവകുപ്പ് ഏകാരോഗ്യം പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. രോഗം വരാതെ നോക്കുക എന്ന അടിസ്ഥാന ആരോഗ്യ പാഠത്തെ ആസ്പദമാക്കി രോഗനിരീക്ഷണം ശക്തമാക്കുന്ന സമീപനമാണ് ഏകാരോഗ്യം പരിപാടിയിൽ സ്വീകരിച്ചിട്ടുള്ളത്. മനുഷ്യരുടേയും ജീവജാലങ്ങളുടേയും പ്രകൃതിയുടേയും ആരോഗ്യം നിരന്തരം നിരീക്ഷിച്ചുകൊണ്ട് മനുഷ്യരെ ബാധിക്കാൻ സാദ്ധ്യതയുള്ള പകർച്ചവ്യാധികൾ എത്രയും നേരത്തെ കണ്ടെത്തുവാനും നിയന്ത്രിക്കുവാനും ആവശ്യമായ ഇടപെടലുകൾ നടത്തുക എന്ന ഉദ്ദേശത്തോടെയാണ് ഏകാരോഗ്യം പരിപാടിയിൽ സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണ സംവിധാനം വിഭാവനം ചെയ്തിട്ടുള്ളത്. പരിപാടി നിലവിൽ നടപ്പിലാക്കിവരുന്ന പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി ജില്ലകളിൽ മാത്രം രണ്ടരലക്ഷത്തോളം സന്നദ്ധ പ്രവർത്തകരാണ് ഈ സംവിധാനത്തിന്റെ ഭാഗമാകുന്നത്. നമ്മുടെ പൊതുജനാരോഗ്യ സംവിധാനത്തിന്റെ കാവലാളുകളാവേണ്ട ഇവർക്ക് പരിശീലനം നൽകുന്നതിനാണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ഈ പുസ്തകം പ്രയോജനപ്പെടും എന്ന് പ്രത്യാശിക്കുന്നു. ആരോഗ്യ രംഗത്ത് പുത്തൻ മാതൃകകൾ തീർക്കുന്നതിനായി നമുക്ക് ഒറ്റക്കെട്ടായി പ്രവർത്തിക്കാം.

**ഡോ. റീന കെ.ജെ**

## എഡിറ്റോറിയൽ ബോർഡ്

**ഡോ. കെ സക്കീന,** *അഡീഷണൽ ഡയറക്ടർ, ആരോഗ്യ വകുപ്പ്*
**ഡോ. റീത്ത കെ പി,** *അഡീഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം), ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്*
**ഡോ. നന്ദകുമാർ കെ വി,** *അഡീഷണൽ ഡയറക്ടർ (മെഡിക്കൽ), ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്*
**ഡോ. വി ജിതേഷ്,** *ഡയറക്ടർ, സെന്റർ ഫോർ വൺ ഹെൽത്ത് – കേരള & എക്സിക്യൂട്ടീവ് ഡയറക്ടർ, SHSRC-K*
**ഡോ. അജൻ എം ജെ,** *അസിസ്റ്റന്റ് ഡയറക്ടർ (മെഡിക്കൽ), ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്*
**ഡോ. അരവിന്ദ് ആർ,** *പ്രൊഫസർ & ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് ഇൻഫെക്ഷ്യസ് ഡിസീസസ്, ഗവ. മെഡിക്കൽ കോളേജ്, തിരുവനന്തപുരം*
**ഡോ. നിഖിലേഷ് ആർ മേനോൻ,** *നോഡൽ ഓഫീസർ, ലാബ് നെറ്റ്‌വർക്ക്, ആർദ്രം & ലാബ് സിസ്റ്റംസ് – വൺ ഹെൽത്ത്*
**കുമാരി ഡാലിയ സി ജോസ്,** *ഓപ്പറേഷൻസ്/പ്രൊജക്ട് മാനേജ്മെന്റ് എക്സ്പർട്ട്, സെന്റർ ഫോർ വൺ ഹെൽത്ത് – കേരള*
**ശ്രീ. അൻവർ ജെ,** *കമ്മ്യൂണിക്കേഷൻ സ്പെഷ്യലിസ്റ്റ്, സെന്റർ ഫോർ വൺ ഹെൽത്ത് – കേരള*

## കൈപ്പുസ്തകം തയ്യാറാക്കിയവർ

**ഡോ. ജോയ് ഇളമൺ,** *ഡയറക്ടർ ജനറൽ, കില*
**ഡോ. പീറ്റർ എം രാജ്,** *അസ്സോസ്സിയേറ്റ് പ്രൊഫസർ, കില*
**ശ്രീ. സതീഷ് ചന്ദ്രൻ,** *കൺസൾട്ടന്റ്, ലോക ബാങ്ക്*
**ശ്രീ. എം ജി കാളിദാസൻ,** *കൺസൾട്ടന്റ്, കില*
**ശ്രീ. സജീവ് കെ ജി,** *കൺസൾട്ടന്റ്, കില*
**ശ്രീ. സിബി അഗസ്റ്റിൻ,** *റിസോഴ്സ് പേഴ്സൺ, കില*
**ശ്രീ. സുരേഷ് ബാബു സി പി,** *റിസോഴ്സ് പേഴ്സൺ, കില*
**ശ്രീ. ദിനേശ് വി വി,** *റിസോഴ്സ് പേഴ്സൺ, കില*
**ഡോ. മിഥുൻ റ്റി കെ,** *റിസോഴ്സ് പേഴ്സൺ, കില*
**ശ്രീ. കൃഷ്ണൻകുട്ടി രാജൻ,** *റിസോഴ്സ് പേഴ്സൺ, കില*

## ലേ-ഔട്ട്

**ശ്രീമതി സൗമ്യ എം വി,** *ഡാറ്റാ എൻട്രി ഓപ്പറേറ്റർ, SHSRC-K*

## പ്രസിദ്ധീകരിക്കുന്നത്


**സെന്റർ ഫോർ വൺ ഹെൽത്ത് – കേരള (COH-K)**

*SHSRC-K, തൈക്കാട്, തിരുവനന്തപുരം – 695014*

# ഉള്ളടക്കം


| നം | അദ്ധ്യായം | പേജ് നം |
|---|---|---|
| | ആമുഖം | 15 |
| 1 | ഏകാരോഗ്യം - ആശയവും ചരിത്രവും | 19 |
| 2 | ഏകാരോഗ്യ സമീപനത്തിന്റെ പ്രാധാന്യം | 22 |
| 3 | ജന്തുജന്യരോഗങ്ങൾ | 26 |
| 4 | ആരോഗ്യവും പരിസ്ഥിതിയും | 33 |
| 5 | കേരളവും ഏകാരോഗ്യവും | 36 |
| 6 | കമ്മ്യൂണിറ്റി ബേയ്സ്ഡ് സർവെയ്ലൻസ് (സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം) | 45 |
| 7 | രോഗങ്ങളുടെ തിരിച്ചറിയലും റിപ്പോർട്ടിങ്ങും | 51 |
| 8 | കമ്മ്യൂണിറ്റി മെന്റർമാരുടെയും വളണ്ടിയർമാരുടെയും തിരഞ്ഞെടുപ്പും ശാക്തീകരണവും | 62 |
| 9 | പ്രാദേശിക തലത്തിൽ എന്തുചെയ്യാൻ കഴിയും? | 68 |
| | **അനുബന്ധം** | 73 |
| | i. *കമ്മ്യൂണിറ്റി മെന്റർമാർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ*<br>ii. *ഏകാരോഗ്യവുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര ദിനങ്ങൾ*<br>iii. *ചുരുക്കെഴുത്ത്* | |

# ആമുഖം

സാമൂഹ്യ സാമ്പത്തിക മേഖലകളിൽ ഒട്ടേറേ മുന്നേറ്റങ്ങളുണ്ടാക്കിയിട്ടുള്ള കേരളം ആരോഗ്യ രംഗത്തും ഇതര ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലാണ്. കുറഞ്ഞ മുതൽമുടക്കിൽ വികസിത രാജ്യങ്ങളുടേതിന് സമാനമായ ആരോഗ്യ സൂചികകൾ നേടി എന്നതാണ് വിഖ്യാതമായ 'കേരള ആരോഗ്യ മോഡലിന്റെ' പ്രത്യേകത. സംസ്ഥാന രൂപവത്ക്കരണത്തിനുശേഷം നിലവിൽ വന്ന ജനാധിപത്യസർക്കാരുകളുടെ ലക്ഷ്യബോധത്തോടെയുള്ള പ്രവർത്തനങ്ങളുടെ ഫലമാണ് ആരോഗ്യ രംഗത്തെ ഈ നേട്ടങ്ങൾ. എന്നാൽ ഇന്ന് ലോകത്താകമാനം മനുഷ്യരാശിയുടെ ആരോഗ്യത്തിന് ഉയർന്നു വന്നിട്ടുള്ള വെല്ലുവിളികളെ നേരിടുവാൻ നമ്മളും സജ്ജരാകേണ്ടതുണ്ട്.

ജനസംഖ്യാവളർച്ച, വർദ്ധിച്ചുവരുന്ന മനുഷ്യ-വന്യജീവി ഇടപെടലുകൾ, പരിസ്ഥിതിക്കും കാലാവസ്ഥയ്ക്കുമുണ്ടായിട്ടുള്ള വ്യതിയാനങ്ങൾ മുതലായവയെല്ലാം ഈ കാലഘട്ടത്തിൽ മനുഷ്യന്റെ ആരോഗ്യത്തിന് വെല്ലുവിളിയാവുന്ന ഘടകങ്ങളാണ്. സമ്പൂർണ്ണ ശാരീരിക, മാനസിക, സാമൂഹിക സുസ്ഥിതി അഥവാ ആരോഗ്യം നാം കൈവരിക്കണമെങ്കിൽ ജിവജാലങ്ങളുടേയും പ്രകൃതിയുടെയും കൂടി ആരോഗ്യം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഈ തിരിച്ചറിവിൽ നിന്നാണ് ഏകാരോഗ്യം എന്ന ആശയം ഉടലെടുത്തത്.

മനുഷ്യർ, പക്ഷിമൃഗാദികൾ, സസ്യങ്ങൾ, അവയുടെ ആവാസവ്യവസ്ഥകളുൾപ്പെടുന്ന പ്രകൃതി എന്നിവയുടെ ആരോഗ്യം പരസ്പരം അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു എന്നും പരസ്പരാശ്രിതമാണെന്നും തിരിച്ചറിയുന്ന സമീപനമാണ് ഏകാരോഗ്യം (വൺ ഹെൽത്ത്). മനുഷ്യരുടേയും ജീവജാലങ്ങളുടേയും പ്രകൃതിയുടേയും ആരോഗ്യം നിരന്തരമായി നിരീക്ഷിച്ച്, മനുഷ്യരെ ബാധിക്കാവുന്ന വിവിധ പകർച്ചവ്യാധികൾ മനുഷ്യരിലേക്ക് എത്തുന്നത് തടയാനും പ്രതിരോധ പ്രവർത്തനങ്ങളെ മറികടന്ന് എത്തുന്നവ നേരത്തെ കണ്ടെത്താനും നിയന്ത്രിക്കാനും ആവശ്യമായ ഇടപെടലുകൾ നടത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഉയർന്ന ജനസാന്ദ്രത, പ്രവാസികളുടേയും തന്മൂലമുള്ള അന്തർദേശീയ യാത്രകളുടേയും വർദ്ധനവ്, പ്രായമായവരുടെ എണ്ണത്തിലുള്ള വർദ്ധനവ്, വിസ്തൃതമായ വനമേഖല ഇവയെല്ലാം സംസ്ഥാനത്ത് പകർച്ചവ്യാധികളുടെ അപകടസാധ്യത വർദ്ധിപ്പിക്കുന്ന പ്രധാന ഘടകങ്ങളാണ്. ഇത്തരം സാഹചര്യങ്ങൾ മുൻനിർത്തിയാണ് സംസ്ഥാനത്തിന്റെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഏകാരോഗ്യം പരിപാടി (വൺ ഹെൽത്ത് പ്രോഗ്രാം) നടപ്പിലാക്കുവാൻ തീരുമാനിച്ചത്. കേരളത്തിൽ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ജന്തുജന്യരോഗങ്ങൾ (നിപ്പ, കുരങ്ങുപനി, സ്ക്രബ് ടൈഫസ് മുതലായവ) കൊതുക്/പ്രാണിജന്യരോഗങ്ങൾ (ഡെങ്കിപ്പനി, മലമ്പനി, കാലാ അസാർ മുതലായവ) വായുവിലൂടെ പകരുന്ന രോഗങ്ങൾ (എച്ച്1 എൻ1, കോവിഡ് അടക്കമുള്ള ഇൻഫ്ലൂവൻസ, ടി.ബി മുതലായവ) ജലജന്യരോഗങ്ങൾ (ടൈഫോയിഡ്, കോളറ മുതലായവ) തുടങ്ങിയ വിവിധ പകർച്ചവ്യാധികളുടെ നിയന്ത്രണത്തിന് ഏകാരോഗ്യസമീപനം ഏറെ സഹായകരമാകും.

നവകേരളം കർമ്മ പദ്ധതി-2-ന്റെ ഭാഗമായി റീ ബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിലാണ് ഏകാരോഗ്യം പരിപാടി നടപ്പിലാക്കിവരുന്നത്. ജന്തുജന്യരോഗങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും ഇത്തരം രോഗങ്ങളുടെ വ്യാപനം സമയബന്ധിതമായി തടയുന്നതിനും ബന്ധപ്പെട്ട എല്ലാ വകുപ്പുകളേയും ഒത്തൊരുമിപ്പിച്ച് നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തുക എന്നതാണ് പരിപാടിയുടെ ലക്ഷ്യം. 5 വർഷമാണ് 2021-ൽ ആരംഭിച്ച പരിപാടിയുടെ കാലയളവ്. ആദ്യഘട്ടമായി പമ്പാ നദീതട ജില്ലകളായ

കോട്ടയം, ഇടുക്കി, ആലപ്പുഴ, പത്തനംതിട്ട എന്നിവിടങ്ങളിലാണ് പരിപാടി നടപ്പിലാക്കുന്നത്. അടുത്ത ഘട്ടത്തിൽ ബാക്കിയുള്ള 10 ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കും. പരിപാടിയുടെ ലക്ഷ്യത്തിൽ എത്തിച്ചേരുന്നതിനായി വാർഷികാടിസ്ഥാനത്തിൽ ടാർജറ്റുകൾ നിശ്ചയിച്ചിട്ടുണ്ട്. നിലവിൽ 2-ാം വർഷ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. വാർഷിക ടാർജറ്റുകളുടെ വിശദാംശങ്ങൾ താഴെകൊടുത്തിരിക്കുന്നു.

| | |
|---|---|
| 1-ാം വർഷം<br>(2021 ജൂലൈ - 2022 ജൂൺ) | പമ്പാബേസിൻ ജില്ലകളിൽ ജില്ലാതലത്തിലെ ഏകാരോഗ്യം പരിപാടിയുടെ ഏകോപനത്തിനായി ആരോഗ്യകുടുംബക്ഷേമവകുപ്പിന്റെ നേതൃത്വത്തിൽ പരിശീലനം നൽകുക. |
| 2-ാം വർഷം<br>(2022 ജൂലൈ - 2023 ജൂൺ) | പമ്പാബേസിൻ ജില്ലകളിൽ സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം ശക്തിപ്പെടുത്തുന്നതിനായി 2,50,000 സന്നദ്ധസേവകർക്ക് ആരോഗ്യ കുടുംബക്ഷേമവകുപ്പിന്റെ നേതൃത്വത്തിൽ പരിശീലനം നൽകി വിന്യസിക്കുക. |
| 3-ാം വർഷം<br>(2023 ജൂലൈ - 2024 ജൂൺ) | പമ്പാബേസിൻ ജില്ലകളിൽ ആരോഗ്യകുടുംബക്ഷേവകുപ്പിന്റെ നേതൃത്വത്തിൽ മറ്റുവകുപ്പുകളെ സഹകരിപ്പിച്ചുകൊണ്ട് പരിശീലനം ലഭിച്ച സന്നദ്ധപ്രവർത്തകർ വഴി പകർച്ചവ്യാധി നിരീക്ഷണം പതിവായി നടത്തുക. |
| 4-ാം വർഷം<br>(2024 ജൂലൈ - 2025 ജൂൺ) | പമ്പാബേസിൻ ജില്ലകളിലെ 150 തദ്ദേശസർക്കാർ തലത്തിൽ സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം നടപ്പിലാക്കുക. |
| 5-ാം വർഷം<br>(2025 ജൂലൈ - 2026 ജൂൺ) | പമ്പാബേസിൻ ജില്ലകളിൽ ചുരുങ്ങിയത് ഒരു ജന്തുജന്യരോഗമെങ്കിലും കണ്ടെത്തുന്നതിനും ഫലപ്രദമായി നിയന്ത്രിക്കുന്നതിനും ആരോഗ്യകുടുംബക്ഷേമവകുപ്പിന് സാധിക്കുക. |

പെട്ടെന്നുണ്ടാകുന്ന രോഗങ്ങൾ, പകർച്ചവ്യാധികൾ, പ്രകൃതിദുരന്തങ്ങൾ, കാലാവസ്ഥവ്യതിയാനങ്ങൾ ഇവയ്ക്കെതിരായി കേരളത്തിന്റെ പ്രതിരോധം വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്ന **Multi Sector Resilience Programme for Results Operation** എന്ന പദ്ധതിയിലുൾപ്പെടുത്തിയാണ് ഏകാരോഗ്യം പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ലോകബാങ്കിൽ (IBRD) നിന്നും ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്കിൽ നിന്നും (AIIB) കോ-ഫിനാൻസിംഗ് അടിസ്ഥാനത്തിൽ സഹായം ലഭ്യമാക്കിയാണ് പരിപാടി നടപ്പിലാക്കുന്നത്. ആദ്യം ജന്തുജന്യരോഗങ്ങൾക്ക് ഊന്നൽനൽകി തുടർന്ന് മറ്റ് പകർച്ചവ്യാധികളുടെ നിയന്ത്രണത്തിലും പിന്നീട് പകർച്ചേതരവ്യാധികൾ, മാനസികാരോഗ്യം അടക്കമുള്ള ആരോഗ്യത്തിന്റെ എല്ലാമേഖലകളിലും ഏകാരോഗ്യസമീപനത്തിന് ഇടപെടാനാകും.

ആരോഗ്യവകുപ്പ് ഡയറക്ടർക്കാണ് പരിപാടിയുടെ ഏകോപനച്ചുമതല. ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിനുകീഴിൽ സെന്റർ ഫോർ വൺ ഹെൽത്ത് -കേരളയാണ് പരിപാടി നടപ്പിലാക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനം സാദ്ധ്യമാക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളെ ഉൾപ്പെടുത്തി സംസ്ഥാന, ജില്ലാ, പ്രാദേശിക തലത്തിൽ വൺ ഹെൽത്ത് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

ഏകാരോഗ്യം പരിപാടിയുടെ ഭാഗമായി, ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ, തദ്ദേശസർക്കാർ പ്രതിനിധികൾ എന്നിവർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കും. ആന്റി മൈക്രോബിയൽ റസിസ്റ്റൻസ് ഉൾപ്പെടെ പരിപാടിയുടെ വിവിധ ആശയങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം ഉണ്ടാക്കുന്നതോടൊപ്പം പരിപാടി

യുടെ നടത്തിപ്പിൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനവും സഹകരണവും സാദ്ധ്യമാക്കുന്നതിനുമായുള്ള ആശയവിനിമയം, പകർച്ചവ്യാധികൾ തടയുന്നതിന്റെ ഭാഗമായി മനുഷ്യരിലും മറ്റ് ജീവജാലങ്ങളിലും രോഗങ്ങൾ ഉണ്ടാകുന്നുണ്ടോ എന്ന അറിയുന്നതിനായുള്ള നിരീക്ഷണം ശക്തിപ്പെടുത്തൽ, ആശുപത്രികളിലെ ലബോറട്ടറികളുടെ ശാക്തീകരണം, വിവരങ്ങൾ വിശകലനം ചെയ്യുന്നതിനും തീരുമാനം കൈകൊള്ളുന്നതിനുമുള്ള ശേഷിവർദ്ധിപ്പിക്കൽ തുടങ്ങിയവയാണ് സംസ്ഥാനത്ത് നടപ്പാക്കുന്ന ഏകാരോഗ്യ പരിപാടിയുടെ മറ്റു പ്രധാനഘടകങ്ങൾ. രോഗനിരീക്ഷണം മുതൽ ഇടപെടൽ വരെ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് ഐ.ടി അധിഷ്ഠിതസംവിധാനങ്ങളായിരിക്കും ഉപയോഗപ്പെടുത്തുക.

തദ്ദേശസർക്കാരുകളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സാമൂഹ്യാധിഷ്ഠിതരോഗ നിരീക്ഷണത്തിനായുള്ള സന്നദ്ധപ്രവർത്തകർ/മെന്റർമാർ എന്നിവരുടെ പരിശീലനത്തിനായാണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. ഒൻപത് അദ്ധ്യായങ്ങളിലായി ഏകാരോഗ്യത്തിന്റെ ചരിത്രം, പ്രാധാന്യം, ജന്തുജന്യരോഗങ്ങൾ, ആരോഗ്യവും പരിസ്ഥിതിയും തമ്മിലുള്ള ബന്ധം, കേരളത്തിലെ ഏകാരോഗ്യ പരിപാടിയുടെ വിശദാംശങ്ങൾ, കമ്മ്യൂണിറ്റി ബേയ്സ്ഡ് സർവെയ്ലൻസ്, രോഗങ്ങളെ തിരിച്ചറിയുന്നതിനുള്ള മാർഗ്ഗങ്ങളും അവയുടെ റിപ്പോർട്ടിങ്ങ് സംവിധാനവും, സന്നദ്ധപ്രവർത്തകരുടെ തിരഞ്ഞെടുപ്പ്, ശാക്തീകരണം പ്രാദേശികതല പ്രവർത്തനങ്ങൾ എന്നിവയെക്കുറച്ചാണ് വിശദീകരിച്ചിരിക്കുന്നത്.

ഇന്ത്യയിൽ ആദ്യമായി ഏകാരോഗ്യം പരിപാടി നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. മറ്റുപല ആരോഗ്യ പരിപാടികളിലുമെന്നപോലെ ഏകാരോഗ്യം പരിപാടി നടപ്പിലാക്കുന്നതിലും വിജയിപ്പിക്കുന്നതിലും പരമാവധി ജനപങ്കാളിത്തം ഉറപ്പുവരുത്താൻ ഈ പരിശീലന കൈപ്പുസ്തകം സഹായിക്കും എന്ന് പ്രതീക്ഷിക്കുന്നു.

# അദ്ധ്യായം 1

# ഏകാരോഗ്യം - ആശയവും ചരിത്രവും

ആരോഗ്യമേഖലയിൽ മെച്ചപ്പെട്ട നേട്ടങ്ങൾ കൈവരിക്കുക എന്ന ലക്ഷ്യത്തോടെ, മനുഷ്യരും പക്ഷിമൃഗാദികളും സസ്യങ്ങളും അവ പങ്കിടുന്ന പരിസ്ഥിതിയും തമ്മിലുള്ള പരസ്പരബന്ധം തിരിച്ചറിഞ്ഞ് പ്രാദേശിക, മേഖല, ദേശീയ, ആഗോള തലങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ വിജ്ഞാനശാഖകൾ തമ്മിൽ പലതലങ്ങളിലുള്ള സഹകരണം ഉറപ്പാക്കിക്കൊണ്ടുള്ള സമീപനമാണ് ഏകാരോഗ്യം അഥവാ വൺ ഹെൽത്ത്. 'ഏകാരോഗ്യം' എന്ന ആശയം മനുഷ്യൻ, മൃഗം, പാരിസ്ഥിതിക ആരോഗ്യം എന്നിവയുടെ പരസ്പരാശ്രിതത്വത്തെ അടിസ്ഥാനമാക്കിയുള്ളതാണ്. ഏകാരോഗ്യം എന്നത് ഒരു പുതിയ ആശയമല്ലെങ്കിലും, മനുഷ്യരും പക്ഷിമൃഗാദികളും തമ്മിലുള്ള നിരന്തരമായ ഇടപഴകൽ മനുഷ്യന്റെ ആരോഗ്യത്തെ സ്വാധീനിക്കുന്നതായുള്ള കണ്ടെത്തൽ വരും വർഷങ്ങളിൽ ഈ ആശയത്തെ കൂടുതൽ നിർണ്ണായകമാക്കും. മറ്റ് ജീവജാലങ്ങൾക്ക് ഹാനി വരുത്തി മനുഷ്യന്റെ ആരോഗ്യം സംരക്ഷിക്കുന്നതിന് ഭാവിയിൽ പ്രസക്തിയില്ല. മറിച്ച്, മനുഷ്യന്റെയും പക്ഷിമൃഗാദികളുടെയും അവ പൊതുവായി പങ്കിടുന്ന പരിസ്ഥിതിയുടെയും ആരോഗ്യത്തെക്കുറിച്ചുള്ള സമഗ്രമായ വീക്ഷണത്തെ അടിസ്ഥാനമാക്കി ഭാവിയിലെ ആരോഗ്യ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയുമാണ് വേണ്ടത്.

ചൈനയിലെ വുഹാനിൽ ഉത്ഭവിച്ച കോവിഡ്-19 മഹാമാരിയുടെ ആഘാതം വളരെ വലുതാണ്. ഈ മഹാമാരി അവസാനിക്കാൻ പോകുന്നില്ല എന്ന തിരിച്ചറിവ് ഇന്നത്തെ ലോകത്ത് ഏകാരോഗ്യം എന്ന ആശയത്തെ കൂടുതൽ പ്രസക്തമാക്കുന്നു. മാത്രമല്ല, ആഗോളാരോഗ്യരംഗത്ത് വർദ്ധിച്ചുവരുന്ന അപകടസാദ്ധ്യതകൾക്കുള്ള പരിഹാരമാണ് ഏകാരോഗ്യ സമീപനം. മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും പാരിസ്ഥിതിക ആരോഗ്യത്തിനും തുല്യപ്രാധാന്യം ഉറപ്പുനൽകുന്നതിലൂടെ ഒരു പുതിയ സുസ്ഥിരലോകം രൂപപ്പെടുത്താൻ കഴിയും. ജനസംഖ്യാവർദ്ധനവിന്റെ ഫലമായി മനുഷ്യാവാസകേന്ദ്രങ്ങളും വന്യമൃഗങ്ങളുടെ ആവാസകേന്ദ്രങ്ങളും തമ്മിലുള്ള അകലം കുറഞ്ഞു. മനുഷ്യനും വളർത്തുമൃഗങ്ങളും വന്യമൃഗങ്ങളും തമ്മിലുള്ള ഇടപഴകൽ വർദ്ധിച്ചു. തത്ഫലമായി പക്ഷിമൃഗാദികളിൽ നിന്ന് മനുഷ്യരിലേക്കും, തിരിച്ചും രോഗങ്ങൾ പകരാൻ തുടങ്ങി. അത്തരം രോഗങ്ങളെ സൂണോട്ടിക് രോഗങ്ങൾ (ജന്തുജന്യ രോഗങ്ങൾ) എന്ന് വിളിക്കുന്നു.

ചരിത്രാതീതകാലം മുതൽ മനുഷ്യൻ പക്ഷിമൃഗാദികളെ ഇണക്കി വളർത്താൻ തുടങ്ങിയിരുന്നു. മൃഗങ്ങളെക്കൊണ്ടുള്ള വ്യത്യസ്തമായ ഉപയോഗങ്ങൾ തിരിച്ചറിയുകയും കൃഷി, വേട്ടയാടൽ, ആഹാരം, യുദ്ധം, വിളസംരക്ഷണം തുടങ്ങിയ വൈവിധ്യമാർന്ന പ്രവർത്തനങ്ങൾക്ക് അവയെ ഉപയോഗിക്കാൻ തുടങ്ങുകയും ചെയ്തു. ഇന്ന് നാം ജീവിക്കുന്ന ആവാസവ്യവസ്ഥ അതിന്റെ ഘടകങ്ങൾ തമ്മിലുള്ള നിരന്തരമായ കൊടുക്കൽ വാങ്ങലുകളിലൂടെ സൃഷ്ടിക്കപ്പെട്ടതാണ്. ഇക്കാലയളവിൽ പരിസ്ഥിതിക്ക് വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. വനനശീകരണത്തിന്റെയും കാർഷിക സാങ്കേതിക വിദ്യകളുടെ അശാസ്ത്രീയമായ ഉപയോഗത്തിന്റെയും ഫലമായി ആവാസവ്യവസ്ഥയിൽ കാര്യമായ മാറ്റങ്ങൾ സംഭവിച്ചു. ഇത് പക്ഷിമൃഗാദികളിൽ നിന്ന് മനുഷ്യരിലേക്ക് രോഗങ്ങൾ പകരാനുള്ള സാദ്ധ്യത കൂടുതലാക്കി. കഴിഞ്ഞ മൂന്നു പതിറ്റാണ്ടുകളായി കണ്ടുവരുന്ന പകർച്ചവ്യാധികളിൽ ഭൂരിഭാഗവും ജന്തുജന്യ രോഗങ്ങളാണ്. ഗതാഗത സൗകര്യങ്ങൾ വർദ്ധിച്ചതിന്റെ ഭാഗമായി രോഗങ്ങൾ അന്താരാഷ്ട്ര അതിർത്തികൾ കടന്നു. ജന്തുജന്യ രോഗങ്ങൾ മൂലം മനുഷ്യർക്കും മൃഗങ്ങൾക്കുമുണ്ടാകുന്ന ഇത്തരം അപകടസാദ്ധ്യതകളെ നേരിടാൻ വൺ ഹെൽത്ത് പോലുള്ള ഒരു ആഗോളതന്ത്രം ആവശ്യമാണ്. വരും

വർഷങ്ങളിൽ മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും സസ്യങ്ങൾ ഉൾപ്പെടെയുള്ള പരിസ്ഥിതിക്കും പൊതുവായി വന്നേക്കാവുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഈ തന്ത്രത്തിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ട്.

ഏകാരോഗ്യം എന്ന ആശയം വളരെക്കാലമായി നിലവിലുണ്ടെങ്കിലും അത് ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ടിട്ട് ഏറെക്കാലമായിട്ടില്ല. വൈദ്യശാസ്ത്രത്തിന്റെ പിതാവായ ഹിപ്പോക്രാറ്റസ്, പരിസ്ഥിതിയും ആരോഗ്യവും തമ്മിലുള്ള ബന്ധവും അതിന്റെ പ്രാധാന്യവും 'ഓൺ എയേഴ്സ്, വാട്ടേഴ്സ് ആൻഡ് പ്ലേസസ്' എന്ന തന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയുർവ്വേദാചാര്യനായ ചരകന്റെ സംഭാവനകളിലും പ്രകൃതിയും ആരോഗ്യവും തമ്മിലുള്ള ബന്ധം വിവരിച്ചിട്ടുണ്ട്. 1800 മുതൽ ശാസ്ത്രജ്ഞർ പക്ഷിമൃഗാദികളുടെയും മനുഷ്യരുടെയും രോഗങ്ങൾ തമ്മിലുള്ള സമാനതകൾ തിരിച്ചറിഞ്ഞു തുടങ്ങി.




പ്രമുഖ പത്തോളജിസ്റ്റായിരുന്ന റുഡോൾഫ് വിർച്ചോവിൽ നിന്നാണ് ഏകാരോഗ്യത്തിന്റെ ചരിത്രം ആരംഭിക്കുന്നത്. പന്നികളിലെ വിരകളെക്കുറിച്ചുള്ള പഠനം മനുഷ്യനും വെറ്ററിനറിമെഡിസിനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചിന്തിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും ഇടയിൽ പരസ്പരം പകരുന്ന രോഗങ്ങൾക്ക് സൂണോസിസ് എന്ന പേര് ഉപയോഗിക്കാൻ തുടങ്ങിയത് അദ്ദേഹമാണ്. 2004-ൽ വൈൽഡ് ലൈഫ് കൺസർവേഷൻ സൊസൈറ്റി സംഘടിപ്പിച്ച ഗ്ലോബൽ സിമ്പോസിയത്തിലാണ് 'ഏകലോകം ഏകാരോഗ്യം' എന്ന മുദ്രാവാക്യം ആദ്യമായി ഉരുത്തിരിഞ്ഞത്. മനുഷ്യനും പക്ഷിമൃഗാദികൾക്കുമിടയിൽ പകരുന്ന രോഗങ്ങളെക്കുറിച്ച്, വിവിധ മേഖലകളിലെ വിദഗ്ദ്ധരെ ഒരുമിച്ചുകൂട്ടി വിശദമായ ചർച്ചകളും അന്ന് നടത്തിയിരുന്നു. മഹാമാരികൾ നേരിടാനുള്ള മുന്നൊരുക്കങ്ങൾ നടത്തുന്നതിന് ഏകാരോഗ്യ സമീപനം ശുപാർശ ചെയ്യുക എന്ന ലക്ഷ്യത്തോടെ 111 രാജ്യങ്ങളിലെയും വിവിധ അന്താരാഷ്ട്ര സംഘടനകളിലെയും പ്രതിനിധികൾ 2007-ൽ, ന്യൂഡൽഹിയിൽ യോഗം ചേർന്നിരുന്നു.

1994-ൽ ഓസ്ട്രേലിയയിലെ ഒരു കുതിരാലയത്തിൽ 21 കുതിരകൾക്കും രണ്ടു മനുഷ്യർക്കും ഒരു പ്രത്യേകരോഗം ബാധിച്ചു. വവ്വാലുകളിൽനിന്ന് കുതിരകളിലേക്ക് പകരുന്ന ഹാന്റാ വൈറസാണ് രോഗത്തിന് കാരണമായത്. ജന്തുശാസ്ത്രജ്ഞർ, മൃഗഡോക്ടർമാർ,

മൈക്രോബയോളജിസ്റ്റുകൾ, സാമൂഹ്യ ശാസ്ത്രജ്ഞർ എന്നിവരടങ്ങുന്ന ഒരു സംഘത്തെ വൈറസിന്റെ ഉത്ഭവം കണ്ടെത്തുന്നതിനായി ചുമതലപ്പെടുത്തുകയും അവർ അതിൽ വിജയിക്കുകയും ചെയ്തു. ഇത് ഏകാരോഗ്യം എന്ന ആശയത്തിന്റെ സാദ്ധ്യത ലോകത്തിനു മുന്നിൽ തുറന്നു.

മനുഷ്യരും പക്ഷിമൃഗാദികളും പൊതുവെ പങ്കിടുന്ന പരിസ്ഥിതി നിരവധി വെല്ലുവിളികളെ നേരിടുന്നുണ്ട്. ഈ വെല്ലുവിളികൾ മനുഷ്യരെയും പക്ഷിമൃഗാദികളെയും പരിസ്ഥിതിയെയും ഒരുപോലെ ബാധിക്കുന്നവയാണ്. വായുവിന്റെയും ജലത്തിന്റെയും ഗുണനിലവാരപ്രശ്നങ്ങൾ, കീടനാശിനികൾ, ഘന ലോഹങ്ങൾ മുതലായവ പരിസ്ഥിതിയെ മാറ്റിമറിക്കുന്നു. കൂടാതെ വനനശീകരണം, വന്യജീവികളുടെ ആവാസവ്യവസ്ഥയിലെ മാറ്റങ്ങൾ, അശാസ്ത്രീയമായ ഭൂവിനിയോഗം, കാലാവസ്ഥാവ്യതിയാനം എന്നിവ നിരവധി ജന്തുജന്യരോഗങ്ങളുടെ ആവിർഭാവത്തിനും അവ പകരുന്നതിനും കാരണമാകുന്നുണ്ട്. ഏകാരോഗ്യം എന്ന ആശയം വിജയിക്കുന്നതിന് വിവിധ മേഖലകൾ തമ്മിലുള്ള ഏകോപനം ആവശ്യമാണ്.

# അദ്ധ്യായം 2

# ഏകാരോഗ്യ സമീപനത്തിന്റെ പ്രാധാന്യം

വിവിധമേഖലകളെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനം ആരോഗ്യമേഖലയ്ക്ക് ഗുണംചെയ്യും. ഇത്തരം കൂട്ടായ ഇടപെടലുകൾ ആരോഗ്യപ്രശ്നങ്ങൾക്ക് കാരണമായ പലതരത്തിലുള്ള ഭീഷണികളെ നേരിടാൻ നമ്മെ പ്രാപ്തരാക്കും. വിവിധ രോഗങ്ങൾ, മലിനീകരണം, ശുചിത്വമില്ലായ്മ, സുസ്ഥിരമല്ലാത്ത ഭക്ഷ്യസുരക്ഷ, പ്രകൃതിദുരന്തങ്ങൾ, അന്തരീക്ഷ താപനിലയിലെ വ്യതിയാനങ്ങൾ മുതലായവ വരുത്തുന്ന ആരോഗ്യ പ്രശ്നങ്ങളോരോന്നും ഒന്ന് മറ്റൊന്നിൽ നിന്നും വ്യത്യസ്തമാണ്. അതുകൊണ്ടുതന്നെ വിവിധ മേഖലകളുടെ പങ്കാളിത്തത്തിൽ രൂപപ്പെടുത്തുന്ന നയങ്ങൾ ഏറെ സഹായകരമായിരിക്കും. ഈ സാഹചര്യത്തിലാണ് ഏകാരോഗ്യ സമീപനം പ്രധാനപ്പെട്ടതാകുന്നത്. ഇനി പറയുന്ന മേഖലകളിലെ പ്രശ്നങ്ങൾ കണ്ടെത്തി തടയാൻ കഴിയുമെങ്കിൽ ഏകാരോഗ്യത്തിലേക്കുള്ള വഴി എളുപ്പമായിരിക്കും.

### ഏകാരോഗ്യവും ഭക്ഷ്യസുരക്ഷയും

ലോകത്ത് നിലവിൽ ദശലക്ഷക്കണക്കിന് ആളുകൾ പട്ടിണിയിലാണ്. ഭക്ഷ്യസുരക്ഷ ഇന്ന് വിവിധ വെല്ലുവിളികളെ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണ്. ഭക്ഷ്യോത്പാദനവും ഭക്ഷ്യധാന്യ സംഭരണവും വർദ്ധിപ്പിച്ചാൽ മാത്രമേ ഈ പ്രതിസന്ധിക്ക് പരിഹാരമാകൂ. ഈ വെല്ലുവിളികളെ കൈകാര്യം ചെയ്യുന്നതിൽ ഏകാരോഗ്യത്തിന്റെ സ്ഥാനം വലുതാണ്. ശാസ്ത്രീയമായ കാർഷിക സമ്പ്രദായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള രീതികളിൽ മാറ്റം വരുത്തിക്കൊണ്ട് കൂട്ടായ സഹകരണം ഉറപ്പാക്കുന്നതിനും ജനങ്ങളുടെയും പക്ഷിമൃഗാദികളുടെയും പരിസ്ഥിതിയുടെയും ആരോഗ്യവും ക്ഷേമവും മെച്ചപ്പെടുത്തുന്നതിനും ഏകാരോഗ്യ സമീപനം ആവശ്യമാണ്.

### ഏകാരോഗ്യവും കൃഷിയും

ഭക്ഷ്യജന്യരോഗങ്ങൾ പഴങ്ങളിലൂടെയും പച്ചക്കറികളിലൂടെയും പകരാം. സുരക്ഷിതമെന്ന് ഒരിക്കൽ നാം കരുതിയിരുന്ന പല സസ്യാധിഷ്ഠിത ഭക്ഷണങ്ങളും വസ്തുക്കളും ഇന്ന് ഭക്ഷ്യജന്യരോഗങ്ങൾക്ക് കാരണമാകുന്നതായി കാണാം. ഈ സുരക്ഷിതമല്ലാത്ത ഭക്ഷ്യവസ്തുക്കളിൽ കാണുന്ന അപകടകരമായ സൂക്ഷ്മാണുക്കളിൽ പലതും സൂണോട്ടിക് ആണ്. ഇത്തരം മാരക സൂക്ഷ്മാണുക്കളെ ഭക്ഷ്യവ്യവസ്ഥയിൽ നിന്ന് അകറ്റി നിർത്താൻ നമുക്ക് കൂട്ടായി പ്രവർത്തിക്കാം. ഉത്പാദനം വർദ്ധിപ്പിക്കാൻ പല കർഷകരും അശാസ്ത്രീയമായ രീതികളാണ് അവലംബിക്കുന്നത്. ശരിയായ ഗവേഷണം നടത്താതെ കീടനാശിനികളും വളങ്ങളും അമിതമായി ഉപയോഗിക്കുന്നതും ഇവയിൽ ഉൾപ്പെടുന്നു. ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ഇതുമൂലമുണ്ടാകാനുള്ള സാദ്ധ്യതയുണ്ട്. ഏകാരോഗ്യ ആശയത്തെ അടിസ്ഥാനമാക്കിയുള്ള കൃഷിരീതികൾ പ്രയോഗത്തിൽ വരുത്തുന്നത് ഇത്തരം അപകടങ്ങളെ തടയാൻ ഒരു പരിധിവരെ സഹായിക്കും.

## വെള്ളവും ശുചിത്വവും

ജലജന്യരോഗങ്ങൾ മൂലം ദശലക്ഷക്കണക്കിന് കുട്ടികൾ മരിക്കുകയും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ അനുഭവിക്കുകയും ചെയ്യുന്നു. ശരിയായ ഡ്രെയിനേജ് സംവിധാനങ്ങളുടെ അഭാവവും മലിനജലം നീക്കം ചെയ്യുന്നതിനുള്ള സൗകര്യങ്ങളുടെ കുറവും മൂലം ജലമലിനീകരണത്തിന്റെ അളവ് വളരെയധികം കൂടിക്കൊണ്ടിരിക്കുകയാണ്. ഭൂമിയിലെ കുടിവെള്ളത്തിന്റെ അളവ് വളരെ തുച്ഛമാണ്. ആളുകളുടെ വിവേകശൂന്യമായ പെരുമാറ്റത്തിന്റെ ഫലമായി ഈ ശുദ്ധജല സ്രോതസ്സുകൾ മലിനമായിക്കൊണ്ടിരിക്കുകയാണ്. കൂടാതെ, മനുഷ്യരുടെ മറ്റു പ്രവർത്തനങ്ങളുടെ ഫലമായി അപകടകരമായ രാസവസ്തുക്കളും ഘനലോഹങ്ങളും ശുദ്ധജലസ്രോതസ്സുകളെ മലിനമാക്കുന്നു. മനുഷ്യരിലും പക്ഷിമൃഗാദികളിലും പരിസ്ഥിതിയിലും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാകുന്നതിന് ഇത് കാരണമാകുന്നുണ്ട്. വർദ്ധിച്ചുവരുന്ന ജനസംഖ്യകൂടി കണക്കിലെടുക്കുമ്പോൾ, ശുദ്ധജല ലഭ്യത വരുംകാലങ്ങളിലെ പ്രധാനപ്പെട്ട വെല്ലുവിളികളിലൊന്നായിരിക്കും.

## ജൈവ-തീവ്രവാദവും ഏകാരോഗ്യവും

രോഗകാരിയോ മാരകമോ ആയ സൂക്ഷ്മാണുക്കളുടെ മനഃപൂർവ്വമായ വ്യാപനത്തെ ബയോ-ടെററിസം എന്ന് വിളിക്കുന്നു. അത്തരം ഭീകരപ്രവർത്തനം രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ തകർക്കുകയും അരക്ഷിതാവസ്ഥ സൃഷ്ടിക്കുകയും ചെയ്യും. ആളുകൾ, മൃഗങ്ങൾ, കാർഷികവിളകൾ എന്നിവയ്ക്കെതിരായ തീവ്രവാദ ആക്രമണങ്ങളുടെ സാദ്ധ്യത എല്ലാ രാജ്യങ്ങളും നേരിടുന്ന ഗുരുതരമായ ഭീഷണിയാണ്. പൊതുജനാരോഗ്യ മേഖലയിൽ അന്താരാഷ്ട്രസഹകരണം ഉറപ്പാക്കുന്നതിലൂടെ ഇത്തരം ഭീകരതയെ പരാജയപ്പെടുത്താനാകും.

## ആഗോള വാണിജ്യ-വ്യാപാരവും ഏകാരോഗ്യവും

അന്താരാഷ്ട്ര ഗതാഗതസൗകര്യങ്ങളുടെ ലഭ്യത അതിർത്തി കടന്നുള്ള വ്യാപാരത്തെയും വാണിജ്യത്തെയും കൂടുതൽ സഹായിച്ചു. ആരോഗ്യമേഖലയിലും ഇതിന്റെ പ്രതിഫലനങ്ങൾ ഉണ്ടായി. മെച്ചപ്പെട്ട ചികിത്സയും മരുന്നുകളുടെ ലഭ്യതയും വർദ്ധിച്ചിട്ടുണ്ടെങ്കിലും രോഗാണുക്കൾ രോഗാണുവാഹകരിലൂടെ അതിരുകൾ കടക്കുന്നത് തുടരുന്നു. ഇത് രോഗങ്ങളുടെ ദ്രുതഗതിയിലുള്ള വ്യാപനത്തിന് സഹായകമാകുന്നു. വ്യാപാര വാണിജ്യരംഗങ്ങളിൽ രാജ്യങ്ങൾ തമ്മിലുള്ള സഹകരണവും അന്താരാഷ്ട്ര യാത്രാ സുരക്ഷയും ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമാണ്.

## ജന്തുജന്യരോഗങ്ങൾ

മനുഷ്യരിൽ നിന്ന് പക്ഷിമൃഗാദികളിലേക്കോ പക്ഷിമൃഗാദികളിൽ നിന്ന് മനുഷ്യരിലേക്കോ പടരുന്ന രോഗങ്ങളാണ് സൂണോട്ടിക് രോഗങ്ങൾ. റാബീസ്, പക്ഷിപ്പനി, ക്യാസനൂർ ഫോറസ്റ്റ് ഡിസീസ് (കുരങ്ങുപനി), ഹാന്റാ വൈറസ്, പന്നിപ്പനി എന്നിവ ഉദാഹരണങ്ങളാണ്. ജന്തുജന്യരോഗങ്ങളെ നേരിടാൻ ഫലപ്രദമായ നിരീക്ഷണം, ഏകോപനം, രോഗനിർമ്മാർജ്ജന സംവിധാനം എന്നിവ നാം നടപ്പിലാക്കണം. ദൈനംദിനജീവിതത്തിൽ നാം കാണുന്ന നിരവധി പ്രാണികൾ മാരകമായ രോഗങ്ങൾക്ക് കാരണമാകുന്ന രോഗകാരികളുടെ വാഹകരാണ്. മൃഗാരോഗ്യ മേഖലയിലെ വിദഗ്ദ്ധരും

മനുഷ്യാരോഗ്യ വിദഗ്ദ്ധരും സമഗ്രമായ ആരോഗ്യ പരിപാലനത്തിൽ ശ്രദ്ധകേന്ദ്രീകരിച്ച് ഒരുമിച്ച് പ്രവർത്തിക്കുന്നത് ഈ വിപത്തിനെ പരാജയപ്പെടുത്തുന്നതിൽ സഹായകമാകും.

## ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (AMR)

ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് ആരോഗ്യരംഗം നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ്. അനാവശ്യമായ മരുന്ന് ഉപയോഗം, മരുന്നുകളുടെ ശരിയായ രീതിയിലല്ലാത്ത ഉപയോഗം, ബാക്കിവരുന്ന മരുന്നുകളുടെ നിർമ്മാർജ്ജന രീതിയിലെ അപര്യാപ്തത എന്നിവ ഈ പ്രശ്നം രൂക്ഷമാക്കുന്നു. നിരന്തരമായ ബോധവത്ക്കരണത്തിലൂടെയും ഇടപെടലുകളുടെയും മാത്രമേ ഇതിനെ നേരിടാനാകൂ.

## കാലാവസ്ഥാ വ്യതിയാനം

അന്തരീക്ഷ താപനിലയിലും കാലാവസ്ഥാഘടകങ്ങളിലും ദീർഘകാല മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കാലാവസ്ഥാവ്യതിയാനം പരിശോധിച്ചാൽ, അന്തരീക്ഷത്തിലെ താപനില ഉയരുകയാണെന്ന് നമുക്ക് പറയാൻ കഴിയും. വരും വർഷങ്ങളിൽ ഇത് കാര്യമായ സ്വാധീനം ഭൂമിയിൽ ചെലുത്തും. രോഗചികിത്സാ മേഖലയിലും ഈ സ്വാധീനം വ്യക്തമാകും. ഉഷ്ണതരംഗങ്ങൾ, വെള്ളപ്പൊക്കം, മനുഷ്യരെയും പക്ഷിമൃഗാദികളെയും ബാധിക്കുന്ന രോഗങ്ങൾ എന്നിവയ്ക്ക് കാരണമാകുന്നതിനു പുറമെ ഇത് ഭക്ഷ്യസുരക്ഷയ്ക്കും വെല്ലുവിളിയുയർത്താം.

## ജൈവവൈവിധ്യവും ഏകാരോഗ്യവും

വൈവിധ്യമാർന്ന ജീവജാലങ്ങളാൽ സമ്പന്നമാണ് കേരളം. ഈ ജൈവ വൈവിധ്യത്തിലൂടെയാണ് നമ്മുടെ അതിജീവനം സുഗമമാകുന്നത്. ആവാസവ്യവസ്ഥ നശിച്ചതോടെ ജീവജാലങ്ങളും മനുഷ്യനും തമ്മിലുള്ള സമ്പർക്കത്തിന്റെ തോത് വർദ്ധിച്ചതോടൊപ്പം ഭക്ഷ്യശൃംഖലയിലും അപകടകരമായ മാറ്റങ്ങൾ ഉണ്ടായി. ഈ അപകടകരമായ സാഹചര്യത്തിൽ നിന്ന് രക്ഷപ്പെടുന്നതിന് ജൈവവൈവിധ്യത്തിന്റെയും ആവാസവ്യവസ്ഥയുടെയും സംരക്ഷണം അനിവാര്യമാണ്.

## വന്യജീവി സംരക്ഷണം

വന്യജീവികളുടെ ആരോഗ്യത്തെയും അവ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളെയും തിരിച്ചറിയുകയും അഭിസംബോധന ചെയ്യുകയും ചെയ്യുന്ന സമഗ്രമായ സമീപനമാണ് ഏകാരോഗ്യം. വന്യജീവികൾക്ക് അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥകൾ സംരക്ഷിച്ച് ആരോഗ്യകരമായ ജീവിതം നൽകാം. വനങ്ങൾ കേവലം മരങ്ങളുടെ ശേഖരം മാത്രമല്ലെന്നും അവ സമൂഹത്തിൽ കാര്യമായ സ്വാധീനം ചെലുത്തുന്നുവെന്നും മനസ്സിലാക്കുന്നത് ഏകാരോഗ്യ സമീപനത്തിന് അടിസ്ഥാനമിടുന്നു.

## ഏകാരോഗ്യം

ഏകാരോഗ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിലൂടെ, മനുഷ്യർ, പക്ഷിമൃഗാദികൾ, അവ ജീവിക്കുന്ന പരിസ്ഥിതി എന്നിവയുമായി ബന്ധപ്പെട്ട എന്തും പരിഹരിക്കാൻ കഴിയും.

ദുരന്തങ്ങൾ നേരിടുക എന്നതിനേക്കാളുപരി ദുരന്തങ്ങൾ ഒഴിവാക്കുന്നതിനുള്ള നടപടികളിലാണ് ശ്രദ്ധ കൊടുക്കേണ്ടത്

## ഏകാരോഗ്യം

| പരിസ്ഥിതി | ആവാസ വ്യവസ്ഥ | മൃഗ ചികിത്സ | പൊതുജനാ രോഗ്യം | വൈദ്യശാ സ്ത്രം | സൂക്ഷ്മാണു ശാസ്ത്രം | ആരോഗ്യ സാമ്പത്തിക ശാസ്ത്രം |
|---|---|---|---|---|---|---|

മനുഷ്യരുടെ ആരോഗ്യം ⟷ മറ്റു ജീവികളുടെ ആരോഗ്യം ⟷ പരിസ്ഥിതിയുടെ ആരോഗ്യം



മനുഷ്യന്റെ ആരോഗ്യ സംരക്ഷണം

- പ്രതിരോധ കുത്തിവയ്പ്പ്
- പകർച്ചവ്യാധി പ്രതിരോധം
- വ്യക്തിശുചിത്വം
- ആരോഗ്യ ബോധവത്കരണം
- ഭക്ഷ്യസുരക്ഷ
- രോഗനിർണ്ണയം
- ചികിത്സ
- മരുന്നുകൾ



പക്ഷി മൃഗാദികളുടെ ആരോഗ്യ സംരക്ഷണം

- പ്രതിരോധ കുത്തിവയ്പ്പ്
- നല്ല ഭക്ഷണം
- ശുചിത്വം
- മാലിന്യ സംസ്ക്കരണം
- ശാസ്ത്രീയമായ മരുന്നുപയോഗം



പരിസ്ഥിതിയുടെ ആരോഗ്യ സംരക്ഷണം

- പരിസ്ഥിതി മലിനീകരണം തടയൽ
- മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ
- പ്രകൃതി ദുരന്തങ്ങളുടെ പ്രതിരോധം
- ആഗോളതാപനം തടയൽ

# അദ്ധ്യായം 3

# ജന്തുജന്യ രോഗങ്ങൾ

നട്ടെല്ലുള്ള മറ്റ് ജീവികളിൽ നിന്ന് മനുഷ്യരിലേക്കും തിരിച്ചും പകരുന്ന ഏതെങ്കിലും രോഗമോ അണുബാധയോ ആണ് ജന്തുജന്യ രോഗങ്ങൾ അഥവാ സൂണോസിസ്. പക്ഷിമൃഗാദികളുമായി നിരന്തരം ഇടപഴകുന്നതാണ് ജന്തുജന്യരോഗങ്ങൾ മനുഷ്യരിലേക്ക് പകരുന്നതിനുള്ള പ്രധാന കാരണം. രോഗബാധിതരായ പക്ഷിമൃഗാദികൾ, അവയുടെ ചുറ്റുപാടുകൾ, അറവുശാലകൾ എന്നിവയിലൂടെ ഈ രോഗങ്ങൾ പകരാം. ജന്തുജന്യ രോഗങ്ങളുടെ വർദ്ധനവിനും വ്യാപനത്തിനും കാരണമാകുന്ന പ്രധാന ഘടകങ്ങൾ ഇനിപ്പറയുന്നവയാണ്:

- വനനശീകരണം
- മനുഷ്യനിർമ്മിത പാരിസ്ഥിതിക പ്രശ്നങ്ങൾ
- ജനസംഖ്യാ വിസ്ഫോടനം
- വൃത്തിഹീനമായ സാഹചര്യങ്ങൾ
- ഭക്ഷണശീലങ്ങളിലെ മാറ്റം
- മൃഗങ്ങളുടെ വ്യാപാരത്തിലെ വർദ്ധനവ്
- അശാസ്ത്രീയവും അപര്യാപ്തവുമായ മാലിന്യനിർമ്മാർജ്ജനം
- അലഞ്ഞുതിരിയുന്ന മൃഗങ്ങളുടെ എണ്ണത്തിലെ വർദ്ധനവ്
- പ്രകൃതി ദുരന്തങ്ങൾ
- ആഗോളതാപനം
- കാലാവസ്ഥാവ്യതിയാനം
- കുടിയേറ്റം, തുടങ്ങിയവ

### ജന്തുജന്യ രോഗങ്ങളുടെ വ്യാപനവും സ്വാധീനവും

മനുഷ്യരും പക്ഷിമൃഗാദികളും തമ്മിലുള്ള നിരന്തരമായ സമ്പർക്കം പൊതുജനാരോഗ്യത്തിന് ഭീഷണിയാണ്. പക്ഷിമൃഗാദികളുമായി പ്രത്യക്ഷമായും പരോക്ഷമായുമുള്ള സമ്പർക്കത്തിലൂടെ ജന്തുജന്യ രോഗങ്ങൾ പകരാം. ഭക്ഷണം, മൃഗങ്ങളുടെ അവശിഷ്ടങ്ങൾ അല്ലെങ്കിൽ സ്രവങ്ങൾ എന്നിവയിലൂടെ രോഗങ്ങൾ പകരാം. വ്യക്തികളുടെ തൊഴിൽ, ഏതു തരം മൃഗങ്ങളെയാണ് അവർ കൈകാര്യം ചെയ്യുന്നത്, ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ എന്നിവയെ ആശ്രയിച്ച് രോഗം പകരുന്നതിന്റെ രീതികൾ വ്യത്യാസപ്പെട്ടിരിക്കുന്നു.

രോഗങ്ങൾ പകരുന്നതിനുള്ള ചില മാർഗ്ഗങ്ങൾ താഴെക്കൊടുത്തിരിക്കുന്നു.

1. സമ്പർക്കം വഴി
2. വായുവിലൂടെ
3. മലിനമായ മണ്ണുമായി സമ്പർക്കം പുലർത്തുന്നതിലൂടെ
4. മൃഗങ്ങൾ കടിക്കുമ്പോഴും മാന്തുമ്പോഴും ഉണ്ടാകുന്ന പരിക്കുകളിലൂടെ
5. അണുവാഹകരാകാൻ സാദ്ധ്യതയുള്ള വസ്തുക്കളിലൂടെ
6. രോഗവാഹകരായ പ്രാണികളിലൂടെ

ജന്തുജന്യ രോഗങ്ങൾ പലപ്പോഴും ആഗോള സമ്പദ് വ്യവസ്ഥയിൽ കാര്യമായ സ്വാധീനം ചെലുത്തുന്നുണ്ട്. പ്രാദേശിക കാർഷിക വിപണികൾ മുതൽ അന്താരാഷ്ട്ര വ്യാപാര കരാറുകൾ വരെ എല്ലാത്തിനെയും ഇത് ദോഷകരമായി ബാധിച്ചേക്കാം. മേൽപ്പറഞ്ഞ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ സ്വന്തം രക്ഷയ്ക്കായി ഉചിതമായ സംരക്ഷണ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**തൊഴിൽ സംബന്ധമായി പകരാൻ സാദ്ധ്യതയുള്ള ജന്തുജന്യരോഗങ്ങൾ**

| മേഖല | ബാധിക്കപ്പെടുന്നവർ | അണുബാധക്ക് ഉദാഹരണങ്ങൾ |
|---|---|---|
| **കൃഷി** | കർഷകർ<br>മൃഗപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ<br>ഫാമിൽ ജോലി ചെയ്യുന്നവർ<br>മൃഗ ഡോക്ടർമാർ<br>ഇവരുടെയൊക്കെ കുടുംബാംഗങ്ങൾ | എലിപ്പനി<br>ജാപ്പനീസ് എൻസഫലൈറ്റിസ്<br>ആന്ത്രാക്സ്<br>ക്ഷയം |
| **മൃഗ ഉത്പന്നങ്ങൾ** | കശാപ്പുകാർ<br>അറവുശാല തൊഴിലാളികൾ<br>മാംസം, മുട്ട, പാൽ കൈകാര്യം ചെയ്യുന്നവർ<br>മൃഗരോമ ഉത്പന്ന നിർമ്മാതാക്കൾ<br>മൃഗമാലിന്യം സംസ്ക്കരിക്കുന്നവർ<br>ചത്ത മൃഗങ്ങളെ കൈകാര്യം ചെയ്യുന്നവർ | ബ്രൂസല്ലോസിസ്<br>എലിപ്പനി<br>പ്ലേഗ് |
| **കാടിനെ ആശ്രയിക്കുന്നവർ** | കാടുമായി ബന്ധപ്പെട്ട ജോലി ചെയ്യുന്നവരും<br>കാടിനടുത്തു താമസിക്കുന്നവരും | കുരങ്ങുപനി<br>നിപ്പ വൈറസ് |
| **വിനോദം** | വളർത്തു മൃഗങ്ങളുമായി ഇടപഴകുന്നവർ<br>കച്ചവടക്കാർ<br>മൃഗശാല ജീവനക്കാർ<br>മൃഗപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർ | പേവിഷബാധ<br>എലിപ്പനി |
| **ചികിത്സാലയം** | ആരോഗ്യ പ്രവർത്തകർ<br>മൃഗ ഡോക്ടർമാർ<br>ശാസ്ത്രജ്ഞർ<br>ലാബ് ജീവനക്കാർ<br>പൊതുജനാരോഗ്യ പ്രവർത്തകർ | ക്ഷയം<br>എലിപ്പനി<br>പ്ലേഗ് |

## നിപ്പ വൈറസ് ബാധ

മലേഷ്യയിലെ പന്നി വളർത്തുകാർക്കിടയിലെ രോഗവ്യാപനത്തെ തുടർന്നാണ് 1999-ൽ നിപ വൈറസ് ആദ്യമായി കണ്ടെത്തിയത്. വ്യാവസായികാടിസ്ഥാനത്തിലുള്ള പന്നി വളർത്തലിന്റെ വളർച്ച മലേഷ്യയിൽ ഗണ്യമായ വനനശീകരണത്തിന് കാരണമായി. വവ്വാലുകളുടെ കടിയേറ്റ പഴങ്ങൾ പന്നികൾ കഴിച്ചതുമൂലം നിപ വൈറസ് ബാധയുണ്ടായി. നിപ വൈറസ് ഒരു സൂണോട്ടിക് വൈറസാണ്. മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്കോ മനുഷ്യനിൽ നിന്ന് മനുഷ്യനിലേയ്ക്കോ ഈ അസുഖം പകരാം. രോഗബാധിതരിൽ, രോഗലക്ഷണങ്ങൾ കാണിക്കാത്ത അണുബാധ മുതൽ കഠിനമായ ശ്വാസകോശ അണുബാധ, അക്യൂട്ട് എൻസെഫലൈറ്റിസ് എന്നിവവരെയുള്ള നിരവധി രോഗങ്ങൾക്ക് ഇത് കാരണമാകുന്നു. പനി, തലവേദന, മയാൾജിയ (പേശി വേദന), ഛർദ്ദി, തൊണ്ടവേദന തുടങ്ങിയ രോഗലക്ഷണങ്ങൾ രോഗബാധിതരായ ആളുകളിൽ തുടക്കത്തിൽ പ്രത്യക്ഷപ്പെടുന്നു. ഇതിനെത്തുടർന്ന് തലകറക്കം, മയക്കം, ഇടവിട്ടുള്ള ബോധക്ഷയം, അക്യൂട്ട് എൻസെഫലൈറ്റിസ് സൂചിപ്പിക്കുന്ന ന്യൂറോളജിക്കൽ ലക്ഷണങ്ങൾ എന്നിവ ഉണ്ടാകാം. ചില ആളുകൾക്ക് പ്രത്യേകതരം ന്യൂമോണിയയും കടുത്ത ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങളും അനുഭവപ്പെടാം. തുടർന്ന് 24 മുതൽ 48 മണിക്കൂറിനുള്ളിൽ രോഗി അബോധാവസ്ഥയിലാകുന്നു. കേരളത്തിൽ ഇതുവരെ നാല് നിപ വൈറസ് ബാധകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള വവ്വാലുകളിൽ നിപ വൈറസ് ബാധ കണ്ടെത്തിയിട്ടുണ്ട്. ഇത് സംസ്ഥാനത്തിന് വലിയ ഭീഷണിയാണ് ഉയർത്തുന്നത്. ഈ വൈറസിന് പ്രതിരോധ വാക്സിൻ നിലവിലില്ല.

## പക്ഷിപ്പനി

പക്ഷികളിൽ പടരുന്ന ഒരു വൈറൽ രോഗമാണ് ഏവിയൻ ഇൻഫ്ലുവൻസ അഥവാ പക്ഷിപ്പനി. അവ സാധാരണയായി മനുഷ്യരിലേക്ക് പകരില്ല. എങ്കിലും അങ്ങനെ സംഭവിക്കാനുള്ള സാദ്ധ്യത തള്ളിക്കളയാനാകില്ല. മറ്റ് മൃഗജന്യ രോഗങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ പക്ഷിപ്പനി മനുഷ്യരിൽ അത്യപൂർവമാണ്. രോഗം ബാധിച്ച പക്ഷികളുടെ മൂക്ക്, വായ, കണ്ണുകൾ എന്നിവയിൽ നിന്നുള്ള സ്രവങ്ങളിലും അവയുടെ കാഷ്ഠത്തിലും വൈറസ് കാണപ്പെടുന്നു. അറക്കുമ്പോഴോ തൂവൽ പറിക്കുമ്പോഴോ രോഗബാധിതരായ വളർത്തു പക്ഷികളുമായുള്ള നേരിട്ടുള്ള സമ്പർക്കത്തിലൂടെയോ പക്ഷിപ്പനി വൈറസുകളാൽ മലിനമായ പ്രതലങ്ങളുമായുള്ള സുരക്ഷിതമല്ലാത്ത സമ്പർക്കത്തിലൂടെയോ ആണ് പക്ഷിപ്പനി വൈറസുകൾ മിക്കപ്പോഴും മനുഷ്യരിലേക്ക് എത്തിച്ചേരുന്നത്. എന്നിരുന്നാലും, രോഗബാധിതരായ പക്ഷികളുമായോ അവയുടെ ചുറ്റുപാടുകളുമായോ നേരിട്ട് സമ്പർക്കം പുലർത്തിയിട്ടില്ലാത്ത ചില അണുബാധകൾ തിരിച്ചറിയപ്പെട്ടിട്ടുണ്ട്.

പക്ഷിപ്പനി എങ്ങനെ കൈകാര്യം ചെയ്യാമെന്ന് നോക്കാം. ദേശാടനപ്പക്ഷികളുമായോ മറ്റ് പക്ഷികളുമായോ വളർത്തുപക്ഷികൾ ഇടപഴകാൻ അനുവദിക്കരുത്. ദേശാടനപ്പക്ഷികൾക്ക് പ്രിയപ്പെട്ട നനവുള്ള സ്ഥലങ്ങളുമായി ഇടപഴകാൻ വളർത്തുപക്ഷികളെ അനുവദിക്കരുത്. പക്ഷികൾക്ക് വളരാനുള്ള വൃത്തിയുള്ള അന്തരീക്ഷം നിലനിർത്തുകയും ഡോക്ടറുടെ നിർദ്ദേശപ്രകാരം പ്രദേശം അണുവിമുക്തമാക്കുകയും ചെയ്യേണ്ടതാണ്. പക്ഷികളുമായി അടുത്തിടപഴകുന്നവർ വേണ്ട മുൻകരുതലുകൾ എടുക്കുകയും സോപ്പും വെള്ളവും ഉപയോഗിച്ച് കൈകാലുകൾ പതിവായി കഴുകുകയും വേണം. മനുഷ്യരിലേക്ക് പകരാനുള്ള സാദ്ധ്യതയില്ലെങ്കിൽക്കൂടിയും കേരളത്തിലെ താറാവുവളർത്തൽ മേഖലയിൽ ഈ രോഗത്തിന്റെ വ്യാപനം കാതലായ പൊതുജനാരോഗ്യ പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്.

## കുരങ്ങുപനി (Kyasanur Forest Disease - KFD)

1957-ൽ കർണാടക സംസ്ഥാനത്തെ ക്യാസനൂർ വനത്തിലെ രോഗബാധിതനായ ഒരു കുരങ്ങിലാണ് കുരങ്ങുപനി ആദ്യമായി തിരിച്ചറിഞ്ഞത്. ചെള്ളുകടിയേൽക്കുന്നത് മൂലമോ, രോഗബാധിതനായ മൃഗവുമായുള്ള (രോഗിയായ, അല്ലെങ്കിൽ അടുത്തിടെ രോഗം വന്ന് ചത്ത കുരങ്ങ്) സമ്പർക്കത്തിലൂടെയോ ഇത് മനുഷ്യരിലേക്ക് പകരാം. KFD-യ്ക്ക് ഒരു വാക്സിൻ നിലവിലുണ്ട്; രോഗസാദ്ധ്യതയുള്ള പ്രദേശങ്ങളിൽ (endemic areas) ഉപയോഗിക്കപ്പെടുന്നുണ്ട്. കീടങ്ങളെ അകറ്റുന്നതിനുള്ള മരുന്നുകൾ ഉപയോഗിക്കുന്നതും ചെള്ളുകൾ ധാരാളമായി കാണപ്പെടുന്ന സ്ഥലങ്ങളിൽ അവയുടെ കടിയേൽക്കാത്ത വിധത്തിലുള്ള വസ്ത്രങ്ങൾ ധരിക്കുന്നതുമാണ് പ്രധാനമായ പ്രതിരോധ മാർഗ്ഗങ്ങൾ.

## പേവിഷബാധ

150 രാജ്യങ്ങളിലായി പ്രതിവർഷം 59,000 മരണങ്ങൾക്ക് പേവിഷബാധ കാരണമാകുന്നതായി ലോകാരോഗ്യ സംഘടനയുടെ കണക്കുകൾ സൂചിപ്പിക്കുന്നു. ഈ മരണങ്ങളിൽ 35% ഇന്ത്യയിലാണെന്നത് ഇവിടുത്തെ പൊതുജനാരോഗ്യരംഗത്തെ ഭയപ്പെടുത്തുന്ന ഒന്നാണ്. കേരള സംസ്ഥാനത്തിന്റെ സ്ഥിതിവിവരക്കണക്കുകളും കാണിക്കുന്നത് റാബീസ് വൈറസ് വളരെ അപകടകരമായി ഇവിടെ വ്യാപിക്കുന്നുവെന്നാണ്. നായയുടെ കടിയേൽക്കുന്നതിലൂടെയാണ് മനുഷ്യനിലേക്ക് പകരുന്ന പേവിഷബാധയുടെ 99 ശതമാനവും സംഭവിക്കുന്നത്. കേന്ദ്ര നാഡീവ്യൂഹത്തെ ബാധിക്കുന്ന, എന്നാൽ വാക്സിൻ മുഖേന തടയാവുന്ന ഒരു സൂണോട്ടിക് വൈറൽ രോഗമാണ് റാബീസ്. ക്ലിനിക്കൽ ലക്ഷണങ്ങൾ കണ്ടുകഴിഞ്ഞാൽ, 100% മാരകമാണ് റാബീസ്.

നായ്ക്കുട്ടികൾ ഉൾപ്പെടെയുള്ളവക്ക് വാക്സിനേഷൻ നൽകുന്നത് ആളുകളിലേക്ക് പേവിഷബാധ പകരുന്നത് തടയുന്നതിനുള്ള ഏറ്റവും ചെലവുകുറഞ്ഞ മാർഗ്ഗമാണ്. വാക്സിൻ റാബീസ് വൈറസിനെ അതിന്റെ ഉറവിടത്തിൽ നിന്ന് മറ്റിടങ്ങളിലേക്ക് പകരുന്നത് തടയുന്നു. കടിയേറ്റതിന് ശേഷമോ അല്ലെങ്കിൽ പേവിഷബാധയ്ക്ക് മുമ്പോ രോഗത്തെ ഫലപ്രദമായി പ്രതിരോധിക്കാൻ ശേഷിയുള്ള വാക്സിനുകൾ ലഭ്യമാണ്. ഉയർന്ന അപകടസാദ്ധ്യതയുള്ള ചില തൊഴിലുകളിൽ ഏർപ്പെടുന്നവർക്കും (പേവിഷബാധയും പേവിഷബാധയുമായി ബന്ധപ്പെട്ട വൈറസുകളും കൈകാര്യം ചെയ്യുന്ന ലബോറട്ടറി തൊഴിലാളികൾ പോലുള്ളവർ), വവ്വാലുകളുമായോ മറ്റ് സസ്തനികളുമായോ നേരിട്ട് സമ്പർക്കം പുലർത്തുന്ന പ്രൊഫഷണൽ അല്ലെങ്കിൽ വ്യക്തിഗത പ്രവർത്തനങ്ങൾ നടത്തുന്ന ആളുകൾക്കും (മൃഗരോഗ നിയന്ത്രണ ജീവനക്കാർ, വനപാലകർ തുടങ്ങിയവർ) പ്രീ-എക്സ്പോഷർ പ്രോഫിലാക്സിസ് (PEP) ശുപാർശ ചെയ്യപ്പെടുന്നു. നിലവിലെ സ്ഥിതി വിവരക്കണക്കുകൾ സൂചിപ്പിക്കുന്നത് കേരളത്തിലെ തെരുവുനായ്ക്കളുടെ എണ്ണം ഭയാനകമാം വിധം വർദ്ധിച്ചുവരികയാണെന്നാണ്. പേവിഷബാധ മനുഷ്യരിലേക്ക് പടരാനുള്ള പ്രധാന കാരണങ്ങളിലൊന്നാണിത്. തെരുവ്നായ്ക്കളെ കൊല്ലുകയല്ല, മറിച്ച് ശാസ്ത്രീയമായ നിയന്ത്രണ മാർഗങ്ങൾ പ്രയോഗിക്കുക എന്നതാണ് ഈ പ്രശ്നത്തിന് പരിഹാരം.

## എലിപ്പനി

മനുഷ്യരെയും മൃഗങ്ങളെയും ബാധിക്കുന്ന ലെപ്റ്റോസ്പൈറ ഗണത്തിൽപ്പെട്ട ഒരുതരം ബാക്ടീരിയ മൂലമുണ്ടാകുന്ന രോഗമാണ് എലിപ്പനി. മലിനമായതും രോഗാണുക്കൾ കലർന്നതുമായ വെള്ളത്തിൽ ചവിട്ടുമ്പോഴോ മറ്റേതെങ്കിലും തരത്തിൽ സമ്പർക്കത്തിൽ വരുമ്പോഴോ മുറിവുകളിലൂടെ ബാക്ടീരിയ ശരീരത്തിൽ പ്രവേശിക്കുകയും

അണുബാധയുണ്ടാവുകയും ചെയ്യുന്നു. നായ്ക്കൾ, പശുക്കൾ തുടങ്ങിയ വളർത്തുമൃഗങ്ങൾ, എലികൾ, വന്യമൃഗങ്ങൾ എന്നിവയുടെ മൂത്രത്തിലൂടെ ഈ രോഗം പകരാം. മൃഗങ്ങൾക്കുള്ള എലിപ്പനി പ്രതിരോധ കുത്തിവയ്പ്പുകൾ ഇന്ന് ലഭ്യമാണ്.

## ആന്ത്രാക്സ്

ബാസിലസ് ബാക്ടീരിയ മൂലമുണ്ടാകുന്ന ഒരു ജന്തുജന്യ രോഗമാണ് ആന്ത്രാക്സ്. വളരെക്കാലം മണ്ണിൽ നിലനിൽക്കാൻ കഴിയുന്ന ബീജകോശങ്ങളായി (spore) മാറാൻ കഴിവുള്ള ഈ ബാക്ടീരിയ, അത്തരം ബീജകോശങ്ങൾ ശ്വസിക്കുകയോ കഴിക്കുകയോ ചെയ്യുന്ന മൃഗങ്ങളിലേക്ക് എത്തിപ്പെടുകയും രോഗബാധയ്ക്ക് കാരണമാവുകയും ചെയ്യുന്നു. രോഗബാധിതരായ പശുക്കളുടെയോ മറ്റ് മൃഗങ്ങളുടെയോ രക്തം, മറ്റ് ശരീര സ്രവങ്ങൾ, മൂക്കിലേയോ വായിലേയോ സ്രവങ്ങൾ തുടങ്ങിയവ പരിശോധിക്കുന്നതിലൂടെ രോഗബാധ തിരിച്ചറിയാവുന്നതാണ്. രോഗികളായ മൃഗങ്ങളെ കൈകാര്യം ചെയ്യുന്നതിലൂടെ ഈ രോഗം മനുഷ്യരിലേക്ക് പകരാം. കൂടാതെ രോഗാണു കലർന്ന വെള്ളം, സ്രവങ്ങൾ മുതലായവയുമായുള്ള സമ്പർക്കത്താലോ ബീജകോശം ശ്വസിക്കുന്നതിലൂടെയോ രോഗം പടരുന്നു. മൃഗത്തിന്റെ ശരീരത്തിൽ നിന്ന് പുറത്തുവരുന്ന ബാക്ടീരിയ മണ്ണിൽ വളരെക്കാലം നിലനിൽക്കാനിടയുള്ളതിനാൽ, രോഗബാധയേറ്റ മൃഗം ചത്താൽ അതിനെ ശരിയായ വിധത്തിൽ മൂടുകയും ആരോഗ്യ വകുപ്പിന്റെ നിർദ്ദേശങ്ങൾക്കനുസൃതമായി സുരക്ഷാ മുൻകരുതലുകൾ കർശനമായി പാലിക്കുകയും ചെയ്യേണ്ടതാണ്.

## ക്ഷയരോഗം

മൈക്കോബാക്ടീരിയം ട്യൂബർക്കുലോസിസ് എന്ന സൂക്ഷ്മാണുവാണ് സാധാരണയായി മനുഷ്യരിൽ ക്ഷയരോഗത്തിന് കാരണമാകുന്നത്. മനുഷ്യരിൽ നിന്നും സമ്പർക്കത്തിലൂടെ രോഗാണുബാധയേൽക്കുന്ന മൃഗങ്ങളും രോഗവ്യാപനത്തിന് കാരണമാകുന്നുണ്ട്. ഈ അസുഖം ആനകളെയും മറ്റു മൃഗങ്ങളേയും ബാധിക്കാനിടയുണ്ട്. രോഗബാധിതരായ കന്നുകാലികളുടെ മാംസം കഴിക്കുകയോ അസംസ്കൃത പാലും പാലുൽപ്പന്നങ്ങളും കഴിക്കുകയോ ചെയ്യുന്നതിലൂടെ മൈക്കോബാക്ടീരിയം ബോവിസ് ബാക്ടീരിയ മനുഷ്യരിലേക്ക് വ്യാപിക്കുകയും ക്ഷയരോഗത്തിന് കാരണമാവുകയും ചെയ്യും.

## ബ്രൂസെല്ലോസിസ്

ബാക്ടീരിയയാണ് ബ്രൂസെല്ലോസിസിന്റെ പ്രധാന കാരണം. കന്നുകാലികൾ, ആട്, ചെമ്മരിയാടുകൾ, പന്നികൾ, നായ്ക്കൾ എന്നിവയാണ് ഈ രോഗത്തിന്റെ ഏറ്റവും സാധാരണമായ ആതിഥേയർ. നന്നായി തിളപ്പിച്ച പാലും ശരിയായി പാകം ചെയ്ത മാംസവും ഉപയോഗിക്കുന്നതിലൂടെ അണുബാധ തടയാനാകും. മൃഗങ്ങളുമായി നിരന്തര സമ്പർക്കം പുലർത്തുന്ന വ്യക്തികൾ സുരക്ഷാ ഉപകരണങ്ങൾ ധരിക്കണം. ഗർഭധാരണ സമയത്തോ അതിനു മുമ്പോ അണുബാധയേൽക്കുന്നത് അസുഖബാധയ്ക്കും ഗർഭച്ഛിദ്രത്തിനും ഇടയാക്കുന്നു.

## ടോക്സോപ്ലാസ്മോസിസ്

പ്രധാനമായും പൂച്ചയുടെ വിസർജ്ജ്യത്തിൽ കാണപ്പെടുന്ന പ്രോട്ടോസോവയാണ് രോഗകാരി. ഭക്ഷണത്തിലൂടെയോ രോഗബാധിതരായ മൃഗങ്ങളുമായുള്ള നിരന്തര

സമ്പർക്കത്തിലൂടെയോ ആണ് മനുഷ്യരിലേക്ക് പകരുന്നത്. ഈ രോഗങ്ങൾ പലപ്പോഴും മനുഷ്യരിൽ കാര്യമായ പ്രശ്നങ്ങൾ സൃഷ്ടിക്കാറില്ലെങ്കിലും, ദുർബലമായ പ്രതിരോധശേഷിയുള്ളവരിൽ ഇത് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകാനിടയുണ്ട്. ഗർഭധാരണ സമയത്തോ അതിനു മുമ്പോ അണുബാധയേൽക്കുന്നത് അസുഖബാധയ്ക്കും ഗർഭച്ഛിദ്രത്തിനും കാരണമാകാറുണ്ട്.

## വിരബാധകൾ

മൃഗങ്ങളുടെ വിസർജ്ജ്യത്തിലൂടെ വിരകളോ അവയുടെ മുട്ടകളോ വൃത്തിഹീനമായ ഭക്ഷണശീലങ്ങൾ പാലിക്കുന്ന മനുഷ്യരിലേക്ക് പടരുന്നു. വേവിക്കാത്തതോ പകുതി വേവിച്ചതോ ആയ പച്ചക്കറികളോ മാംസമോ കഴിക്കുന്നതിലൂടെ ജന്തുജന്യ വിരകൾ മനുഷ്യരിലേക്കെത്താം.

## പ്രാണിജന്യ രോഗങ്ങൾ

രോഗാണുവാഹകരായ പ്രാണികളിലൂടെ (വെക്ടറുകളിലൂടെ) പകരുന്ന പരാന്നഭോജികൾ, വൈറസുകൾ, ബാക്ടീരിയകൾ എന്നിവ മൂലം മനുഷ്യരിലുണ്ടാകുന്ന രോഗങ്ങളാണ് പ്രാണിജന്യ രോഗങ്ങൾ എന്ന് പൊതുവെ അറിയപ്പെടുന്നത്. മനുഷ്യർക്കിടയിലോ മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്കോ പകർച്ചവ്യാധികൾ പകർത്താൻ കഴിയുന്ന ചെറുജീവികളാണ് വെക്ടറുകൾ. ഈ വെക്ടറുകളിൽ പലതും രക്തം കുടിക്കുന്ന പ്രാണികളാണ്. അവ രോഗബാധിതനായ ഒരു ആതിഥേയനിൽ നിന്ന് (മനുഷ്യനോ മൃഗമോ) രക്തം കുടിക്കുന്ന സമയത്ത് സൂക്ഷ്മാണുക്കൾ അവയുടെ ഉള്ളിലേക്കെത്തിച്ചേരുന്നു. പിന്നീട് രോഗാണുക്കൾ വെക്ടറുകൾ വഴി പുതിയ ആതിഥേയനിലേക്കു പ്രവേശിക്കുകയും ചെയ്യുന്നു. ഒരിക്കൽ രോഗാണു വെക്ടറിലേക്കെത്തിച്ചേർന്നാൽ, ജീവിതകാലം മുഴുവനും ആ വെക്ടർ രോഗാണുക്കളെ പുതിയ ആതിഥേയരിലേക്ക് പകർത്തുന്നു. സിക്ക വൈറസ്, ഡെങ്കിപ്പനി, ചിക്കുൻഗുനിയ, മലേറിയ, വെസ്റ്റ് നൈൽ അണുബാധ എന്നിവ പ്രാണിജന്യ രോഗങ്ങൾക്ക് ഉദാഹരണങ്ങളാണ്. കൊതുകുകളാണ് ഇത്തരം രോഗങ്ങളുടെ പ്രധാന വെക്ടറുകൾ. ആഗോളതാപനം മൂലമുണ്ടാകുന്ന അന്തരീക്ഷ ഊഷ്മാവിലെ വ്യതിയാനം നിരവധി പ്രാണിജന്യ രോഗങ്ങളുടെ പുനർവിതരണത്തിന് കാരണമായിട്ടുണ്ട്. പൊതുവെ ഇത്തരം രോഗങ്ങളുടെ പ്രതിരോധം മറ്റ് ജന്തുജന്യ രോഗങ്ങളെ അപേക്ഷിച്ച് ഫലപ്രാപ്തി കുറഞ്ഞതാണ്.

### ജന്തുക്കളിൽ പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നതുമൂലം തടയാവുന്ന രോഗങ്ങൾ

| രോഗം | രോഗാണു | രോഗവാഹകർ |
|---|---|---|
| ആന്ത്രാക്സ് | ബാക്ടീരിയ | കന്നുകാലികൾ, വന്യജീവികൾ, അന്തരീക്ഷം, മണ്ണ് |
| ഇൻഫ്ലുവൻസ | വൈറസ് | പന്നി, കന്നുകാലികൾ |
| പക്ഷിപ്പനി | വൈറസ് | കോഴി, താറാവ്, ദേശാടനപ്പക്ഷികൾ |
| പേവിഷബാധ | വൈറസ് | നായ, പൂച്ച, കന്നുകാലികൾ, സസ്തനികൾ |
| ബ്രൂസല്ലോസിസ് | ബാക്ടീരിയ | പശു, ആട്, ചെമ്മരിയാട്, പന്നി, നായ |
| എലിപ്പനി | ബാക്ടീരിയ | എലി, കന്നുകാലികൾ, നായ |
| ക്ഷയം | ബാക്ടീരിയ | പശു, ആന |

### മനുഷ്യരിൽ പ്രതിരോധ കുത്തിവയ്പ്പ് എടുക്കുന്നതുമൂലം തടയാവുന്ന രോഗങ്ങൾ

| രോഗം | രോഗാണു | രോഗവാഹകർ |
|---|---|---|
| ക്ഷയം | ബാക്ടീരിയ | മനുഷ്യർ, മൃഗങ്ങൾ |
| പ്ലേഗ് | ബാക്ടീരിയ | എലികൾ, ഈച്ചകൾ |
| ആന്ത്രാക്സ് | ബാക്ടീരിയ | കന്നുകാലികൾ, വന്യജീവികൾ, അന്തരീക്ഷം, മണ്ണ് |
| കോവിഡ്-19 | വൈറസ് | മനുഷ്യർ |
| കോളറ | ബാക്ടീരിയ | മലിനജലം |
| ടൈഫസ് | ബാക്ടീരിയ | ഈച്ചകൾ, പേൻ |
| ജപ്പാൻ ജ്വരം | വൈറസ് | കൊതുക് |
| റാബീസ് | വൈറസ് | നായ, പൂച്ച, കന്നുകാലികൾ, മറ്റു സസ്തനികൾ |

# അദ്ധ്യായം 4

# ആരോഗ്യവും പരിസ്ഥിതിയും

ഏകാരോഗ്യം എന്ന ആശയം മനുഷ്യരുടെയും പക്ഷിമൃഗാദികളുടെയും ആരോഗ്യം മാത്രമല്ല, മനുഷ്യരും പക്ഷിമൃഗാദികളും പരസ്പരം പൊതുവായി ഇടപഴകുന്ന പരിസ്ഥിതിയുടെ ആരോഗ്യവും ഉറപ്പാക്കുന്നു. വർദ്ധിച്ചുവരുന്ന ജന്തുജന്യരോഗങ്ങളും പാരിസ്ഥിതിക വെല്ലുവിളികളും പുതിയ കാലഘട്ടത്തിൽ ഏകാരോഗ്യം എന്ന ആശയത്തിന്റെ പ്രസക്തി വർദ്ധിപ്പിക്കുന്നു. മൃഗങ്ങളെ ബാധിക്കുന്ന രോഗങ്ങളിലും മറ്റ് സാംക്രമിക രോഗങ്ങളിലുമുള്ള വർദ്ധനവ് കണക്കിലെടുത്ത്, ആഗോള, ദേശീയ, പ്രാദേശിക തലങ്ങളിലുള്ള പദ്ധതികളോ പരിപാടികളോ ആസൂത്രണം ചെയ്യുന്നതിൽ മനുഷ്യരുടെയും മൃഗങ്ങളുടെയും ആരോഗ്യത്തിനാണ് കൂടുതൽ പ്രാധാന്യം നൽകുന്നതെന്ന് കാണാൻ കഴിയും.

## ഏകാരോഗ്യത്തിൽ പരിസ്ഥിതിയുടെ പ്രസക്തി




ഏകാരോഗ്യം എന്ന ആശയത്തിൽ പരിസ്ഥിതിയെ വിശാലമായി നിർവ്വചിച്ചിരിക്കുന്നു, അതിൽ ഭൂമി, വായു, വെള്ളം, ഊർജ്ജം, മണ്ണ്, പരസ്പരം ഇടപഴകുന്ന വിവിധ സസ്യജന്തുജാലങ്ങൾ എന്നതുപോലെ, പ്രകൃതിദത്തവും മനുഷ്യ നിർമ്മിതവുമായ ആവാസ വ്യവസ്ഥകളും ഉൾപ്പെടുന്നു. പരിസ്ഥിതി മനുഷ്യന്റെയും മൃഗങ്ങളുടെയും ആരോഗ്യത്തെ നേരിട്ട് ബാധിക്കുന്ന ഘടകമാണ്. മനുഷ്യരിലും മൃഗങ്ങളിലും രോഗവ്യാപനത്തിലേക്ക് നയിക്കുന്ന മൂന്ന് ഘടകങ്ങളുണ്ട്. രോഗഹേതുക്കൾ, പരിസ്ഥിതി, രോഗം ബാധിക്കുന്ന ആൾ (ആതിഥേയൻ) എന്നിവയാണ്. രോഗമുണ്ടാക്കുന്ന ജീവികൾ, രോഗങ്ങൾക്ക് കാരണമാകുന്ന രാസവസ്തുക്കൾ എന്നിങ്ങനെയുള്ള ജൈവികവും അല്ലാത്തതുമായ ഘടകങ്ങളാണ് ഏജന്റുകൾ അഥവാ ഹേതുക്കൾ. അണുബാധയേറ്റ വ്യക്തിയെ രണ്ടാമത്തെ ഘടകമായ ഹോസ്റ്റ് അഥവാ ആതിഥേയൻ എന്ന് വിളിക്കുന്നു. 'ഹോസ്റ്റ്' എന്ന ഘടകം വ്യക്തിയുമായി ബന്ധപ്പെട്ടതാണ്. ശാരീരിക ഘടന, രോഗപ്രതിരോധ സംവിധാനം, ജനിതക ഘടന തുടങ്ങിയ ഘടകങ്ങൾ അതിൽ ഉൾപ്പെടുന്നു. കാലാവസ്ഥാ വ്യതിയാനം, ചൂട്, വനനശീകരണം, മണ്ണൊലിപ്പ്, വായു മലിനീകരണം, ജലമലിനീകരണം, കൃഷിയിൽ രാസവളങ്ങളുടെ അമിതമായ ഉപയോഗം, അപര്യാപ്തമായ ഭക്ഷ്യോത്പാദനം, ദാരിദ്ര്യം മുതലായവ ആഗോളതലത്തിൽ മനുഷ്യരിലും മൃഗങ്ങളിലും രോഗത്തിന് കാരണമാകുന്നതിനാൽ

പരിസ്ഥിതിയെ മൂന്നാമത്തെ ഘടകമായി കണക്കാക്കുന്നു. മൂന്ന് ഘടകങ്ങളെ, ഹേതു – ആതിഥേയൻ – പരിസ്ഥിതി, എന്നിവയെ ഒരുമിച്ച് എപ്പിഡെമിയോളജിക്കൽ ത്രയം എന്ന് വിളിക്കുന്നു.

കോളറ തടയാൻ കുടിവെള്ള ശുചീകരണം, മലേറിയ തടയാൻ പരിസര ശുചീകരണം, തെരുവ് നായ്ക്കൾ മൂലമുണ്ടാകുന്ന പേവിഷബാധ തടയാൻ പരിസ്ഥിതി മാലിന്യമുക്തമാക്കൽ എന്നിവയുടെ പ്രാധാന്യം നാം തിരിച്ചറിയുമ്പോഴാണ് ഏകാരോഗ്യത്തിൽ പരിസ്ഥിതിയുടെ പങ്ക് എത്ര വലുതാണെന്ന് വെളിപ്പെടുന്നത്.

## രോഗഹേതുക്കളായ പാരിസ്ഥിതിക ഘടകങ്ങൾ

അവികസിത രാജ്യങ്ങളിൽ ഭൂരിഭാഗം പാരിസ്ഥിതിക രോഗങ്ങളും വ്യാപകമാണ്. പാരിസ്ഥിതിക രോഗങ്ങൾക്ക് കാരണമാകുന്ന ഘടകങ്ങളെ ഭൗതിക, രാസ, ജൈവ ഘടകങ്ങൾ എന്നിങ്ങനെ തരംതിരിക്കാം. 2018-ൽ കേരളത്തിലെ വെള്ളപ്പൊക്ക സാഹചര്യവും തുടർന്ന് എലിപ്പനിയിൽ നിന്ന് രക്ഷനേടാൻ സന്നദ്ധപ്രവർത്തകർക്ക് ഡോക്സിസൈക്ലിൻ ആന്റിബയോട്ടിക്കുകൾ നൽകിയതും ഓരോ മഴക്കാലത്തിനുമുൻപും സർക്കാർ പതിവായി നടപ്പാക്കുന്ന കൊതുക് നിയന്ത്രണ നടപടികളും ഓർമ്മിച്ചാൽ, വെള്ളപ്പൊക്കം, മഴ, കാലാവസ്ഥാവ്യതിയാനം എന്നിവയെല്ലാം രോഗവ്യാപനത്തിന് കാരണമാകുന്നു എന്ന് വ്യക്തമാകും. ഈ ഘടകങ്ങൾ ഭൗതിക ഘടകങ്ങളായി കണക്കാക്കപ്പെടുന്നു. വെള്ളം, വായു, മണ്ണ്, പ്രകൃതിദത്ത ഊർജം തുടങ്ങിയ ഘടകങ്ങൾ മനുഷ്യരുടെയും പക്ഷിമൃഗാദികളുടെയും ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കും. പ്രകൃതിദത്തവും മനുഷ്യനിർമ്മിതവുമായ നിരവധി രാസവസ്തുക്കളുമായി മനുഷ്യനും മറ്റ് ജീവജാലങ്ങളും നിരന്തരം സമ്പർക്കത്തിലേർപ്പെടുന്നുണ്ട്. ഭൂമിയെയും വായുവിനെയും ജലസ്രോതസ്സുകളെയും മലിനമാക്കുന്നതിലൂടെ മനുഷ്യൻ സ്വയം ആരോഗ്യ പ്രശ്നങ്ങൾക്ക് വഴിയൊരുക്കുന്നു. കേരളത്തിന്റെ കാര്യമെടുത്താൽ, എൻഡോസൾഫാൻ ദുരന്തവും പ്ലാച്ചിമട കുടിവെള്ള പ്രശ്നവും ഇത്തരം പൊതുജനാരോഗ്യ പ്രശ്നങ്ങളുടെ ഉദാഹരണങ്ങളാണ്. പരിസ്ഥിതിയെ നശിപ്പിക്കുന്ന രാസവസ്തുക്കളുടെ പട്ടികയിൽ ഘനലോഹങ്ങൾ, അണുനാശിനികൾ, രാസ കീടനാശിനികൾ എന്നിവ ഉൾപ്പെടുന്നു.

## അന്തരീക്ഷ മലിനീകരണം

ഭൗതിക, രാസ, ജൈവ ഘടകങ്ങൾ മൂലം വായുവിന്റെ ഗുണനിലവാരത്തിലുണ്ടാകുന്ന അപചയത്തെ വായുമലിനീകരണം എന്ന് വിളിക്കുന്നു. മേൽപ്പറഞ്ഞ ഘടകങ്ങൾ പരിസ്ഥിതിയുമായി ഇടപഴകുമ്പോൾ, അന്തരീക്ഷ മലിനീകരണം ഉണ്ടാകുന്നു. ലോകബാങ്കിന്റെ 2019-ലെ കണക്ക് പ്രകാരം വീടിനകത്തും പുറത്തുമുള്ള വായു മലിനീകരണം പ്രതിവർഷം 1.7 ദശലക്ഷം മരണങ്ങൾക്ക് കാരണമാകുന്നു. വായുവിന്റെ ഗുണനിലവാരത്തിന്റെ കാര്യത്തിൽ ലോകരാജ്യങ്ങൾക്കിടയിൽ അത്ര മെച്ചപ്പെട്ട സ്ഥാനമല്ല ഇന്ത്യയ്ക്കുള്ളത്. അന്തരീക്ഷം എങ്ങനെയാണ് മലിനമാകുന്നത് എന്ന ചോദ്യത്തിന് നിരവധി

ഉത്തരങ്ങളുണ്ട്. അന്തരീക്ഷത്തിലെ കാർബൺ മോണോക്സൈഡ്, കണികാ പദാർത്ഥങ്ങൾ, നൈട്രജൻ ഡയോക്സൈഡ്, സൾഫർ ഡയോക്സൈഡ്, ഭൂതല ഓസോൺ എന്നിവയുടെ അളവ് സാധാരണ നിലയേക്കാൾ ഉയർത്തുന്ന ഏതൊരു മനുഷ്യ പ്രവർത്തനവും വായുവിന്റെ ഗുണനിലവാരത്തിന് ഭീഷണിയായി കണക്കാക്കപ്പെടുന്നു. വ്യവസായങ്ങളിൽ നിന്നും വാഹനങ്ങളിൽ നിന്നുമുള്ള പുകയാണ് അന്തരീക്ഷ മലിനീകരണത്തിന്റെ മറ്റ് പ്രധാന ഉറവിടങ്ങൾ.

## ജലമലിനീകരണം

കോളറ, ടൈഫോയ്ഡ്, അമീബിക് വയറിളക്കം തുടങ്ങിയ പകർച്ചവ്യാധികൾ മലിനജലം വഴി പടരുന്നവയാണ്. തുറസ്സായ സ്ഥലങ്ങളിലെ മലമൂത്ര വിസർജ്ജനവും ജലപാതകളിലേക്ക് മാലിന്യം തള്ളുന്നതും ജലമലിനീകരണത്തിന്റെ പ്രധാന കാരണങ്ങളാണ്.

## ഖരമാലിന്യങ്ങൾ

പ്ലാസ്റ്റിക്, ഘനലോഹങ്ങൾ തുടങ്ങിയ ഖരമാലിന്യങ്ങൾ പൊതുജനാരോഗ്യത്തിന് കാര്യമായ ഭീഷണി സൃഷ്ടിക്കുന്നു. വലിച്ചെറിയുന്ന ഇലക്ട്രോണിക് മാലിന്യങ്ങൾ മണ്ണിനെയും ജലസ്രോതസ്സുകളെയും മലിനമാക്കുന്നു. അവ കത്തിക്കുന്നത് വായു മലിനീകരണത്തിനും കാൻസർ പോലുള്ള വലിയ രോഗങ്ങൾക്കും കാരണമാകുന്നു. ഇത്തരം മാലിന്യങ്ങളിൽ കെട്ടിക്കിടക്കുന്ന വെള്ളം എലികളുടെയും പ്രാണികളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിനും അവ പരത്തുന്ന നിരവധി രോഗങ്ങൾ പടരുന്നതിനും ഇടയാക്കുന്നു.

മനുഷ്യരുടെയും പക്ഷിമൃഗാദികളുടെയും ആരോഗ്യത്തിലാണ് നിലവിലുള്ള ഏകാരോഗ്യ സംരംഭങ്ങളുടെ ശ്രദ്ധ. അതിനാൽ, സമഗ്രമായ ഏകാരോഗ്യത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പരിസ്ഥിതി സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ കൂടി കേരളത്തിലെ ഏകാരോഗ്യ പരിപാടിയിൽ ഉൾച്ചേർക്കുന്നതാണ്.

# അദ്ധ്യായം 5

# കേരളവും ഏകാരോഗ്യവും

മറ്റ് പല ആരോഗ്യ സംരംഭങ്ങളിലെയും പോലെ, ഏകാരോഗ്യ പരിപാടി നടപ്പിലാക്കുന്നതിലും കേരളം രാജ്യത്ത് മുൻപന്തിയിലാണ്. വിസ്തൃതമായ വനമേഖലയും തത്ഫലമായുണ്ടാകുന്ന ഉയർന്ന മനുഷ്യ-മൃഗ സമ്പർക്കവും ഉയർന്ന ജനസാന്ദ്രതയും ഉയർന്ന പ്രവാസ നിരക്കുമൂലമുള്ള വലിയതോതിലുള്ള അന്താരാഷ്ട്ര യാത്രകളും താരതമ്യേന ഉയർന്ന വയോജന നിരക്കും സാംക്രമികേതര രോഗങ്ങളുടെ ഉയർന്ന വ്യാപനവും കേരളത്തിന്റെ പ്രത്യേകതകളാണ്. അതിനാൽത്തന്നെ കോമോർബിഡിറ്റി (സഹരോഗാവസ്ഥ) നിരക്കും മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളെ അപേക്ഷിച്ച് അപകടകരമാം വിധം ഉയർന്നതാണ്. നിപ വൈറസ്, എച്ച് 1 എൻ 1, ക്യാസനൂർ ഫോറസ്റ്റ് ഡിസീസ് (കുരങ്ങുപനി) തുടങ്ങിയ ജന്തുജന്യരോഗങ്ങളുടെയും ചിക്കുൻഗുനിയ, ഡെങ്കിപ്പനി പോലുള്ള പ്രാണിജന്യ രോഗങ്ങളുടെയും ഇടയ്ക്കിടെയും ആവർത്തിച്ചുള്ളതുമായ അതിവ്യാപനം ആരോഗ്യരംഗം നേരിടുന്ന ഭീഷണികളാണ്. എലികളിലൂടെയും കന്നുകാലികളിലൂടെയും പകരുന്ന രോഗമായ എലിപ്പനി മറ്റൊരു പ്രധാന ഭീഷണിയാണ്. കോവിഡ് - 19 പാൻഡെമിക് സാഹചര്യം ഭാവിയിൽ വന്നേക്കാവുന്ന പകർച്ചവ്യാധികളെ നേരിടുന്നതിൽ സംസ്ഥാനത്തിനുണ്ടാകാനിടയുള്ള വെല്ലുവിളി/പ്രതിസന്ധി വെളിവാക്കുന്നു. ഈ സാഹചര്യത്തിലാണ് ഏകാരോഗ്യ പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ കേരള സർക്കാർ ആരംഭിച്ചിട്ടുള്ളത്.

നവകേരളം കർമ്മ പദ്ധതി 2-ന്റെ ഭാഗമായി കേരളത്തിലെ ഏകാരോഗ്യ പരിപാടി ബഹു. മുഖ്യമന്ത്രി 2022 മെയ് 17-ന് ഉദ്ഘാടനം ചെയ്തു. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി എന്നീ നാല് പമ്പാനദീതട ജില്ലകളിലാണ് ആദ്യഘട്ടത്തിൽ പരിപാടി നടപ്പാക്കുന്നത്. ഇന്റർനാഷണൽ ബാങ്ക് ഫോർ റീകൺസ്ട്രക്ഷൻ ആൻഡ് ഡെവലപ്മെന്റ് (IBRD), ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ആൻഡ് ഇൻവെസ്റ്റ്മെന്റ് ബാങ്ക് (AIIB) എന്നിവയുടെ ധനസഹായത്തോടെ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് (R.K.I.) കീഴിലായാണ് പരിപാടി നടപ്പിലാക്കുന്നത്.

കാലാവസ്ഥാ വ്യതിയാനം, പകർച്ചവ്യാധികൾ ഉൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങൾ തുടങ്ങിയവയുണ്ടാക്കുന്ന ആഘാതങ്ങൾക്കെതിരെ സംസ്ഥാനത്തിനകത്തുള്ള പ്രതിരോധ പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ബഹുതല പ്രതിരോധപരിപാടിയ്ക്ക് ലോകബാങ്ക് അംഗീകാരം നൽകിയിട്ടുണ്ട്.

പ്രധാനമായും പമ്പാനദീതട ജില്ലകളിലാണ് ഈ പരിപാടി ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളതെങ്കിലും സംസ്ഥാന വ്യാപകമായി നിരവധി നൂതന പദ്ധതികൾ ഈ പരിപാടിയുടെ ഭാഗമായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. സമൂഹത്തിന്റെ താഴെത്തട്ട്മുതൽ IT അധിഷ്ഠിത വൺ ഹെൽത്ത് രോഗ നിരീക്ഷണ സംവിധാനം, ജില്ലാ തലത്തിൽ പബ്ലിക് ഹെൽത്ത് ലബോറട്ടറികൾ ശക്തിപ്പെടുത്തൽ എന്നിവ കൂടാതെ എല്ലാ മെഡിക്കൽ കോളേജുകളിലെയും പ്രിവൻഷൻ ഓഫ് എപ്പിഡെമിക് ആൻഡ് ഇൻഫെക്ഷ്യസ് ഡിസീസ് (PEID) സെല്ലുകളുടെ ഡാറ്റ ട്രയാംഗുലേഷൻ സംവിധാനം ശക്തിപ്പെടുത്തുന്നതും ഇതിൽ ഉൾപ്പെടുന്നു. പ്രോഗ്രാം ഫോർ റിസൾട്ട്സ് (P for R) അഥവാ ഫലാധിഷ്ഠിത പദ്ധതി എന്ന ആശയത്തിലൂന്നിയാണ് ഈ സംരംഭത്തിന്റെ പ്രവർത്തനം. ഈ ആശയപ്രകാരം ഡിബേഴ്സ്മെന്റ് ലിങ്ക്ഡ് ഇൻഡിക്കേറ്ററുകൾ (D.L.I)-ക്കനുസരിച്ച് നിശ്ചയിക്കപ്പെട്ട ടാർഗെറ്റുകൾ അഥവാ ലക്ഷ്യങ്ങൾ നേടുന്നതിനനുസരിച്ചായിരിക്കും ഫണ്ട് വിതരണം ചെയ്യപ്പെടുക.

## സംസ്ഥാനതല ഏകാരോഗ്യ സമിതിയുടെ പ്രവർത്തനങ്ങൾ

സംസ്ഥാനത്തെ ഏകാരോഗ്യ പരിപാടിയുടെ നേതൃത്വവും മേൽനോട്ടവും സംസ്ഥാന ഏകാരോഗ്യസമിതിയാണ് നിർവ്വഹിക്കുക. അതാത് പങ്കാളിത്ത വകുപ്പുകൾ തമ്മിലുള്ള ഫലപ്രദമായ ഏകോപനവും സഹകരണവും ഉറപ്പാക്കുന്നതിന് ആവശ്യമായ സർക്കാർ ഉത്തരവുകളും നയനിർദ്ദേശങ്ങളും പുറപ്പെടുവിച്ചുകൊണ്ട് ഏകാരോഗ്യ പരിപാടി സമയബന്ധിതമായി നടപ്പിലാക്കുമെന്ന് ഈ സമിതി ഉറപ്പാക്കുന്നു. ഏകാരോഗ്യ പരിപാടിയുടെ സംസ്ഥാനതല സമാരംഭത്തിനും നാല് പമ്പാനദീതട ജില്ലകളിലെ പരിപാടിയാസൂത്രണത്തിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പരിപാടി സമയബന്ധിതമായി നടപ്പിലാക്കുന്നുണ്ടെന്നു ഈ സമിതി ഉറപ്പുവരുത്തുന്നു. തുടർന്ന് ബാക്കി പത്ത് ജില്ലകളിലും പരിപാടി വ്യാപിപ്പിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നതും സമിതിയുടെ ഉത്തരവാദിത്തങ്ങളിൽപ്പെടുന്നു. ഏകാരോഗ്യ പരിപാടിക്ക് കീഴിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ അവലോകനം നടത്തുന്നതും തുടർപ്രവർത്തനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ നൽകുന്നതും സംസ്ഥാനതല സമിതിയാണ്.

## ജില്ലാതല സമിതിയുടെ പ്രവർത്തനങ്ങൾ

ജില്ലയ്ക്കകത്തുള്ള ഏകാരോഗ്യ പരിപാടി പ്രവർത്തനങ്ങളുടെ നേതൃത്വവും മേൽനോട്ടവും ജില്ലാതല കമ്മിറ്റിയാണ് നിർവ്വഹിക്കുന്നത്. ജില്ലാതല എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും വിശകലനം ചെയ്യുന്നതിനും ആവശ്യമായ ഫീൽഡ് സന്ദർശനങ്ങൾ നടത്തുന്നതിനും പരിപാടി ശക്തിപ്പെടുത്തുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള ഉത്തരവാദിത്തം ജില്ലാതല സമിതിക്കാണ്. റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ച് കീഴുദ്യോഗസ്ഥർക്ക് ആവശ്യമായ എല്ലാ നിർദ്ദേശങ്ങളും സഹായങ്ങളും നൽകി ഡോക്യുമെന്റേഷൻ ജോലികൾ നടത്തുന്നതിന്റെയും ചുമതല ഈ സമിതിക്കാണ്. മൃഗജന്യ രോഗങ്ങൾക്ക് ഉയർന്ന രോഗവ്യാപന സാദ്ധ്യതയുള്ള മൽസ്യ-മാംസച്ചന്തകൾ പോലുള്ള സ്ഥലങ്ങളിലേക്കുള്ള സന്ദർശനം, രോഗം പൊട്ടിപ്പുറപ്പെടാനുള്ള സാഹചര്യങ്ങളെക്കുറിച്ചുള്ള അന്വേഷണം തുടങ്ങി പരിപാടി നടത്തിപ്പിന്റെ മേൽനോട്ടത്തിനാവശ്യമായ വിവിധ വകുപ്പുകളുടെ സംയുക്ത സന്ദർശനം ജില്ലാതല സമിതിയുടെ നേതൃത്വത്തിലാണ് നടത്തുന്നത്.

## തദ്ദേശ സർക്കാർതല (LSG) സമിതിയുടെ പ്രവർത്തനങ്ങൾ

- LSG തലത്തിൽ ഏകാരോഗ്യ പരിപാടി നടപ്പിലാക്കുന്നതിന് നേതൃത്വം നൽകുക.
- LSG പ്രതിനിധികളെ ഏകാരോഗ്യ പരിപാടിയുടെ ആശയത്തിനനുസരിച്ച് വിന്യസിക്കുക.
- ബന്ധപ്പെട്ട LSG-യിൽ ഏകാരോഗ്യ പരിപാടി നടപ്പിലാക്കുന്നതിനായി നോഡൽ ഓഫീസറെ (മെഡിക്കൽ ഓഫീസർ) തിരഞ്ഞെടുക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി കൂടിയാലോചനകൾ നടത്തുകയും LSG ലെവൽ ഏകോപന സംവിധാനത്തിന് അന്തിമ രൂപം കൊടുക്കുകയും ചെയ്യുക.
- ഏകാരോഗ്യ നിരീക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് പ്രാപ്തമാക്കുന്ന വിധത്തിൽ സമൂഹത്തിന്റെ ശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ LSG-യുമായി സഹകരിച്ച് പരിപാടികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുക.

## ഏകാരോഗ്യ സമീപനത്തിൽ തദ്ദേശ സർക്കാരുകളുടെ പങ്ക്

'എല്ലാവർക്കും ആരോഗ്യം എല്ലാവരിലും ആരോഗ്യം' (Health for all, Health in all) എന്ന മുദ്രാവാക്യത്തെ അടിസ്ഥാനമാക്കിയായിരിക്കണം സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള തദ്ദേശ സർക്കാർ (LSG) സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ. ആരോഗ്യ കേന്ദ്രീകൃത വികസനമാണ് മുന്നോട്ടുള്ള വഴി. ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലും അവ ഉപയോഗിക്കപ്പെടുന്നതിലും ഉണ്ടായേക്കാവുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും അവ മുൻകൂട്ടി പരിഹരിക്കുന്നതിനും മുൻകൈയെടുക്കാൻ LSG സന്നദ്ധരാകണം. കൂടാതെ പ്രതിരോധാത്മകവും പ്രോത്സാഹനപരവുമായ ആരോഗ്യ പരിപാലനത്തിനും രോഗശമന പരിപാലനത്തിനും അർഹമായ പ്രാധാന്യം നൽകേണ്ടതും LSG-യാണ്. രോഗപ്രതിരോധം, ആരോഗ്യസംരക്ഷണ പ്രവർത്തനങ്ങളുടെ പ്രോത്സാഹനം (Health Promotion), രോഗചികിത്സ ഇവയെല്ലാം തദ്ദേശ സർക്കാരുകളുടെ മുഖ്യ പരിഗണനാ വിഷയങ്ങളായിരിക്കണം

സ്വന്തം ആരോഗ്യത്തിന്റെ സംരക്ഷകരാകാൻ സമൂഹത്തെ പ്രാപ്തരാക്കുന്ന വിധത്തിൽ ആരോഗ്യകരമായ സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള പ്രേരണാശക്തിയായും LSG-കൾ പ്രവർത്തിക്കണം. സമൂഹത്തിന്റെ ആരോഗ്യനിലവാരം മെച്ചപ്പെടുത്തുന്നതിലൂടെ ആരോഗ്യപരിപാലത്തിനായുള്ള ആളോഹരി ചെലവ് കുറയ്ക്കാനാകും. അതാതു പ്രദേശത്തിന്റെ ആരോഗ്യ സൂചകങ്ങൾ അടിസ്ഥാനപ്പെടുത്തി തദ്ദേശ സർക്കാരുകളുടെ പ്രവർത്തന മികവ് വിലയിരുത്തപ്പെടേണ്ടതുണ്ട്

### a) ആരോഗ്യപ്രശ്നങ്ങൾ തിരിച്ചറിയുക

സംസ്ഥാന സുസ്ഥിര വികസന ലക്ഷ്യങ്ങൾക്ക് (SDG) അനുസൃതമായി LSG-കൾ ലക്ഷ്യങ്ങൾ വികസിപ്പിക്കണം. ഓരോ പ്രദേശത്തെയും ആരോഗ്യപ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നതിനുമായി LSG അതിന്റെ വർക്കിംഗ് ഗ്രൂപ്പിലൂടെ വാർഷിക ആരോഗ്യസ്ഥിതി റിപ്പോർട്ട് തയ്യാറാക്കണം. വിവിധ സ്രോതസ്സുകളിൽ നിന്ന് ശേഖരിച്ച സ്ഥിതിവിവര കണക്കുകൾ അടിസ്ഥാനമാക്കിയാണ് ആരോഗ്യസ്ഥിതി റിപ്പോർട്ട് തയ്യാറാക്കേണ്ടത്. റെജിസ്റ്ററുകൾ കാലികമാണെന്നും കൃത്യമായ ഡാറ്റ നൽകുന്നതിൽ വിവര ശേഖരണ സംവിധാനം കാര്യക്ഷമമാണെന്നും LSG-കൾ നിരീക്ഷിക്കുകയും ഉറപ്പാക്കുകയും ചെയ്താലേ ഈ പ്രക്രിയ ഫലപ്രദമാവുകയുള്ളൂ. അതാതു പ്രദേശത്തെ സേവന വിതരണ സംവിധാനങ്ങൾ ലക്ഷ്യമിട്ടരീതിയിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നവയാകണം ആരോഗ്യസ്ഥിതി റിപ്പോർട്ടുകൾ. നിലവിലുള്ള പ്രശ്നങ്ങൾ, അവയുടെ വ്യാപ്തി, അവ സമൂഹത്തിലുണ്ടാക്കുന്ന സ്വാധീനം, നിലവിൽ നൽകി വരുന്ന സേവനങ്ങളിലൂടെ പരിഹരിക്കാൻ കഴിയാതെ അവശേഷിക്കുന്ന പ്രശ്നങ്ങൾ ഇവ പട്ടികപ്പെടുത്തുകയും അത് മുൻഗണനാടിസ്ഥാനത്തിൽ പരിഗണിക്കാനുള്ള സംവിധാനങ്ങൾ ഉണ്ടാകുകയും ചെയ്യേണ്ടതുണ്ട്. ഏറ്റവും അനുയോജ്യമായ പരിഹാരങ്ങൾ കണ്ടെത്തുന്നതിനായി പ്രശ്നങ്ങൾ മുൻഗണനാടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യണം.

### b) വിഭവങ്ങളുടെ സമാഹരണം

തിരിച്ചറിയപ്പെട്ടിട്ടുള്ള എല്ലാ ആരോഗ്യപ്രശ്നങ്ങളും പരിഹരിക്കുന്നതിന് LSG-യിൽ ലഭ്യമായ വിവരങ്ങൾ അപര്യാപ്തമായിരിക്കും. അതിനാൽ പ്രശ്നപരിഹാരത്തിന് കൂടുതൽ സഹായകമാകുന്ന ഘടകങ്ങളുടെ സ്രോതസ്സുകൾ തിരിച്ചറിയാനും അവ വേണ്ടവിധത്തിൽ ഉപയോഗിക്കാനും LSG-കൾക്ക് കഴിയണം. വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയ ഗവേഷണങ്ങളിൽ നിന്ന് അവശ്യവിവരങ്ങൾ സമാഹരിക്കണം. കോർപ്പറേറ്റ്

സോഷ്യൽ റെസ്പോൺസിബിലിറ്റി പ്രോഗ്രാമുകൾ, N.G.O-കൾ, സ്വകാര്യ സ്ഥാപനങ്ങൾ, ക്ലബ്ബുകൾ, ജീവകാരുണ്യ സ്ഥാപനങ്ങൾ മുതലായവയിൽ നിന്നുള്ള, സാമ്പത്തിക-ഭൗതിക-മാനവ വിഭവശേഷി സഹായങ്ങൾക്ക് പുറമെ കേന്ദ്ര ഗവൺമെന്റ് പ്രോഗ്രാമുകൾ, ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ എന്നിവയിൽ നിന്നുള്ള ഫണ്ടുകളും പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാം.

**c) ആരോഗ്യ സേവനങ്ങൾ**

മെച്ചപ്പെട്ട രോഗ പ്രതിരോധം, ആരോഗ്യസംരക്ഷണത്തിന്റെ പ്രോത്സാഹനം, രോഗചികിത്സ, സാന്ത്വന പരിചരണം, പുനരധിവാസം മുതലായ ആരോഗ്യ സംരക്ഷണത്തിന്റെ വിവിധ ഘടകങ്ങൾക്ക് മതിയായ വിഭവ വിഹിതം ഉറപ്പു വരുത്തുന്നത് LSG-യുടെ ഒരു പ്രധാന ഉത്തരവാദിത്തമാണ്. ആരോഗ്യസംരക്ഷണ സേവന വിനിയോഗം മെച്ചപ്പെടുത്തുന്നതിന് ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും അവയുടെ ശരിയായ പരിപാലനവും LSG-കൾ ഉറപ്പാക്കണം. മരുന്നുകൾ, രാസവസ്തുക്കൾ, ഉപകരണങ്ങൾ എന്നിവയുടെ ആവശ്യാനുസരണമുള്ള ലഭ്യത LSG ഉറപ്പാക്കണം. അധിക മനുഷ്യവിഭവശേഷി ആവശ്യമുള്ളിടത്തെല്ലാം ജീവനക്കാരെ നൽകേണ്ടതുണ്ട്. ഫീൽഡ്, ഔട്ട്റീച്ച്, റഫറൽ സേവനങ്ങൾക്കുള്ള ഗതാഗത സൗകര്യങ്ങൾ ഉറപ്പാക്കണം. ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുകയും സ്ഥാപനത്തിന്റെ ശുചിത്വം ഉറപ്പാക്കുകയും വേണം. രോഗപ്രതിരോധം, ആരോഗ്യസംരക്ഷണത്തിന് ആവശ്യമായ പ്രോത്സാഹനം എന്നിവയുടെ ഒരു നോഡൽ പോയിന്റായി ഉപകേന്ദ്രങ്ങളെ/ജനകീയ ആരോഗ്യ കേന്ദ്രങ്ങളെ വികസിപ്പിച്ചെടുക്കുന്നതിന് LSG-കളുടെ ഇടപെടൽ അത്യാവശ്യമാണ്.

**d) പ്രാദേശിക കൂട്ടായ്മകളിലൂടെ വ്യക്തികളുടെ ശാക്തീകരണം**

സമൂഹത്തിൽ ആരോഗ്യസംസ്കാരം വളർത്തിയെടുക്കേണ്ടതിന് മാലിന്യ സംസ്കരണം, ഭക്ഷണ ശീലങ്ങൾ, ജലസാക്ഷരത, പരിസ്ഥിതി സംരക്ഷണം, വ്യായാമം തുടങ്ങിയ കാര്യങ്ങളിലെ സമീപനത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്. അയൽസഭ, വാർഡ്സഭ, അയൽക്കൂട്ടം, ഗ്രാമസഭ, മാതൃസംഗമം, പി.ടി.എ., കുടുംബശ്രീ, ഊരുകൂട്ടം, വാർഡ്തല ആരോഗ്യ ശുചിത്വ പോഷണ സമിതികൾ, പാടശേഖര വികസന സമിതികൾ, സാമുദായിക-രാഷ്ട്രീയ സംഘടനകൾ, കാർഷിക സംഘടനകൾ, സ്വയം സഹായക സംഘങ്ങൾ, ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബുകൾ തുടങ്ങിയ പ്രാദേശിക ഗ്രൂപ്പുകളുടെ സഹായത്തോടെ വ്യക്തികളെ ശാക്തീകരിക്കേണ്ടത് ബന്ധപ്പെട്ട LSG-കളാണ്.

**e) ആരോഗ്യത്തെ സ്വാധീനിക്കുന്ന സാമൂഹികഘടകങ്ങളെ തിരിച്ചറിയുക**

പൊതു വിദ്യാഭ്യാസം, ജലം, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള LSG പദ്ധതികൾ മുഖേന ദാരിദ്ര്യം, പട്ടിണി, പ്രാഥമിക വിദ്യാഭ്യാസം, ലിംഗസമത്വവും സ്ത്രീ ശാക്തീകരണവും, മാലിന്യ നിർമ്മാർജ്ജനം, ശുദ്ധജലവും ശുചിത്വവും, ശുദ്ധമായ ഊർജ്ജം, സാമൂഹ്യനീതി, പരിസ്ഥിതി സംരക്ഷണം തുടങ്ങി ആരോഗ്യവുമായി ബന്ധപ്പെട്ട സാമൂഹിക ഘടകങ്ങളെ അഭിസംബോധന ചെയ്യുന്നതിനായി LSG-കൾ FHC-കളുമായി കൈകോർത്ത് പ്രവർത്തിക്കണം. കായിക പരിശീലനത്തിനായി സ്കൂൾ കളിസ്ഥലങ്ങൾ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കുക, വ്യായാമ ഗ്രൂപ്പുകൾ ഉണ്ടാക്കുക, ജൈവകൃഷി ഗ്രൂപ്പുകൾ ഉണ്ടാക്കുക, കുട്ടികൾക്കായുള്ള കളിസ്ഥലങ്ങൾ ഒരുക്കുക, മുതിർന്നവർക്കായുള്ള ജിം സൗകര്യങ്ങൾ ഒരുക്കുക തുടങ്ങിയ വിവിധ സേവനങ്ങൾ

നടപ്പിലാക്കുന്നതിന് LSG നേതൃത്വം നൽകണം. പൊതുജനാരോഗ്യ നിയമങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സഹായം ഉറപ്പാക്കേണ്ടതും LSG-കളാണ്.

## ഏകാരോഗ്യപരിപാടി കേരളത്തിൽ നടപ്പാക്കാൻ സ്വീകരിച്ച തന്ത്രങ്ങൾ



**മനുഷ്യവിഭവശേഷി ശാക്തീകരണ പ്രവർത്തനങ്ങൾ**



**നിലവിലുള്ള സംവിധാനങ്ങളെ ശക്തിപ്പെടുത്തൽ**



**സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം**



**വകുപ്പുകളുടെ ഏകോപനം**



**ബോധവത്ക്കരണപരിപാടികൾ (IEC, BCC)**



**ഗവേഷണം**

കേരളത്തിൽ ഏകാരോഗ്യ പരിപാടിയുടെ നടത്തിപ്പുചുമതല ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ സെന്റർ ഫോർ വൺ ഹെൽത്ത് കേരള (COH-K)-യ്ക്കാണ്. COH-K-യുടെ കീഴിൽ ഒരു സ്റ്റേറ്റ് പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ് (SPMU), ജില്ലാ പ്രോഗ്രാം സപ്പോർട്ട് യൂണിറ്റ് (DPSU), LSG ലെവൽ ഏകാരോഗ്യ സമിതികൾ എന്നിവയുമുണ്ട്. ജില്ലകളിലടക്കമുള്ള ഏകാരോഗ്യ നയങ്ങൾ, മാർഗ്ഗനിർദ്ദേശങ്ങൾ, S.O.P-കൾ (Standard Operating Procedures) എന്നിവ വികസിപ്പിക്കുന്നതിനും, തുടർനിരീക്ഷണത്തിനുമായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ COHK-SPMU സ്ഥാപിക്കും.

DPSU-കൾ ജില്ലാ അധികാരികൾക്കും തദ്ദേശ സർക്കാരുകൾക്കും നടപടിക്രമമനുസരിച്ചുള്ള പിന്തുണ നൽകും. മനുഷ്യവിഭവശേഷി ശാക്തീകരണത്തിനായുള്ള പരിശീലന പരിപാടികൾ, പരിപാടികൾ നടപ്പാക്കാനാവശ്യമായ സഹായങ്ങൾ, ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പിന്തുണ ഇവ പ്രോഗ്രാമിന്റെ വിവിധ പങ്കാളികളുമായി ചേർന്ന് ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യും. നിലവിൽ പരിപാടി നടപ്പിലാക്കുന്ന പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി എന്നീ നാല് പമ്പാ നദീതട ജില്ലകളിലാണ് DPSU-കൾ സ്ഥാപിക്കുന്നത്. ആർദ്രം നോഡൽ ഓഫീസർ കൂടിയായ ഏകാരോഗ്യ ജില്ലാ നോഡൽ ഓഫീസർ ഈ യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കും.

ജില്ലാ മെഡിക്കൽ ഓഫീസുകളിലോ ജില്ലാ മെഡിക്കൽ ഓഫീസർ നിർദ്ദേശിക്കുന്ന മറ്റു സൗകര്യപ്രദമായ സ്ഥലങ്ങളിലോ ആയിരിക്കും DPSU പ്രവർത്തിക്കുക.

## ഏകാരോഗ്യ പരിപാടിയുടെ ഭരണസംവിധാനങ്ങൾ

### സംസ്ഥാന തലത്തിൽ

- ചെയർപേഴ്സൺ: ബഹു.ആരോഗ്യ വനിതാശിശുവികസന വകുപ്പ് മന്ത്രി
- വൈസ് ചെയർപേഴ്സൺ: ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി
- കൺവീനർ: ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ്

അംഗങ്ങൾ:

- അഡീഷണൽ സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
- സ്റ്റേറ്റ് മിഷൻ ഡയറക്ടർ, നാഷണൽ ഹെൽത്ത് മിഷൻ
- പ്രൊജക്ട് ഡയറക്ടർ, ഇ-ഹെൽത്ത്
- മാനേജിങ്ങ് ഡയറക്ടർ, കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ലിമിറ്റഡ്
- ജോയിന്റ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
- ഡയറക്ടർ, പഞ്ചായത്ത്
- ഡയറക്ടർ, അർബൺ അഫയേർസ്
- ഡയറക്ടർ, മൃഗസംരക്ഷണം
- ഡയറക്ടർ, ഫിഷറീസ്
- ഡയറക്ടർ, അഗ്രികൾച്ചർ
- പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്
- കമ്മീഷണർ, ഫുഡ് സേഫ്റ്റി
- ഡയറക്ടർ ജനറൽ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
- വൺ ഹെൽത്ത് പരിപാടിയുടെ ചുമതലയുള്ള DHS/NKKP സ്റ്റേറ്റ് ലെവൽ നോഡൽ ഓഫീസർ
- പൗരസമൂഹ പ്രതിനിധി

### സംഘടനാ രൂപം ജില്ലാ തലത്തിൽ

- ചെയർപേഴ്സൺ: ജില്ലാ കളക്ടർ
- കൺവീനർ: ജില്ലാ NKKP 2 നോഡൽ ഓഫീസർ

അംഗങ്ങൾ:

- ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം)
- ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
- ജില്ലാ അഗ്രികൾച്ചറൽ ഓഫീസർ
- ജില്ലാ അനിമൽ ഹസ്ബന്ററി ഓഫീസർ
- ജില്ലാ ഫിഷറീസ് ഓഫീസർ
- ജില്ലാ ഫോറസ്റ്റ് ഓഫീസർ
- ജില്ലാ ഫുഡ് സേഫ്റ്റി ഓഫീസർ
- ജില്ലാ സർവെയ്‌ലൻസ് ഓഫീസർ
- പൗരസമൂഹ പ്രതിനിധി

**സംഘടനാരൂപം തദ്ദേശ സർക്കാർ തലത്തിൽ**

- ചെയർപേഴ്സൺ: പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പാലിറ്റി ചെയർപേഴ്സൺ/ കോർപ്പറേഷൻ മേയർ
- കൺവീനർ: മെഡിക്കൽ ഓഫീസർ (PHC/FHC/CHC/TH)

<u>അംഗങ്ങൾ:</u>

- പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറി
- ആരോഗ്യ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ
- തദ്ദേശസർക്കാരുകളിലെ ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ

ഈ കമ്മിറ്റികൾ അതാതുതലങ്ങളിൽ ഏകാരോഗ്യ പ്രവർത്തനങ്ങളുടെ സ്ഥിതി അവലോകനം ചെയ്യുകയും തുടർ നടപടികൾ ആസൂത്രണം ചെയ്യുകയും വേണം.

| സമിതി | അവലോകന യോഗം |
|---|---|
| സംസ്ഥാന സമിതി | മൂന്നു മാസത്തിൽ ഒരിക്കൽ |
| ജില്ലാസമിതി | മൂന്നു മാസത്തിൽ ഒരിക്കൽ |
| തദ്ദേശ സർക്കാർതല സമിതി | രണ്ട് മാസത്തിൽ ഒരിക്കൽ |

**അടിയന്തര സാഹചര്യങ്ങളിൽ ഉടനടി യോഗം ചേരണം*

### മനുഷ്യ വിഭവശേഷി ശാക്തീകരണ പ്രവർത്തനങ്ങൾ (Capacity Building)

പരിപാടിയുടെ മറ്റൊരു പ്രധാന ഘടകമാണ് മനുഷ്യ വിഭവശേഷി ശാക്തീകരണ പ്രവർത്തനങ്ങൾ. സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം ശക്തിപ്പെടുത്തുന്നതിനും പ്രശ്നങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും വേണ്ട ഇടപെടലുകൾ നടത്തുന്നതിനും മനുഷ്യ വിഭവശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ വിവിധതലങ്ങളിൽ നടത്തേണ്ടതുണ്ട്. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനും (കില) ആരോഗ്യ കുടുംബക്ഷേമ വകുപ്പുമാണ് തദ്ദേശ സർക്കാരുകൾക്കും സന്നദ്ധപ്രവർത്തകർക്കുമുള്ള മനുഷ്യവിഭവശേഷി ശാക്തീകരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും രൂപകൽപന ചെയ്യുന്നതിനും വേണ്ട പിന്തുണ നൽകുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത്.

### ആശയവിനിമയ തന്ത്രങ്ങൾ (Communication)

ജനങ്ങളിലേക്ക് ഇറങ്ങിച്ചെന്ന് ഏകാരോഗ്യ പരിപാടിയുടെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും സജീവ ജനപങ്കാളിത്തം ഉറപ്പാക്കാനുമുള്ള ആശയവിനിമയ തന്ത്രങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വിവിധ തലങ്ങളിലുള്ള ജനങ്ങളിലേക്ക് ഉചിതമായ സന്ദേശങ്ങൾ എത്തിച്ചേരുന്നതിനായി വിവിധ വകുപ്പുകൾ ചേർന്ന് ആസൂത്രണം ചെയ്തു വേണം ഇത് നടപ്പിലാക്കുവാൻ. ഈ തയ്യാറെടുപ്പുകൾക്കു പുറമെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഈ പരിപാടിയെക്കുറിച്ചും അത് സമൂഹത്തിലുണ്ടാക്കുന്ന മാറ്റത്തെക്കുറിച്ചും അതുവഴി സാമൂഹ്യമാറ്റത്തിന്റെ പ്രതിനിധിയാകാനുള്ള അവസരത്തെക്കുറിച്ചും വ്യക്തവും ഉചിതവുമായ വിവരങ്ങൾ നൽകും.

### സംവിധാനങ്ങളുടെ ശാക്തീകരണം (System strengthening)

മനുഷ്യർക്കും മൃഗങ്ങൾക്കുമുള്ള രോഗനിർണ്ണയ പ്രക്രിയകൾ കൂടുതൽ കൃത്യവും ഫലപ്രദവുമാക്കുന്നതിനായി നിലവിലുള്ള സംവിധാനങ്ങളെ ശാക്തീകരിക്കുക, ആരോഗ്യ പരിപാലന കേന്ദ്രങ്ങൾ സജ്ജീകരിക്കുക, വിവിധ തലങ്ങളിൽ അനുയോജ്യമായ തീരുമാനങ്ങളെടുക്കാൻ പ്രാപ്തരാക്കുന്ന വിധത്തിൽ ഡാറ്റ വിശകലനം ചെയ്യുന്നതിനും കൃത്യമായി പ്രതികരിക്കുന്നതിനുമുള്ള കഴിവ് വർദ്ധിപ്പിക്കുക എന്നിവ പരിപാടിയിലെ ചില പ്രധാന ഘടകങ്ങളാണ്. രോഗം പൊട്ടിപ്പുറപ്പെടുന്നതിന്റെ കാരണം കൃത്യമായി നിരീക്ഷിക്കുകയും അത് വിശകലനം ചെയ്യുകയും ഫലപ്രദമായ തുടർനടപടികൾ ഉറപ്പാക്കുകയും ചെയ്യുന്നതിനായുള്ള ഒരു തുടർ സംവിധാനമായിട്ടാണ് പരിപാടി ആവിഷ്കരിച്ചിക്കുന്നത്. ഒരു സംയോജിത ഐ.ടി അധിഷ്ഠിത സംവിധാനവും പരിപാടി നടപ്പിലാക്കുന്നതിന് വളരെ അത്യാവശ്യമാണ്. നഗരങ്ങളിലും ഗ്രാമങ്ങളിലും തദ്ദേശ സർക്കാർ തലത്തിൽ പരിപാടി നിർവ്വഹണത്തിന് വേണ്ടത്ര പിന്തുണ നൽകുന്നതിനായി തദ്ദേശ സർക്കാരുകളുടെ നിലവിലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്.

### വിവിധ വകുപ്പുകളുടെ ഏകോപനം

പ്രാഥമികാരോഗ്യ സംരക്ഷണത്തിന്റെ പ്രധാന ഘടകങ്ങളിലൊന്നാണ് വിവിധ വകുപ്പുകൾ തമ്മിലുള്ള സഹകരണം. സങ്കീർണ്ണമായ ഒരു ആരോഗ്യസംവിധാനത്തിൽ രോഗങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും ഇത്തരത്തിലുള്ള സഹകരണം ഒഴിവാക്കാനാവാത്തതാണ്. മനുഷ്യ-മൃഗ-പരിസ്ഥിതി ഘടകങ്ങളിൽ പൊതുവായ രോഗ പ്രതിരോധത്തിനായി ബന്ധപ്പെട്ട വിവിധ വകുപ്പുകൾ തമ്മിലുള്ള സഹകരണം

പ്രോത്സാഹിപ്പിക്കുന്നത് പ്രാഥമികാരോഗ്യ സംരക്ഷണത്തിനുള്ള ഒരു അനുബന്ധ സംവിധാനം എന്ന നിലയിൽ ഏകാരോഗ്യസമീപനത്തിന്റെ പ്രത്യേകതയാണ്. അതുപോലെ വിവിധ വകുപ്പുകൾ തമ്മിലുള്ള പരസ്പര സഹകരണത്തിലൂടെ മാത്രമേ ശരിയായ അർത്ഥത്തിലുള്ള വൺ ഹെൽത്ത് സങ്കൽപം പ്രായോഗികമാകൂ.

ഏകാരോഗ്യ പരിപാടിയിൽ ഉൾപ്പെട്ടിട്ടുള്ള വകുപ്പുകൾ

- ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
- തദ്ദേശ സ്വയംഭരണ വകുപ്പ് (റൂറൽ, അർബൻ)
- മൃഗസംരക്ഷണം
- ഫിഷറീസ്
- പരിസ്ഥിതി, കാലാവസ്ഥ വ്യതിയാനം
- ഭക്ഷ്യസുരക്ഷാ
- വനം
- ജലസേചനം
- കൃഷി
- ഡ്രഗ് കണ്ട്രോൾ
- മലിനീകരണ നിയന്ത്രണ ബോർഡ്
- കേരള വാട്ടർ അതോറിറ്റി
- ക്ഷീരവികസനം
- ഹോമിയോ
- ആയുർവ്വേദം

# അദ്ധ്യായം 6

# കമ്മ്യൂണിറ്റി ബേയ്സ്ഡ് സർവെയ്ലൻസ്

## (സാമൂഹ്യാധിഷ്ഠിത രോഗ നിരീക്ഷണം)

ജനങ്ങൾ അവർ ജീവിക്കുന്ന ചുറ്റുപാടുകളിലെ പൊതുജനാരോഗ്യ പ്രാധാന്യമുള്ള സംഭവങ്ങൾ വ്യവസ്ഥാപിതമായ രീതിയിൽ കണ്ടെത്തുകയും റിപ്പോർട്ടുചെയ്യുകയും ചെയ്യുന്ന പ്രക്രിയയാണ് സാമൂഹ്യാധിഷ്ഠിത രോഗ നിരീക്ഷണം അഥവാ കമ്മ്യൂണിറ്റി ബെയ്സ്ഡ് സർവെയ്ലൻസ്. ആരോഗ്യ പ്രശ്നങ്ങൾ തിരിച്ചറിയാനും റിപ്പോർട്ടു ചെയ്യാനുമുള്ള സാമാന്യ ജനങ്ങളുടെ കഴിവ് മെച്ചപ്പെട്ട പൊതുജനാരോഗ്യ സംവിധാനങ്ങൾ രൂപപ്പെടുത്തുന്നതിന് സഹായകമാകും. ഈ സമ്പ്രദായത്തിൽ പ്രധാനമായും രണ്ടു രീതികളാണുള്ളത്.

1. സൂചകങ്ങൾ അടിസ്ഥാനമാക്കിയുള്ള നിരീക്ഷണം അഥവാ Indicator Based Surveillance (IBS)
2. സംഭവങ്ങൾ അടിസ്ഥാനമാക്കിയുള്ള നിരീക്ഷണം അഥവാ Event Based Surveillance (EBS)

രോഗനിയന്ത്രണവുമായി ബന്ധപ്പെട്ട് പകർച്ചവ്യാധികളുടെയും അവ സമൂഹത്തിൽ പെട്ടെന്ന് പൊട്ടിപ്പുറപ്പെടുന്നതിനുള്ള സാഹചര്യങ്ങളെയും പറ്റി വിവിധ തലങ്ങളിൽ നിരന്തരം നടത്തുന്ന പരിശോധനയെ രോഗനിരീക്ഷണം എന്ന് പറയുന്നു. ഫലപ്രദമായ രോഗപ്രതിരോധവും നിയന്ത്രണവും നിരീക്ഷണത്തെ ആശ്രയിച്ചിരിക്കുന്നു. ആവശ്യമായ ഡാറ്റ ശേഖരിക്കുകയും വിശകലനം ചെയ്യുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നത് നിരീക്ഷണപ്രക്രിയയുടെ ഭാഗമാണ്.




### ഇൻഡിക്കേറ്റർ ബെയ്സ്ഡ് സർവെയ്ലൻസ് (IBS)

പൊതുജനാരോഗ്യ പ്രവർത്തകർക്ക് രോഗങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഒരു പരമ്പരാഗത മാർഗ്ഗമാണ് ഇൻഡിക്കേറ്ററുകൾ അഥവാ സൂചകങ്ങൾ അടിസ്ഥാനമാക്കിയുള്ള പൊതുജനാരോഗ്യ നിരീക്ഷണം. ആരോഗ്യ സേവന ദാതാക്കൾ മുതൽ പൊതുജനാരോഗ്യ ഉദ്യോഗസ്ഥർ വരെ നൽകുന്ന പ്രത്യേക രോഗങ്ങളുടെ റിപ്പോർട്ടുകൾ ഇൻഡിക്കേറ്റർ അടിസ്ഥാനമാക്കിയുള്ള നിരീക്ഷണത്തിൽ ഉൾപ്പെടുന്നു. ഒരു ആശുപത്രി ലബോറട്ടറിയിൽ

സ്ഥിരീകരിച്ച ഇൻഫ്ലുവൻസ കേസുകളുടെ എണ്ണത്തെക്കുറിച്ച് രോഗ റിപ്പോർട്ടിങ്ങ് ഡാറ്റാബേസിൽ പതിവായി രേഖപ്പെടുത്തുന്ന റിപ്പോർട്ടുകൾ ഇത്തരം വിവരങ്ങൾക്ക് ഉദാഹരണമാണ്.

## ഇവന്റ് ബെയ്സ്ഡ് സർവെയ്ലൻസ് (EBS)

സംഭവങ്ങൾ അടിസ്ഥാനമാക്കിയുള്ള പൊതുജനാരോഗ്യ നിരീക്ഷണ രീതിയിൽ പൊതുജനാരോഗ്യത്തിന് ഗുരുതരമായ അപകടമുണ്ടാക്കുന്ന അസ്വാഭാവിക സംഭവങ്ങളെക്കുറിച്ചുള്ള റിപ്പോർട്ടുകൾ, കഥകൾ, കിംവദന്തികൾ, മറ്റ് വിവരങ്ങൾ എന്നിവ പരിശോധിക്കുന്നു. ലഭിക്കുന്ന വിവരങ്ങൾ നിലവാരമില്ലാത്തതോ വിഷയാധിഷ്ഠിതമായതോ ആകുന്നതിനാൽ അത്തരം വിവരങ്ങൾ ഘടനാരഹിതമായ വിവരങ്ങളായി കണക്കാക്കാം. ഒരു പകർച്ചവ്യാധിയെ സൂചിപ്പിക്കുന്ന അസ്വാഭാവികമായ സംഭവങ്ങൾ കണ്ടെത്തുക എന്നതാണ് EBS-ന്റെ ലക്ഷ്യം. EBS-ന് വിവരങ്ങൾ ശേഖരിക്കാൻ കഴിയുന്ന ഉറവിടങ്ങളുടെ ഉദാഹരണങ്ങളാണ് മീഡിയ റിപ്പോർട്ടുകളും ഓൺലൈൻ കിംവദന്തികളും.

പൊതുജനാരോഗ്യ പ്രാധാന്യമുള്ള സംഭവത്തെക്കുറിച്ചുള്ള വിവരങ്ങൾ ഒരു ഹോട്ട്ലൈൻ സംവിധാനം വഴിയോ മറ്റ് ആശയവിനിമയ മാർഗ്ഗങ്ങൾ വഴിയോ ജനങ്ങൾക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കും. ഇത്തരത്തിൽ ചില അവസരങ്ങളിൽ EBS സാമൂഹ്യാധിഷ്ഠിതമാകാം.

## രോഗനിരീക്ഷണത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ

- സമൂഹത്തിന്റെ ആരോഗ്യനിലയിൽ പുതിയതും മാറിക്കൊണ്ടിരിക്കുന്നതുമായ പ്രവണതകളെക്കുറിച്ചുള്ള വിവരങ്ങൾ നൽകുക. ഉദാ: രോഗാവസ്ഥ, മരണനിരക്ക്, പോഷകാഹാരനില തുടങ്ങിയ മറ്റ് സൂചകങ്ങൾ, പാരിസ്ഥിതിക അപകടങ്ങൾ, ആരോഗ്യ രീതികൾ, ആരോഗ്യത്തെ ബാധിച്ചേക്കാവുന്ന മറ്റ് ഘടകങ്ങൾ.

- ലക്ഷ്യങ്ങളുടെ പുനർനിർവ്വചനത്തിലേക്ക് നയിക്കുന്ന രീതിയിൽ നയവും വ്യവസ്ഥകളും പരിഷ്ക്കരിക്കാൻ സഹായിക്കുന്ന വിധത്തിലുള്ള ഫീഡ്ബാക്ക് (പ്രതികരണം) നൽകുക.

- ഇടപെടൽ രീതികളിൽ ആവശ്യാനുസരണം മാറ്റം വരുത്താൻ സഹായിക്കുന്ന വിധത്തിൽ പൊതുജനാരോഗ്യ ദുരന്തങ്ങളെക്കുറിച്ച് സമയബന്ധിതമായി മുന്നറിയിപ്പ് നൽകുക.

ആരോഗ്യത്തിനു ഭീഷണി ഉയർത്തുന്ന പ്രാദേശിക പ്രശ്നങ്ങൾ കണ്ടെത്തുന്നതിലും തടയുന്നതിലും പ്രതികരിക്കുന്നതിലും അതുവഴി ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകളുടെ ജീവിതം മെച്ചപ്പെടുത്തുന്നതിലും സമൂഹത്തിന്റെ പങ്ക് നിർണ്ണായകമാണ്. ഒരു സമൂഹത്തിലെ സാമാന്യ ജനങ്ങളുടെ ആരോഗ്യനിലയിലുണ്ടാകുന്ന മാറ്റങ്ങളും അസ്വാഭാവിക സംഭവങ്ങളും ഫലപ്രദമായ രീതിയിൽ അധികാരികളിലേക്ക് എത്തിക്കുകയും പ്രധാനമായും സമൂഹത്തിന്റെ ശബ്ദമായി പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ് സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണത്തിന്റെ പ്രധാന നേട്ടങ്ങളിലൊന്ന്. ഈ ആശയവിനിമയ രീതിയിലൂടെ പകർച്ചവ്യാധികളുടെ സാദ്ധ്യത മുൻകൂട്ടി കണ്ടുപിടിക്കാനും കൃത്യമായി പ്രതികരിക്കാനും സാധിക്കുന്നു. അതുവഴി പകർച്ചവ്യാധികൾ പടരുന്നതിനു മുമ്പു തന്നെ അവയെ തടയാനും സാധിക്കുന്നു.

## റിപ്പോർട്ടിങ്ങ് – പ്രതികരണ ഘട്ടങ്ങൾ




2018-ൽ ഫ്രാൻസിൽ നടന്ന WHO ഗ്ലോബൽ ടെക്നിക്കൽ മീറ്റിങ്ങ് നിർവ്വചിച്ചതുപ്രകാരം സമൂഹത്തിനകത്തുണ്ടാകുന്ന പൊതുജനാരോഗ്യ പ്രസക്തിയുള്ള സംഭവങ്ങൾ സമൂഹത്തിലെ അംഗങ്ങൾ തന്നെ വ്യവസ്ഥാപിതമായ രീതിയിൽ കണ്ടെത്തുകയും റിപ്പോർട്ടുചെയ്യുകയും ചെയ്യുന്നതാണ് സാമൂഹ്യാധിഷ്ഠിത രോഗ നിരീക്ഷണം. അതുപോലെ, ഏകാരോഗ്യ പരിപാടിയുടെ കമ്മ്യൂണിറ്റി അടിസ്ഥാനമാക്കിയുള്ള നിരീക്ഷണവും താഴെപറയുന്ന വിധത്തിലായിരിക്കണം

1. ഒരു ഔപചാരിക നിരീക്ഷണ ഘടനയുമായി ബന്ധപ്പെടുത്തിയിരിക്കുക.
2. പ്രവർത്തനക്ഷമവും സമയബന്ധിതവുമായിരിക്കുക.
3. സമൂഹത്തിന് പ്രയോജനപ്രദമായിരിക്കുക.
4. കൃത്യമായി നിർവ്വചിക്കപ്പെട്ട റിപ്പോർട്ടിങ്ങ് സംവിധാനങ്ങൾ.
5. ഒരു ഫീഡ്ബാക്ക് സംവിധാനവും ഒരു നിരീക്ഷണ- അവലോകന പ്രക്രിയയും.

കമ്മ്യൂണിറ്റി അംഗങ്ങൾക്ക് അവരുടെ ചുറ്റുപാടുകൾ നിരീക്ഷിക്കുന്നതിനുള്ള സാദ്ധ്യതകൾ പ്രയോജനപ്പെടുത്തി അവരുടെ പ്രദേശത്ത് ഉണ്ടാകാനിടയുള്ള പകർച്ചവ്യാധികളോ മറ്റ് പൊതുജനാരോഗ്യ പ്രസക്തിയുള്ള സംഭവങ്ങളോ നേരത്തെ കണ്ടെത്താനും അവയോടു പ്രതികരിക്കാനും സഹായകമാകുന്ന തരത്തിൽ നിലവിലുള്ള ഔപചാരിക നിരീക്ഷണ സംവിധാനങ്ങൾക്കൊപ്പം ജനങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സംവിധാനം രൂപപ്പെടുത്തേണ്ടത് കേരളത്തിൽ ഏകാരോഗ്യ പരിപാടി ഫലപ്രദമായി നടപ്പിലാക്കുന്നതിന് അത്യാവശ്യമാണ്.




### കേരളത്തിൽ പരിപാടി നടപ്പിലാക്കൽ

ആദ്യഘട്ടത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിനൊപ്പം കോട്ടയം, ഇടുക്കി, പത്തനംതിട്ട, ആലപ്പുഴ എന്നീ നാല് പമ്പാനദീതട ജില്ലകളിലാണ് ഏകാരോഗ്യ പരിപാടി നടപ്പിലാക്കുന്നത്. പിന്നീട് ബാക്കിയുള്ള 10 ജില്ലകളിലേക്കും വ്യാപിപ്പിക്കും. നവകേരളം കർമ്മ പരിപാടി 2-നായി രൂപകല്പന ചെയ്ത ഭരണ സംവിധാനങ്ങളും മാനേജ്മെന്റ് സംവിധാനങ്ങളും പ്രയോജനപ്പെടുത്തിയാണ് ഏകാരോഗ്യ പരിപാടി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്.

മനുഷ്യന്റെ ആരോഗ്യം മാത്രമല്ല, മൃഗങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യം കൂടി കണക്കിലെടുത്ത് വിവിധ തലങ്ങളിൽ രോഗ നിരീക്ഷണവും കണ്ടെത്തലും ഇടപെടലുകളും നടത്തുന്നതിനുള്ള സമീപനമാണ് ഏകാരോഗ്യ പരിപാടിയിൽ സ്വീകരിച്ചിട്ടുള്ളത്. മൃഗങ്ങളിൽനിന്നും മറ്റ് പാരിസ്ഥിതിക സ്രോതസ്സുകളിൽ നിന്നും പകരുന്ന പകർച്ചവ്യാധികൾ തിരിച്ചറിയുന്നതിനോ കണ്ടെത്തുന്നതിനോ ഒന്നിലധികം തലങ്ങളിൽ രൂപകല്പന ചെയ്ത സംവിധാനങ്ങൾ അതീവ ജാഗ്രതയോടെ പ്രവർത്തിക്കുക വഴി മനുഷ്യർ, മൃഗങ്ങൾ, അവർ പൊതുവായി പങ്കിടുന്ന പരിസ്ഥിതി എന്നിവയിലെ എല്ലാ ആരോഗ്യപ്രശ്നങ്ങളും തിരിച്ചറിയാനും പരിഹരിക്കാനും സാധിക്കും.

### പരിപാടി നിലവിൽ നടപ്പിലാക്കുന്ന തദ്ദേശ സർക്കാരുകളുടെ വിശദാംശങ്ങൾ (നഗരവും ഗ്രാമവും) താഴെ നൽകിയിരിക്കുന്നു:

*Source: – https://dop.lsgkerala.gov.in/en/article/158*

| ജില്ല | ഗ്രാമപഞ്ചായത്ത് | | നഗരസഭകൾ | |
|---|---|---|---|---|
| | എണ്ണം | വാർഡുകൾ | എണ്ണം | വാർഡുകൾ |
| പത്തനംതിട്ട | 53 | 788 | 4 | 132 |
| ആലപ്പുഴ | 72 | 1169 | 6 | 215 |
| കോട്ടയം | 71 | 1140 | 6 | 204 |
| ഇടുക്കി | 52 | 792 | 2 | 69 |
| **ആകെ** | **248** | **3889** | **18** | **620** |

## ഏകാരോഗ്യ പരിപാടി – ജില്ല, തദ്ദേശ സർക്കാർ തലങ്ങൾ

ഓരോ ജില്ലയിലും കമ്മ്യൂണിറ്റി മെന്റർമാരുടെയും വളണ്ടിയർമാരുടെയും തിരഞ്ഞെടുപ്പ്, പരിശീലനം, പ്രവർത്തനങ്ങൾ എന്നിവയ്ക്കായി ത്രിതല പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്.

**ത്രിതല സംവിധാനം – DPSU നിരീക്ഷിക്കുകയും പിന്തുണക്കുകയും ചെയ്യുന്നു**

- ജില്ലാ മെന്റർമാരുടെ തിരഞ്ഞെടുപ്പ്
- എൻറോൾമെന്റ്
- പരിശീലനവും ഇടപെടലും

- തദ്ദേശ സർക്കാർതല കമ്മ്യൂണിറ്റി മെന്റർമാരുടെ തിരഞ്ഞെടുപ്പ്
- എൻറോൾമെന്റ്
- പരിശീലനവും ഇടപെടലും

- വാർഡ്തല കമ്മ്യൂണിറ്റി വളണ്ടിയർമാരുടെ തിരഞ്ഞെടുപ്പ്
- എന്റോൾമെന്റ്
- പരിശീലനവും ഇടപെടലും

## പ്രദേശത്തെ സാധാരണ രോഗങ്ങളുടെയും അവ കണ്ടുവരുന്ന സമയങ്ങളുടെയും മാപ്പിങ്ങ് (Seasonality mapping)

ഒരു ജനവാസമേഖലയ്ക്കുള്ളിലെ ഒരു രോഗത്തിന്റെ ഭൂമിശാസ്ത്രപരമായ വിതരണം ദൃശ്യരൂപത്തിൽ അടയാളപ്പെടുത്തി നൽകുന്നതാണ് ഡിസീസ് മാപ്പിങ്ങ്. പകർച്ചവ്യാധികളുടെ ഉറവിടം നിർണ്ണയിക്കുന്നതിന്റെ ഒരു മാർഗ്ഗമാണിത്. കേസ് നിരക്കുകളേക്കാൾ കേസുകളുടെ എണ്ണത്തെ അടിസ്ഥാനമാക്കിയുള്ള മാപ്പിങ്ങ് പഠനങ്ങൾ തെറ്റായ നിഗമനങ്ങളിലേക്ക് നയിച്ചേക്കാം. ഉദാഹരണത്തിന് വൻകിട വ്യവസായ സമുച്ചയങ്ങൾ, ഫാക്ടറികൾ അല്ലെങ്കിൽ അപ്പാർട്ട്മെന്റുകൾ എന്നിവിടങ്ങളിൽ ധാരാളം ആളുകൾ ജോലി ചെയ്യുന്നതോ താമസിക്കുന്നതോ ആയതിനാൽ കേസുകളുടെ എണ്ണം കൂടുതലായിരിക്കാം. മറ്റു മാർഗ്ഗങ്ങൾ ഇല്ലെങ്കിൽ ജനസാന്ദ്രതയെയും സ്ഥലങ്ങളെയും കുറിച്ചുള്ള വിവരങ്ങൾ സെൻസസ് റിപ്പോർട്ടുകളിൽ നിന്നോ ഉപഗ്രഹചിത്രങ്ങളിൽ നിന്നോ എടുക്കാവുന്നതാണ്. ഒരു പ്രദേശത്തിന്റെ ഭൂമിശാസ്ത്രവുമായി ബന്ധപ്പെട്ട പാരിസ്ഥിതിക ഘടകങ്ങളും രോഗങ്ങളുടെ ആതിഥേയരും ആ പ്രദേശത്ത് രോഗം പൊട്ടിപ്പുറപ്പെടുന്നതിൽ പ്രധാനപ്പെട്ട പങ്കുവഹിക്കുന്നുണ്ട്. രോഗവാഹകരുടെ സാന്നിദ്ധ്യം, കാലാവസ്ഥ, ജനസാന്ദ്രത, പോഷകാഹാര- ഭക്ഷണരീതികൾ, തൊഴിൽ, വിനോദശീലങ്ങൾ, സാമ്പത്തിക വികസനം, യുദ്ധവും പ്രകൃതിദുരന്തങ്ങളും പോലുള്ള സാമൂഹികനാശത്തിന് കാരണമായ സംഭവങ്ങൾ എന്നിവയെല്ലാം പാരിസ്ഥിതിക ഘടകങ്ങളുടെ ഉദാഹരണങ്ങളാണ്.

പ്രദേശത്തെപ്പോലെതന്നെ രോഗങ്ങൾ സാധാരണയായി റിപ്പോർട്ട് ചെയ്യാപ്പെടാറുള്ള സമയവും രോഗ മാപ്പിങ്ങിൽ വളരെ പ്രധാനമാണ്. മഴ, താപനില തുടങ്ങിയ കാലാവസ്ഥാ വ്യതിയാനങ്ങൾക്കനുസരിച്ച് രോഗങ്ങളിൽ സംഭവിക്കുന്ന കാലാനുസൃത മാറ്റങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഇത് നൽകുന്നു. അത്തരം ഡാറ്റ ശേഖരിക്കുന്നത് നിരീക്ഷണവും പ്രതിരോധ ഇടപെടലുകളുടെ ആസൂത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നു.

## ഏകാരോഗ്യ പരിപാടിയിൽ ലബോറട്ടറികളുടെ പങ്ക്:

മെച്ചപ്പെട്ട രോഗനിർണ്ണയ സൗകര്യങ്ങളുള്ള രാജ്യത്തെ ചുരുക്കം സംസ്ഥാനങ്ങളിലൊന്നാണ് കേരളം. രോഗങ്ങളുടെ സ്ഥിരീകരണത്തിൽ മാത്രമല്ല, ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് നിരീക്ഷണം, ആന്റിമൈക്രോബിയൽ റെസിഡ്യൂൾ ടെസ്റ്റിംഗ്, ഭക്ഷ്യ സുരക്ഷ, പാരിസ്ഥിക സുരക്ഷാ നിരീക്ഷണം എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിലും ലബോറട്ടറികളുടെ പങ്ക് ഒഴിവാക്കാനാവാത്തതാണ്. പുതിയതും ആവർത്തിച്ചുണ്ടാവുന്നതുമായ രോഗങ്ങൾ, പാരിസ്ഥിതിക ദുരന്തങ്ങൾ എന്നിവയുടെ പശ്ചാത്തലത്തിൽ ആരോഗ്യവകുപ്പിന്റെയും മറ്റു ബന്ധപ്പെട്ട വകുപ്പുകളുടെയും നിലവിലുള്ള ലബോറട്ടറി സംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. കൂടാതെ ലാബുകളുടെ സൗകര്യങ്ങളും ലാബുകളിൽ നിന്നും ലഭ്യമാകുന്ന ഡാറ്റയും ഏകോപിപ്പിക്കുകയും രോഗങ്ങളെ എത്രയും നേരത്തെ കണ്ടെത്തുന്നതിനായി മാനദണ്ഡങ്ങൾക്കനുസൃതമായി പങ്കുവെക്കുകയും ചെയ്യേണ്ടതുണ്ട്. ഇതിനാവശ്യമായ പ്രോട്ടോകോളുകളും IT പ്ലാറ്റ്ഫോമുകളും പരിപാടിയുടെ ഭാഗമായി രൂപപ്പെടുത്തുന്നതാണ്.

# അദ്ധ്യായം 7

# രോഗങ്ങളുടെ തിരിച്ചറിയലും റിപ്പോർട്ടിങ്ങും

### ജന്തുജന്യ രോഗങ്ങളുടെ നിരീക്ഷണം

### മനുഷ്യർക്കിടയിലെ രോഗലക്ഷണങ്ങൾ

1. **പേവിഷബാധ**

ആദ്യലക്ഷണങ്ങൾ ഫ്ലൂ പോലുള്ളതാണ്. പനി, തലവേദനയും ഉത്കണ്ഠയും, തൊണ്ടവേദനയും ചുമയും. തുടർന്ന് ന്യൂറോളജിക്കൽ കാലഘട്ടം ഉണ്ടാകുന്നു. ആക്രമണസ്വഭാവം, അപസ്മാര സമാനമായ ലക്ഷണങ്ങൾ, ജലത്തോടുള്ള ഭയം, വർദ്ധിച്ച രീതിയിൽ ഉമിനീരൊഴുക്കൽ, ഹൃദയാഘാതം, ഭ്രമാത്മകത, പക്ഷാഘാതം, അതിവേഗത്തിലുള്ള ശ്വാസമെടുക്കൽ. അവസാന ഘട്ടത്തിൽ അബോധാവസ്ഥയിലാകുന്നു. പിന്നീട് മരണം സംഭവിക്കുന്നു.

- <u>രോഗം തടയാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ:</u>

  പേവിഷബാധയുണ്ടെന്ന് സംശയിക്കുന്ന വളർത്തുമൃഗമോ തെരുവ് നായയോ കടിക്കുകയോ മാന്തുകയോ ചെയ്താൽ, ഉടൻതന്നെ സമീപത്തുള്ള ആരോഗ്യസേവന ദാതാവിനെ സമീപിക്കുക.

- <u>റിപ്പോർട്ടിങ്ങ്:</u>

  മേൽപ്പറഞ്ഞ ലക്ഷണങ്ങൾ കാണിക്കുന്ന വളർത്തുമൃഗങ്ങളെയോ തെരുവ് മൃഗങ്ങളെയോ കണ്ടാൽ ഉടൻ ഏകാരോഗ്യ നോഡൽ ഓഫീസറുടെ അടുത്ത് റിപ്പോർട്ട് ചെയ്യുക.

2. **ആന്ത്രാക്സ്**

i. **<u>ചർമ്മത്തിലെ ആന്ത്രാക്സ്:</u>**

ചർമ്മത്തിലെ മുറിവിലൂടെയോ വ്രണത്തിലൂടെയോ ബാക്ടീരിയ ശരീരത്തിൽ പ്രവേശിക്കുന്നു. ശരീരത്തിൽ ചൊറിഞ്ഞു തടിക്കുകയും പിന്നീടത് മധ്യഭാഗം കറുത്ത വേദനയില്ലാത്ത വ്രണമായും മാറുന്നു. വീർത്ത ലിംഫ് നോഡുകൾ (ലസികാഗ്രന്ഥികൾ), പനി.

ii. **<u>ഗ്യാസ്ട്രോഇന്റസ്റ്റൈനൽ ആന്ത്രാക്സ്:</u>**

രോഗം ബാധിച്ച മൃഗത്തിന്റെ മാംസം വേവിക്കാതെ കഴിക്കുന്നതാണ് കാരണം. ലക്ഷണങ്ങളിൽ ഓക്കാനം, ഛർദ്ദി, വയറുവേദന, തലവേദന, വിശപ്പില്ലായ്മ എന്നിവ ഉൾപ്പെടുന്നു. പനി, കഠിനമായ, രക്തംകലർന്ന വയറിളക്കം, കഴുത്ത് വീക്കം എന്നിവ മറ്റു ലക്ഷണങ്ങളാണ്.

iii. **<u>ഇൻഹലേഷൻ (പൾമണറി) ആന്ത്രാക്സ്:</u>**

രോഗി ആന്ത്രാക്സ് സ്പോറുകളെ ശ്വസിക്കുന്നതിന്റെ ഫലമായി അണുബാധ ഉണ്ടാകുന്നു. തൊണ്ടവേദന, നേരിയ പനി, ക്ഷീണം, പേശിവേദന, നെഞ്ചിലെ

അസ്വസ്ഥത, ശ്വാസം മുട്ടൽ, ഓക്കാനം, രക്തം ചുമയ്ക്കൽ, ഭക്ഷണം ഇറക്കുമ്പോഴുള്ള വേദന എന്നിവയാണ് ലക്ഷണങ്ങൾ.

- <u>രോഗം തടയാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ</u>

  കന്നുകാലികൾക്ക് വാക്സിനേഷൻ, ചത്ത മൃഗങ്ങളെ ശരിയായ രീതിയിൽ സംസ്കരിക്കൽ (ചുണ്ണാമ്പ് ഉപയോഗിച്ച് ആഴത്തിൽ സംസ്കരിക്കൽ, ദഹിപ്പിക്കൽ), ഓക്സിജന്റെ സമ്പർക്കം ബാക്ടീരിയയെ ബീജകോശങ്ങൾ ഉണ്ടാക്കാൻ സഹായിക്കുമെന്നതിനാൽ മൃതദേഹം തുറക്കരുത്. രോഗബാധയ്ക്ക് സാദ്ധ്യതയുള്ള എല്ലാ മൃഗങ്ങൾക്കും വാക്സിനേഷൻ നൽകുന്നതുവരെയും അസുഖം ബാധിച്ച് ചത്ത മൃഗങ്ങളെ ശരിയായ രീതിയിൽ സംസ്കരിക്കുന്നതുവരെയും പരിസരം ക്വാറന്റൈൻ ചെയ്യണം. പ്രാണികളെയും എലികളെയും നിയന്ത്രിക്കുന്നതുപോലെത്തന്നെ പ്രധാനമാണ് പരിസരം വൃത്തിയാക്കുന്നതും അണുവിമുക്തമാക്കുന്നതും.

- <u>റിപ്പോർട്ടിങ്ങ്:</u>

  മേൽപ്പറഞ്ഞ ലക്ഷണങ്ങളോടെയുള്ള കന്നുകാലികളുടെ പെട്ടെന്നുള്ള മരണങ്ങൾ നിങ്ങളുടെ ഏകാരോഗ്യ നോഡൽ ഓഫീസർക്ക് റിപ്പോർട്ട് ചെയ്യുക.

### 3. പക്ഷിപ്പനി

മിതമായത് മുതൽ കഠിനമായതുവരെയുള്ള രോഗലക്ഷണങ്ങൾ ഉണ്ടാകാം. മൂക്കൊലിപ്പ്, ചുമ എന്നിവയുൾപ്പെടെ സാധാരണ ഫ്ലൂ പോലുള്ള ലക്ഷണങ്ങളോടെയാണ് അസുഖം ആരംഭിക്കുന്നത്. തൊണ്ടവേദന, കടുത്ത പനി (100.4°F or 38°C), തലവേദന, പേശി വേദന, ചെങ്കണ്ണ്, ദേഹാസ്വാസ്ഥ്യം, വയറിളക്കം, ഛർദ്ദി, ശ്വസന ബുദ്ധിമുട്ടുകൾ തുടങ്ങിയവയും ലക്ഷണങ്ങളാണ്.

- <u>രോഗം തടയാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ</u>

  രോഗബാധിതരായ പക്ഷികളുമായും രോഗികളുമായും അവയുടെ സ്രവങ്ങളുമായുള്ള സമ്പർക്കം ഒഴിവാക്കുക. ചത്ത പക്ഷികളെയോ രോഗബാധയുണ്ടെന്ന് സംശയിക്കുന്നവയെയോ കൈകൊണ്ട് തൊടരുത്. ചത്ത പക്ഷികളുടെ ജഡം കയ്യുറകളും പ്ലാസ്റ്റിക് ക്യാരി ബാഗുകളും ഉപയോഗിച്ച് ഒരു ചവറ്റുകുട്ടയിലേക്ക് മാറ്റുക. പക്ഷിപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങളിലേക്കുള്ള യാത്ര ഒഴിവാക്കുക.

- <u>റിപ്പോർട്ടിങ്ങ്:</u>

  നിങ്ങളുടെ ഗ്രാമത്തിലെ കോഴി/താറാവ്/പക്ഷി വളർത്തൽ കർഷകരെ ബോധവത്ക്കരിക്കുക. മുകളിൽ പറഞ്ഞ രോഗലക്ഷണങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഏകാരോഗ്യ നോഡൽ ഓഫീസറെ അറിയിക്കുക

### 4. കുരങ്ങുപനി

ചില രോഗികൾ 1-2 ആഴ്ച നീണ്ടുനിൽക്കുന്ന രോഗലക്ഷണങ്ങൾക്കുശേഷം വലിയ സങ്കീർണ്ണതകളില്ലാതെ സുഖം പ്രാപിക്കുന്നു. അണുബാധയേറ്റ് 3-4 ദിവസങ്ങൾക്ക് ശേഷം ഛർദ്ദിയോടൊപ്പമുള്ള കഠിനമായ പേശി വേദന, ദഹനസംബന്ധമായ പ്രശ്നങ്ങൾ, രക്തസ്രാവം തുടങ്ങിയ പ്രാരംഭ ലക്ഷണങ്ങൾ ഉണ്ടാകാം. ഒരു വിഭാഗം രോഗികൾ ഒന്നുരണ്ടാഴ്ചയ്ക്കകം കാര്യമായ സങ്കീർണ്ണതകളില്ലാതെ സുഖം പ്രാപിക്കുമെങ്കിലും 10 മുതൽ 20 ശതമാനം വരെ രോഗികൾ മൂന്നാമത്തെ

ആഴ്ചയോടുകൂടി സങ്കീർണ്ണമായ രോഗലക്ഷണങ്ങളുള്ള അടുത്ത ഘട്ടത്തിലേക്ക് പ്രവേശിക്കും. ഈ ലക്ഷണങ്ങളിൽ പനിയും കഠിനമായ തലവേദന, മാനസിക അസ്വസ്ഥതകൾ, വിറയൽ, കാഴ്ചക്കുറവ് തുടങ്ങി ന്യൂറോളജിക്കൽ പ്രശ്നങ്ങളുടെ ലക്ഷണങ്ങളും ഉൾപ്പെടുന്നു.

- <u>രോഗം തടയാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ</u>

  കൈകളും കാലുകളും മറയ്ക്കുന്ന വസ്ത്രം ധരിച്ചും ഉചിതമായ കീടനാശിനികൾ ഉപയോഗിച്ചും പ്രാണികളുടെ കടിയേൽക്കുന്നത് തടയുക. ചെള്ളുകളുടെയും മറ്റുപ്രാണികളുടെയും എണ്ണം കുറയ്ക്കാൻ കീടനാശിനികൾ ഫലപ്രദമാണ്. വിനോദത്തിനായോ തൊഴിലിന്റെ ഭാഗമായോ ഗ്രാമീണാന്തരീക്ഷങ്ങളിലും മറ്റ് തുറസ്സായ ക്രമീകരണങ്ങളിലും ഇടപെടുന്നവർക്ക് (ഉദാ: വേട്ടക്കാർ, ആട്ടിടയർ, വനംവകുപ്പ് ജീവനക്കാർ, കർഷകർ) അപകടസാദ്ധ്യത കൂടുതലാണ്.

- <u>റിപ്പോർട്ടിങ്ങ്:</u>

  കുരങ്ങുകളെ കണ്ടുവരുന്ന സ്ഥലങ്ങളിൽ അതീവ ജാഗ്രത പുലർത്തുകയും പതിവായി ആരോഗ്യപ്രവർത്തകരെ വിവരമറിയിക്കുകയും ചെയ്യുക.

### 5. നിപ

നിപ വൈറസ് ശരീരത്തിൽ പ്രവേശിച്ചു കഴിഞ്ഞ് അഞ്ച് മുതൽ പതിനാല് ദിവസത്തിനകം ലക്ഷണങ്ങൾ കണ്ടുതുടങ്ങും. പനി, തലവേദന, മയക്കം എന്നിവയാണ് പ്രാരംഭലക്ഷണങ്ങൾ. തുടർന്ന് മാനസിക ആശയക്കുഴപ്പവും ദിശതെറ്റലും ഉണ്ടാകാം. ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങളും പ്രാരംഭ ഘട്ടത്തിൽ ഉണ്ടാകാം. 24 മുതൽ 48 മണിക്കൂറിനുള്ളിൽ കോമ ലക്ഷണങ്ങൾ പ്രകടമാകും. ശ്വസിക്കാൻ ബുദ്ധിമുട്ടുള്ളവരും 45 വയസ്സിനു മുകളിൽ പ്രായമുള്ളവരുമായ നിപ രോഗികളിൽ നിന്ന് വൈറസ് പടരാനുള്ള സാദ്ധ്യത കൂടുതലാണ്.

- <u>രോഗം തടയാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ</u>

  രോഗം പടർന്നുപിടിക്കുന്ന സമയത്ത് വവ്വാലുകളുമായും അസുഖമുള്ള പന്നികളുമായും സമ്പർക്കം പുലർത്തുന്നത് ഒഴിവാക്കുക. വവ്വാലുകൾ കടിച്ച പഴങ്ങൾ കഴിക്കുന്നത് ഒഴിവാക്കുക

- <u>റിപ്പോർട്ടിങ്ങ്:</u>

  നിപ പടരുന്ന സമയത്ത് രോഗലക്ഷണമുള്ള വ്യക്തികളെ കണ്ടാൽ ഉടൻതന്നെ നിങ്ങളുടെ പ്രദേശത്തെ ഏകാരോഗ്യ നോഡൽ ഓഫീസറെ അറിയിക്കുക.

### 6. എലിപ്പനി

കർഷകർ, ഖനിത്തൊഴിലാളികൾ, മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങളിലേർപ്പെടുന്നവർ, അറവുശാലയിലെ തൊഴിലാളികൾ, മൃഗഡോക്ടർമാർ, മൃഗസംരക്ഷണ പ്രവർത്തകർ, ക്ഷീരകർഷകർ, തൊഴിലുറപ്പ് തൊഴിലാളികൾ തുടങ്ങി തുറസ്സായ പ്രദേശങ്ങളിലോ മൃഗങ്ങളോടൊപ്പമോ ജോലി ചെയ്യുന്ന നിരവധി ആളുകൾക്ക് സംഭവിക്കുന്ന ഒരു തൊഴിൽപരമായ അപകടമാണിത്. മലിനമായ തടാകങ്ങളിലും നദികളിലും നീന്തുന്നതും, കയാക്കിങ്ങ്, റാഫ്റ്റിങ്ങ് എന്നിവ ചെയ്യുന്നതുമായും ഈ രോഗം ബന്ധപ്പെട്ടിരിക്കുന്നു. കൂടാതെ നഗരങ്ങളിലെ കുട്ടികളിലും

ലെപ്റ്റോസ്പൈറോസിസ് അണുബാധ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. മലിനമായ ഉറവിടവുമായി സമ്പർക്കം പുലർത്തിയതിന് ശേഷം 2 ദിവസം മുതൽ 4 ആഴ്ചകൾക്കിടയിൽ ഒരു വ്യക്തി രോഗബാധിതനാകുന്നു. സാധാരണയായി പനിയും മറ്റ് ലക്ഷണങ്ങളുമായി പെട്ടെന്നുതന്നെ രോഗം ആരംഭിക്കുന്നു. എലിപ്പനി രണ്ട് ഘട്ടങ്ങളായി സംഭവിക്കാം. പനി, വിറയൽ, തലവേദന, പേശിവേദന, ഛർദ്ദി, വയറിളക്കം, മഞ്ഞപ്പിത്തം, കണ്ണുകളിലെ ചുവപ്പ് എന്നിവയടങ്ങുന്ന ആദ്യ ഘട്ടത്തിന് ശേഷം രോഗി കുറച്ചുകാലത്തേക്ക് സുഖം പ്രാപിച്ചേക്കാമെങ്കിലും വീണ്ടും അസുഖം വരാനിടയുണ്ട്. രോഗബാധിതരിൽ ചിലർക്ക് കിഡ്നി, ഹൃദയം എന്നിവക്ക് സംഭവിക്കുന്ന ആഘാതം കാരണം മരണം വരെ സംഭവിക്കാം

- <u>രോഗം തടയാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ</u>

  മൃഗങ്ങളുടെ മൂത്രത്താൽ മലിനമായേക്കാവുന്ന വെള്ളത്തിൽ ഇറങ്ങുകയോ നീന്തുകയോ ചെയ്യുന്നത് ഒഴിവാക്കുക. രോഗബാധിതരായ മൃഗങ്ങളുമായുള്ള സമ്പർക്കം ഒഴിവാക്കുക. ജോലിയുടെ ഭാഗമായോ വിനോദപ്രവർത്തനത്തിനു വേണ്ടിയോ മലിനജലത്തിലോ മണ്ണിലോ സമ്പർക്കം പുലർത്തുന്നവർ, മഴക്കാലത്ത് പ്രത്യേകിച്ചും, ഉചിതമായ സംരക്ഷണ വസ്ത്രങ്ങളോ പാദരക്ഷകളോ നിർബന്ധമായും ധരിക്കേണ്ടതാണ്.

- <u>റിപ്പോർട്ടിങ്ങ്:</u>

  മഴക്കാലത്താണ് രോഗം പടരുന്നത്. മേൽപ്പറഞ്ഞ രോഗലക്ഷണങ്ങളുള്ള വ്യക്തികളെ കണ്ടാൽ ഉടനടി ഏകാരോഗ്യ നോഡൽ ഓഫീസറെ വിവരമറിയിക്കുക.

## മൃഗങ്ങളിലെ രോഗ നിരീക്ഷണം

### 1. പേവിഷബാധ

അക്രമസ്വഭാവം, അസ്വസ്ഥത, കടിയേറ്റ ഭാഗത്ത് നക്കുക, അമിതമായ അളവിൽ ഉമിനീർ വരിക, പക്ഷാഘാതം.

രോഗലക്ഷണങ്ങൾ ഉടനടി പ്രത്യക്ഷപ്പെടണമെന്നില്ല, ചിലപ്പോൾ 10 ദിവസത്തിനകമോ അതിനുശേഷമോ ആയിരിക്കാം രോഗലക്ഷണങ്ങൾ പ്രകടമാകുന്നത്.

- <u>രോഗം തടയാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ</u>

  നിങ്ങളുടെ വളർത്തുമൃഗങ്ങൾക്ക് വാക്സിനേഷൻ നൽകുകയും പരിചയമില്ലാത്ത മൃഗങ്ങളുമായും വന്യമൃഗങ്ങളുമായുമുള്ള സമ്പർക്കം തടയുകയും ചെയ്യുക.

- <u>റിപ്പോർട്ടിങ്ങ്</u>

  മേൽപ്പറഞ്ഞ ലക്ഷണങ്ങൾ കാണിക്കുന്ന വളർത്തുമൃഗങ്ങളെ അല്ലെങ്കിൽ തെരുവ് മൃഗങ്ങളെ കണ്ടാൽ ഏകാരോഗ്യ നോഡൽ ഓഫീസറെ അറിയിക്കുക.

### 2. ആന്ത്രാക്സ്

കന്നുകാലികളിലും ആടുകളിലും പെട്ടെന്നുള്ള പനിയും ഉത്തേജിക്കപ്പെട്ട അവസ്ഥയും തുടർന്ന് വിഷാദം, മയക്കം, ശ്വാസതടസ്സം അല്ലെങ്കിൽ ഹൃദയാഘാതം

ശേഷം മരണവും സംഭവിക്കുന്നു. സാധാരണയായി ഈ അസുഖം ബാധിച്ച കന്നുകാലികൾ വളരെപ്പെട്ടെന്ന് ചത്തുപോകുന്നു. അസുഖം ബാധിച്ച് ചത്ത മൃഗങ്ങളുടെ മൂക്കിലും വായിലും മലദ്വാരത്തിലും രക്തം കാണപ്പെടാം.

- <u>രോഗം തടയാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ</u>

  കന്നുകാലികൾക്ക് വാക്സിനേഷൻ, ചത്ത മൃഗങ്ങളുടെ ശരിയായ സംസ്കരണം (ചുണ്ണാമ്പ് ഉപയോഗിച്ച് ആഴത്തിൽ സംസ്കരിക്കൽ/ ദഹിപ്പിക്കൽ). ഓക്സിജനുമായി സമ്പർക്കം പുലർത്തുന്നത് ബാക്ടീരിയയെ ബീജാണുക്കൾ ഉണ്ടാക്കാൻ സഹായിക്കുമെന്നതിനാൽ മൃതദേഹം തുറക്കാൻ പാടില്ല. രോഗബാധയ്ക്കിടയുള്ള എല്ലാ മൃഗങ്ങൾക്കും വാക്സിനേഷൻ നൽകുകയും എല്ലാ ശവശരീരങ്ങളും നീക്കം ചെയ്യുകയും ചെയ്യുന്നതുവരെ പരിസരം ക്വാറന്റൈൻ ചെയ്യണം.

- <u>റിപ്പോർട്ടിങ്ങ്</u>

  മേൽപ്പറഞ്ഞ ലക്ഷണങ്ങളോടെയുള്ള കന്നുകാലികളുടെ പെട്ടെന്നുള്ള മരണങ്ങൾ ഏകാരോഗ്യ നോഡൽ ഓഫീസറെ അറിയിക്കുക

### 3. പക്ഷിപ്പനി

നീര്, ശരീരത്തിലെ നിറവ്യത്യാസം, വയറിളക്കം, മൂക്കിൽ നിന്നും സ്രവം വരിക, ആകൃതി വ്യത്യാസമുള്ള മുട്ടകൾ, കുറഞ്ഞ മുട്ട ഉത്പ്പാദനം തുടങ്ങിയവ പക്ഷിപ്പനിയുടെ ലക്ഷണങ്ങളാണ്.

- <u>രോഗം തടയാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ</u>

  രോഗബാധിതരായ പക്ഷികളുമായും രോഗികളുമായും അവയുടെ സ്രവങ്ങളുമായുള്ള സമ്പർക്കം ഒഴിവാക്കുക. ചത്ത പക്ഷികളെയോ രോഗബാധയുണ്ടെന്ന് സംശയിക്കുന്നവയെയോ കൈകൊണ്ട് തൊടരുത്. ചത്ത പക്ഷികളുടെ ജഡം കയ്യുറകളും പ്ലാസ്റ്റിക് ക്യാരി ബാഗുകളും ഉപയോഗിച്ച് ഒരു ചവറ്റുകുട്ടയിലേക്ക് മാറ്റുക. പക്ഷിപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ട സ്ഥലങ്ങളിലേക്കുള്ള യാത്ര ഒഴിവാക്കുക.

- <u>റിപ്പോർട്ടിങ്ങ്</u>

  നിങ്ങളുടെ പ്രദേശത്തെ കോഴി/താറാവ്/പക്ഷി വളർത്തൽ കർഷകരെ ബോധവത്ക്കരിക്കുക. മുകളിൽ പറഞ്ഞ രോഗലക്ഷണങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഏകാരോഗ്യ നോഡൽ ഓഫീസറെ അറിയിക്കുക

### 4. ബ്രൂസെല്ലോസിസ്

ബാക്ടീരിയ മൂലമുണ്ടാകുന്ന ഒരു ജന്തുജന്യരോഗമാണിത്. മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്ക് ഇത് പകരുന്നു. രോഗബാധിതരായ മൃഗങ്ങളെ അവയുടെ രൂപഭാവങ്ങളോ രോഗലക്ഷണങ്ങളോ ഉപയോഗിച്ച് കണ്ടെത്താൻ ഫലപ്രദമായ മാർഗ്ഗമില്ല. ഏറ്റവും പ്രകടമായ അടയാളങ്ങൾ ഗർഭഛിദ്രം അല്ലെങ്കിൽ ദുർബലമായ കന്നുകുട്ടികളുടെ ജനനം എന്നിവയാണ്. ഗർഭച്ഛിദ്രവും വൈകിയുള്ള ഗർഭധാരണവും മൂലം സാധാരണ മുലയൂട്ടൽ കാലഘട്ടത്തിലുണ്ടാകുന്ന വ്യത്യാസം കാരണം പാലുത്പാദനം കുറഞ്ഞേക്കാം. രോഗം ബാധിച്ച എല്ലാ പശുക്കളിലും ഗർഭഛിദ്രം നടക്കാറില്ല. ഗർഭഛിദ്രം നടക്കുന്നവയിൽ സാധാരണയായി ഗർഭത്തിന്റെ അഞ്ചാം മാസത്തിനും ഏഴാം മാസത്തിനും ഇടയിലാണ് അത് സംഭവിക്കാറുള്ളത്.

- <u>രോഗം തടയാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ</u>

  മൃഗങ്ങളിൽ ഈ രോഗത്തിന് പ്രതിരോധകുത്തിവയ്പ്പുകൾ ലഭ്യമാണ്. അസുഖമുള്ള മൃഗങ്ങളെ എത്രയും വേഗം നീക്കം ചെയ്യുക. രോഗം കൂടുതലായി കാണപ്പെടാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ ഫലപ്രദമായ തിരിച്ചറിയൽ നടപടികൾ സ്വീകരിക്കുക. പാലും പാലുൽപ്പന്നങ്ങളും സുരക്ഷിതമായി ഉപയോഗിക്കുക.

- <u>റിപ്പോർട്ടിങ്ങ്</u>

  കന്നുകാലികളിൽ പ്രത്യുത്പാദനപ്രശ്നങ്ങൾ ഉണ്ടായാൽ മേൽപ്പറഞ്ഞ ലക്ഷണങ്ങളുണ്ടോ എന്ന് ശ്രദ്ധിക്കുകയും ബന്ധപ്പെട്ട ആരോഗ്യ പ്രവർത്തകരെയും ഏകാരോഗ്യ നോഡൽ ഓഫീസറേയും ഉടൻ അറിയിക്കുകയും ചെയ്യുക.

**5. റിംഗ് വേം അണുബാധ**

നായ്ക്കുട്ടികളിലും പൂച്ചക്കുട്ടികളിലും മിക്കപ്പോഴും വൃത്താകൃതിയിലോ ക്രമരഹിതമായ രൂപത്തിലോ ശരീരത്തിന്റെ പലഭാഗങ്ങളിലും രോമം കൊഴിയുകയും ചൊറിച്ചിലോടു കൂടിയോ അല്ലാത്തതോ ആയ ചുവന്ന പാടുകളും പൊറ്റകളും ഉണ്ടാകുകയും ചെയ്യുന്നു. അണുബാധയുള്ള ഭാഗം പൂർണ്ണമായും രോമമില്ലാത്തതാകണമെന്നില്ല, പകരം രോമം പൊട്ടിപ്പോകുകയോ ബലമില്ലാത്തതോ ആകാം.

- <u>രോഗം തടയാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ</u>

  രോഗം നിയന്ത്രിക്കുന്നതിനായി രോഗബാധിതരായ മൃഗങ്ങളെ ക്വാറന്റൈൻ ചെയ്യുകയും അവയുടെ പാർപ്പിടം അണുവിമുക്തമാക്കുകയും വേണം. രോഗം ബാധിച്ച മൃഗവുമായി സമ്പർക്കത്തിലുണ്ടായിരുന്ന ആളുകളെ സൂക്ഷ്മമായി നിരീക്ഷിക്കുകയും ഉടൻ ചികിത്സാവിധേയരാക്കുകയും ചെയ്യണം.

- <u>റിപ്പോർട്ടിങ്ങ്:</u>

  മൃഗങ്ങളിൽ അസ്വാഭാവികമായി എന്തെങ്കിലും കണ്ടാൽ ഉടൻ ബന്ധപ്പെട്ട ആരോഗ്യ പ്രവർത്തകരെയും ഏകാരോഗ്യ നോഡൽ ഓഫീസറേയും അറിയിക്കുക.

**6. ടോക്സോപ്ലാസ്മോസിസ്**

പനി, വയറിളക്കം, ശ്വാസതടസ്സം, മഞ്ഞപ്പിത്തം, പേശികളുടെ ബലഹീനത എന്നിവയാണ് ലക്ഷണങ്ങൾ. ഈ രോഗം ഗർഭകാലത്ത് ഗുരുതരമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. മൃഗങ്ങളിൽ നിന്ന് മനുഷ്യരിലേക്ക് പകരുന്ന രോഗമാണിത്.

- <u>രോഗം തടയാൻ സ്വീകരിക്കേണ്ട മാർഗ്ഗങ്ങൾ</u>

  മൃഗങ്ങൾക്ക് ഭക്ഷണം നൽകുന്ന പാത്രങ്ങൾ വൃത്തിയായി സൂക്ഷിക്കുക. മൃഗങ്ങളുടെ കൂടും പരിസരവും കൃത്യമായ ഇടവേളകളിൽ അണുവിമുക്തമാക്കുക.

- <u>റിപ്പോർട്ടിങ്ങ്</u>

  മൃഗങ്ങളിൽ അസ്വാഭാവികമായി എന്തെങ്കിലും കണ്ടാൽ ബന്ധപ്പെട്ട ആരോഗ്യ പ്രവർത്തകരെയും ഏകാരോഗ്യ നോഡൽ ഓഫീസറേയും ഉടൻ അറിയിക്കുക.

## കൃഷിയും ഏകാരോഗ്യവും

മനുഷ്യജീവിതം നിലനിർത്തുന്നതിനും നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി ഭക്ഷണം, നാരുകൾ, ജൈവ ഇന്ധനം, ഔഷധം, മറ്റ് ഉത്പന്നങ്ങൾ എന്നിവയ്ക്കായി സസ്യങ്ങൾ, ഫംഗസ്, മറ്റ് ജീവജാലങ്ങൾ എന്നിവ വളർത്തിയെടുക്കുന്ന പ്രവൃത്തിയാണ് കൃഷി. ആധുനിക കൃഷിശാസ്ത്രം, സസ്യപ്രജനനരീതികൾ, കീടനാശിനികൾ, രാസവളങ്ങൾ, കാർഷിക രാസവസ്തുക്കളുടെ ഉപയോഗം, മെച്ചപ്പെട്ട സാങ്കേതിക വിദ്യകൾ എന്നിവ വിളവ് കുത്തനെ വർദ്ധിപ്പിക്കാൻ കാരണമായി. അതേസമയം വ്യാപകമായ പാരിസ്ഥിതിക നാശത്തിനും മനുഷ്യന്റെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്നതിനും ഈ ഘടകങ്ങളുടെ അമിതവും അശാസ്ത്രീയവുമായ ഉപയോഗം കാരണമായിട്ടുണ്ട്. എല്ലാ കാർഷിക വിളകളിലും പലതരത്തിലുള്ള കീടങ്ങളുടെയും രോഗങ്ങളുടെയും ആക്രമണമാണ് കേരളത്തിലെ കർഷകർ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം. കാലാവസ്ഥ, മണ്ണ്, മറ്റ് പാരിസ്ഥിതിക ഘടകങ്ങൾ എന്നിവയെ ആശ്രയിച്ച് കീടങ്ങളുടെയും രോഗങ്ങളുടെയും ആക്രമണത്തിന്റെ ആഘാതം വ്യത്യാസപ്പെടുന്നു. മെച്ചപ്പെട്ട കാർഷികശീലങ്ങൾ വളർത്തിയെടുക്കുന്നതിന് ഇത്തരം വ്യതിയാനങ്ങളെക്കുറിച്ച് വ്യക്തമായ ധാരണ ഉണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്. കീടങ്ങളുടെയും രോഗങ്ങളുടെയും വർദ്ധനവ് വിളകളുടെ ഉത്പാദനക്ഷമത കുറയാനുള്ള പ്രധാന കാരണങ്ങളിലൊന്നാണ്.

സാമ്പത്തികനിലയെ തകരാറിലാക്കുന്ന വിധത്തിൽ മനുഷ്യനും അവന്റെ സ്വത്തിനും കാര്യമായ നാശനഷ്ടങ്ങൾ വരുത്തുന്ന ഏതൊരു ജീവിയെയും കീടം എന്ന് നിർവ്വചിക്കാം.

## വിവിധതരം കീടങ്ങൾ

| | | |
|---|---|---|
| കീടങ്ങൾ | - | വണ്ടുകൾ, പാറ്റകൾ, ഈച്ചകൾ |
| പ്രാണികളല്ലാത്ത കീടങ്ങൾ | - | എലികൾ, ഒച്ചുകൾ, പക്ഷികൾ |
| രോഗങ്ങൾ | - | വൈറസ്, ബാക്ടീരിയ, ഫംഗസ്, പരാന്നഭോജികൾ എന്നിവമൂലമുണ്ടാകുന്നവ |
| പൂവിടുന്ന പരാന്നഭോജികൾ | - | സ്ട്രിഗ |
| കളകൾ | - | ഏകകാണ്ഡ സസ്യങ്ങൾ, ദ്വികാണ്ഡ സസ്യങ്ങൾ |

വനനശീകരണം, പ്രകൃതിദത്തമായ ശത്രുകീടങ്ങളുടെ നാശം, അശാസ്ത്രീയമായ കൃഷിരീതികളുടെ അമിതമായ ഉപയോഗം, പുതിയ വിളകളുടെ ഉപയോഗം, പുതിയ കീടങ്ങളുടെ ആവിർഭാവം തുടങ്ങിയവയാണ് കീടങ്ങളുടെ വർദ്ധനയ്ക്കുള്ള പ്രധാന കാരണങ്ങൾ.

<u>റിപ്പോർട്ടിങ്ങ്:</u> നിരീക്ഷണം ശക്തമാക്കുകയും അസാധാരണമായ പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ഉടൻ തന്നെ ഉന്നതതലങ്ങളിലേക്ക് റിപ്പോർട്ട് ചെയ്യുകയും ചെയ്യുക.

## മത്സ്യ മേഖലയും ഏകാരോഗ്യവും

മാംസ്യം (പ്രോട്ടീൻ) അടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ ആഗോളതലത്തിൽ വർദ്ധിച്ചുവരുന്ന ആവശ്യം നിറവേററുന്നതിനായി അതിവേഗം വളർന്നുകൊണ്ടിരിക്കുന്ന മേഖലയാണ് മത്സ്യബന്ധനം. താരതമ്യേന ചെലവുകുറഞ്ഞ ഒരു സംരംഭമെന്നതിനോടൊപ്പം മത്സ്യം സുരക്ഷിതമായ ഭക്ഷണ സ്രോതസ്സായി കണക്കാക്കപ്പെടുന്നു. ആരോഗ്യമുള്ള മത്സ്യങ്ങളുടെ പേശികൾ ഏറെക്കുറെ അണുവിമുക്തമാണ്. ജലവിഭവങ്ങളുടെ ഉത്പാദന-വിതരണ ശൃംഖലയിലുടനീളം നിരവധി അപകടങ്ങൾ (ജൈവ, രാസ, പാരിസ്ഥിതിക) പതിയിരിപ്പുണ്ട്. കൂടാതെ, വിവിധ പ്രദേശങ്ങളിൽ നിലനിൽക്കുന്ന അനുയോജ്യമല്ലാത്ത കൃഷിരീതികൾ, പരിസ്ഥിതി മലിനീകരണം, സാമൂഹിക-സാംസ്കാരിക ശീലങ്ങൾ എന്നിവ മൂലവും ഈ അപകടങ്ങൾ സംഭവിക്കാം. അതിനാൽ, വർദ്ധിച്ചുവരുന്ന ആഗോള ജനസംഖ്യയും ജലവിഭവ ഉത്പന്നങ്ങൾക്കായുള്ള ആവശ്യങ്ങളും കണക്കിലെടുക്കുമ്പോൾ ഭക്ഷ്യ സുരക്ഷാ പ്രശ്നങ്ങളുടെ ശരിയായ വിലയിരുത്തലിന്റെയും അനുയോജ്യമായ നിയമനിർമ്മാണത്തിന്റെയും ആവശ്യം പ്രകടമാണ്.

<u>ഉത്പാദന മേഖലയിലെ പ്രശ്നങ്ങൾ</u> - രാസവസ്തുക്കൾ, പ്ലാസ്റ്റിക്, ഘനലോഹങ്ങൾ, ആന്റിബയോട്ടിക്കുകൾ തുടങ്ങിയവ.

<u>വിതരണ മേഖലയിലെ പ്രശ്നങ്ങൾ</u> - പഴകിയ മത്സ്യത്തിന്റെ വിപണനം, രാസവസ്തുക്കൾ ഉപയോഗിച്ചുള്ള സംരക്ഷണം തുടങ്ങിയവ.

കൗതുകത്തിനും വിനോദത്തിനുമായി അക്വേറിയങ്ങളിലും ടാങ്കുകളിലും ഇന്ന് പലരും വിവിധ ഇനം മത്സ്യങ്ങളെ സൂക്ഷിക്കുന്നു. മറ്റെല്ലാ ജന്തുജാലങ്ങളെയും പോലെ മത്സ്യവും മനുഷ്യരെ രോഗബാധിതരാക്കുന്ന രോഗാണുക്കളെ വഹിക്കാനിടയുണ്ട്. ഈ അണുക്കൾക്ക് മത്സ്യം വസിക്കുന്ന വെള്ളവും മലിനമാക്കാൻ കഴിയും. മത്സ്യവും അക്വേറിയത്തിലെ ജലവും മനുഷ്യരിലേക്ക് രോഗാണുക്കൾ പരത്തുന്നുണ്ടെങ്കിലും മത്സ്യവളർത്തൽ മൂലം അസുഖമുണ്ടാകുന്നത് അപൂർവ്വമാണ്. നിങ്ങളുടെ മത്സ്യത്തിനും അവയുടെ അക്വേറിയത്തിനും സ്ഥിരമായ പരിചരണം നൽകുന്നതിലൂടെയും ചില ലളിതമായ നുറുങ്ങു വിദ്യകൾ പ്രയോഗിക്കുന്നതിലൂടെയും നിങ്ങൾക്ക് അക്വേറിയത്തിലെ മത്സ്യത്തെ സ്പർശിക്കുകയോ ഭക്ഷണം നൽകുകയോ പരിപാലിക്കുകയോ ചെയ്യുന്നതിലൂടെ അസുഖം വരാനുള്ള സാദ്ധ്യത കുറയ്ക്കാം. ശുദ്ധജലതടാകങ്ങളിലും അക്വേറിയങ്ങളിലും സാധാരണയായി കാണപ്പെടുന്ന ഒരു തരം ബാക്ടീരിയയാണ് എയറോമോണസ്. ഈ അണുക്കൾ മത്സ്യങ്ങളിലും ഉഭയജീവികളിലും രോഗമുണ്ടാക്കും. എയ്റോമോണസ് ഉഭയജീവികളുടെ കൈകാലുകൾക്കും മത്സ്യങ്ങളുടെ ചിറകുകൾക്കും നിറംമാറ്റം വരുത്തും. ജലജീവികളിൽ ഇത് ആന്തരിക രക്തസ്രാവത്തിനും കാരണമാകും. തുറന്ന മുറിവുകളിലൂടെയോ മലിനമായ വെള്ളം കുടിക്കുന്നതിലൂടെയോ രോഗാണു മനുഷ്യരിലേക്ക് എത്തിച്ചേരുന്നു. ചെറിയ കുട്ടികളിലും പ്രതിരോധശേഷി കുറഞ്ഞ മുതിർന്നവരിലുമാണ് സാധാരണയായി അണുബാധയുണ്ടാകുന്നത്. ഇതുമൂലം വയറിളക്കമോ രക്തത്തിലെ അണുബാധയോ ഉണ്ടാകാം. അക്വേറിയങ്ങളിലെ ജലത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുക, ചത്ത മത്സ്യങ്ങളെ ഉടനടി നീക്കം ചെയ്യുക, കൈകഴുകൽ ഉൾപ്പടെയുള്ള ആരോഗ്യകരമായ ശീലങ്ങൾ പരിശീലിക്കുക എന്നിവ എയ്റോമോണസ് അണുബാധയുടെ സാദ്ധ്യത കുറയ്ക്കും.

## ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ്

ആന്റിബയോട്ടിക്കുകൾ, ആന്റിവൈറലുകൾ, ആന്റിഫംഗലുകൾ, ആന്റിപാരസൈറ്റിക് എന്നിവയുൾപ്പെടെയുള്ള ആന്റിമൈക്രോബിയലുകൾ - മനുഷ്യരിലും മൃഗങ്ങളിലും

സസ്യങ്ങളിലും അണുബാധ തടയുന്നതിനും ചികിത്സിക്കുന്നതിനും ഉപയോഗിക്കുന്ന മരുന്നുകളാണ്. ബാക്ടീരിയ, വൈറസുകൾ, ഫംഗസ്, പരാന്നഭോജികൾ എന്നിവയുടെ ആന്തരിക ഘടന കാലക്രമേണ മാറുകയും മരുന്നുകളോട് പ്രതികരിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ് ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (AMR). ഇത് അണുബാധ ചികിത്സിക്കാൻ പ്രയാസകരമാക്കുകയും രോഗം പടരുന്നതിനും ഗുരുതരമായ അസുഖത്തിനും മരണത്തിനും ഉള്ള സാദ്ധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ആന്റിബയോട്ടിക്കുകൾക്കെതിരായി ബാക്ടീരിയകൾ പ്രതിരോധശേഷി നേടുന്നത് ഇതിനൊരു ഉദാഹരണമാണ്. ആധുനിക വൈദ്യശാസ്ത്രത്തിലെ വിപ്ലവകരമായ കണ്ടുപിടുത്തമായിരുന്നു ആന്റിബയോട്ടിക്കുകൾ. കോടിക്കണക്കിന് ആളുകളുടെ ജീവൻ രക്ഷിച്ച ഈ കണ്ടുപിടുത്തം ആരോഗ്യമേഖലയിൽ വലിയ കുതിച്ചുചാട്ടത്തിന് കാരണമായി. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ 46 വയസ്സുണ്ടായിരുന്ന ശരാശരി ആയുർദൈർഘ്യത്തിൽ വലിയ വർദ്ധനവുണ്ടാക്കുന്നതിൽ ആന്റിബയോട്ടിക്കുകൾ വഹിച്ച പങ്ക് ചെറുതല്ല. ചില സൂക്ഷ്മാണുക്കൾ അവയ്ക്കെതിരെ ഫലപ്രദമായിരുന്ന മരുന്നുകളോട് പ്രതിരോധം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ജനിതക പരിവർത്തനം വഴിയോ അല്ലെങ്കിൽ ഒരു ജീവിവർഗ്ഗത്തിൽ നിന്ന് മറ്റൊന്ന് പ്രതിരോധം നേടുന്നതിലൂടെയോ ബാക്ടീരിയയിൽ പ്രതിരോധശേഷി സ്വാഭാവികമായും ഉണ്ടാകാം. ക്രമരഹിതമായ ജൈവപരിവർത്തനം കാരണം പ്രതിരോധം സ്വാഭാവികമായി കൈവരിക്കാം. കൂടാതെ ജനിതക കൈമാറ്റം വഴി പ്രതിരോധശേഷിയുള്ള ജീനുകളുടെ വ്യാപനത്തിലൂടെയും ഇത് സംഭവിക്കുന്നു. ആന്റിബയോട്ടിക്കുകളുടെ അനിയന്ത്രിതമായ ഉപയോഗം, ആന്റിബയോട്ടിക്കുകളെ നിഷ്ഫലമാക്കാൻ കഴിയുന്ന മ്യൂട്ടേഷനുകൾ (ജൈവപരിവർത്തനം) സംഭവിക്കാൻ കാരണമാകുന്നുണ്ട്. 2050 ആകുമ്പോഴേക്കും ആന്റിമൈക്രോബിയൽ പ്രതിരോധം മൂലമുള്ള മരണങ്ങളുടെ എണ്ണം ഗണ്യമായി വർദ്ധിക്കും. മറ്റ് രോഗങ്ങളേക്കാളും അപകടമരണങ്ങളേക്കാളും കൂടുതലായിരിക്കും ഇത്. പൊതുജനങ്ങൾക്കിടയിലും ഏകാരോഗ്യ പ്രവർത്തകർക്കിടയിലും ആരോഗ്യ നയരൂപീകരണം നടത്തുന്ന ഉദ്യോഗസ്ഥർക്കിടയിലും AMR-നെ കുറിച്ചുള്ള അവബോധവും ധാരണയും മെച്ചപ്പെടുത്തുന്നതിനും മികച്ച രോഗപ്രതിരോധ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി വർഷംതോറും നടത്തിവരുന്ന ഒരു ആഗോള ക്യാമ്പയിനാണ് ലോക AMR ബോധവത്ക്കരണ വാരം (World Antimicrobial Resistance Awareness Week - WAAW).

## കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്രാറ്റജിക് ആക്ഷൻ പ്ലാൻ (KARSAP)

ഒന്നിലധികം മേഖലകളെ ഉൾപ്പെടുത്തിയാണ് കർസാപ്പ് വികസിപ്പിച്ചിരിക്കുന്നത്. ഇത് AMR മൂലമുണ്ടാകുന്ന പ്രശ്നങ്ങളെ ഫലപ്രദമായി നേരിടാൻ ആവശ്യമായ നിരവധി പ്രവർത്തനങ്ങളെ അഭിസംബോധന ചെയ്യുന്നു. കർസാപ്പിന്റെയും വൺ ഹെൽത്ത് പ്രവർത്തനങ്ങളുടെയും സംയോജനം ആർദ്രം-RKI-യുടെ ഭാഗമായുള്ള പ്രവർത്തനങ്ങളിലെ ഒരു പ്രധാന ഭാഗമാണ്.

# ആന്റിബയോട്ടിക് പ്രതിരോധം നമുക്ക് എന്തൊക്കെ ചെയ്യാം?

നേടാം ആന്റിബയോട്ടിക് സാക്ഷരത

1. മിക്ക അണുബാധകളും വൈറസ് മൂലമാണ് ഉണ്ടാകുന്നത്. അതിനാൽ ഇവയ്ക്കെതിരെ ആന്റിബയോട്ടിക്കുകൾ ഫലപ്രദമല്ല.

2. ഡോക്ടർ നിർദ്ദേശിക്കുമ്പോൾ മാത്രം ആൻറിബയോട്ടിക്കുകൾ ഉപയോഗിക്കുക. ഒരിക്കലും ആൻറിബയോട്ടിക്കുകൾ ആവശ്യപ്പെടുകയോ ഡോക്റ്ററുടെ കുറിപ്പടി ഇല്ലാതെ വാങ്ങി കഴിക്കുകയോ ചെയ്യരുത്.

3. ബാക്ടീരിയ സ്വയം മാറുകയും അവ ഉണ്ടാക്കുന്ന രോഗങ്ങളെ ചികിത്സിക്കാൻ ഉപയോഗിക്കുന്ന ആൻറിബയോട്ടിക്കുകളെ പ്രതിരോധിക്കുകയും ചെയ്യുന്നതിനെയാണ് ആന്റിബയോട്ടിക് പ്രതിരോധം എന്ന് പറയുന്നത്

4. ഒരു ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം ആൻറിബയോട്ടിക്കുകൾ ഉപയോഗിക്കുക

5. ചികിത്സ കഴിഞ്ഞു ശേഷിക്കുന്ന ആൻറിബയോട്ടിക്കുകൾ ഒരിക്കലും ഉപയോഗിക്കരുത്. ശേഷിക്കുന്നതോ കാലഹരണപ്പെട്ടതോ ആയ ആൻറിബയോട്ടിക്കുകൾ കരയിലോ ജലാശയങ്ങളിലോ വലിച്ചെറിയരുത്.

6. രോഗശമനം തോന്നിയാൽ പോലും ഡോക്ടർ നിർദേശിച്ച കാലയളവിലേക്ക് ആന്റിബയോട്ടിക് ചികിത്സ പൂർത്തിയാക്കുന്നുവെന്നു ഉറപ്പ് വരുത്തുക

7. ആൻറിബയോട്ടിക്കുകൾ ഒരിക്കലും മറ്റുള്ളവരുമായി പങ്കിടാൻ പാടില്ല

8. അണുബാധ തടയുന്നതിന് പതിവായി കൈ കഴുകുകയും, രോഗികളുമായുള്ള സമ്പർക്കം ഒഴിവാക്കുകയും, പ്രതിരോധ കുത്തിവയ്പ്പുകൾ കാലാനുസൃതമായി എടുക്കുകയും ചെയ്യുക

HANDLE ANTIBIOTICS WITH CARE


ആൻറിബയോട്ടിക്കുകൾ
ദുരുപയോഗവും അമിത ഉപയോഗവും അപകടത്തിലേക്ക് നയിക്കാം
നേടാം ആന്റിബയോട്ടിക് സാക്ഷരത
ആൻറിബയോട്ടിക്കുകൾ അനാവശ്യമായി കഴിക്കുന്നത് ആൻറിബയോട്ടിക് റെസിസ്റ്റൻസിന് കാരണമാകാം. ഇത് ലോകാരോഗ്യരംഗത്ത് വലിയ ഭീഷണിയാണ്
ആന്റിബയോട്ടിക്കുകളോട് പ്രതികരിക്കാത്ത അണുബാധകൾ ദീർഘകാല ആശുപത്രി വാസത്തിനും സാമ്പത്തിക നഷ്ടത്തിനും മരണത്തിനും കാരണമാകാം
ആൻറിബയോട്ടിക്കുകളുടെ അമിത ഉപയോഗം രോഗാണുക്കളെ ശക്തരാക്കുകയും നിലവിലുള്ള ചികിത്സ ഫലവത്താകാതിരിക്കുകയും ചെയ്യുന്നു
ആന്റിബയോട്ടിക്കുകളോട് പ്രതികരിക്കാത്ത അണുബാധകൾ ദീർഘകാല ആശുപത്രി വാസത്തിനും സാമ്പത്തിക നഷ്ടത്തിനും മരണത്തിനും കാരണമാകാം
ആന്റിബയോട്ടിക്കുകളോട് പ്രതികരിക്കാത്ത അണുബാധകൾ പ്രായഭേദമന്യേ ആർക്കും പിടിപെടാം
ആന്റിബയോട്ടിക്കുകൾക്കെതിരെ ചെറുത്ത് നിൽക്കുന്നത് ബാക്റ്റീരിയകളാണ്, അല്ലാതെ മനുഷ്യനോ മൃഗമോ അല്ല
ബാക്റ്റീരിയകൾ ആന്റിബയോട്ടിക്കുകളെ ചെറുത്ത്തോല്പിക്കും തോറും രോഗങ്ങളുടെ ചികിത്സ ദുഷ്കരമാകും

# അദ്ധ്യായം 8

# കമ്മ്യൂണിറ്റി മെന്റർമാരുടെയും വളണ്ടിയർമാരുടെയും തിരഞ്ഞെടുപ്പും ശാക്തീകരണവും

മൂല്യബോധമുള്ള ആളുകൾ താമസിക്കുകയും ഇടപഴകുകയും ചെയ്യുന്ന മേഖലകളിലാണ് സന്നദ്ധ പ്രവർത്തനം രൂപപ്പെടുന്നത്. കഴിവും നിശ്ചയദാർഢ്യവും സമന്വയിപ്പിച്ച് മുന്നേറി വലിയ ലക്ഷ്യങ്ങൾ കൈവരിച്ചിട്ടുള്ളതിന്റെ മഹത്തായ ചരിത്രം കൈമുതലായുള്ള സംസ്ഥാനമാണ് കേരളം.

ഗ്രന്ഥശാലാപ്രസ്ഥാനം, സാക്ഷരതാപ്രസ്ഥാനം, ജനകീയാസൂത്രണം, പ്രകൃതിദുരന്തങ്ങളെ അതിജീവിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, കോവിഡ് പ്രതിരോധ സംരംഭങ്ങൾ തുടങ്ങിയവയെല്ലാം സന്നദ്ധപ്രവർത്തനത്തിന്റെ കേരള മാതൃകയുടെ ഉദാഹരണങ്ങളാണ്.

## സന്നദ്ധപ്രവർത്തകരുടെ സവിശേഷതകൾ

- ✓ സാമൂഹികപ്രതിബദ്ധത
- ✓ ആത്മപ്രചോദനം (Self-motivation)
- ✓ സഹാനുഭൂതിയും അനുകമ്പയും
- ✓ ക്ഷമയും സേവനസന്നദ്ധതയും
- ✓ സ്ഥിരോത്സാഹത്തോടെയുള്ള ഇടപെടൽ
- ✓ കൂട്ടായ്മകളുടെ ഭാഗമായി പ്രവർത്തിക്കാനുള്ള കഴിവ്
- ✓ സംഘാടന മികവ്

## പ്രവർത്തകരുടെ തിരഞ്ഞെടുപ്പ്

- ✓ തദ്ദേശ സർക്കാരുകളെക്കുറിച്ചുള്ള അറിവ്
- ✓ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരുമായി സഹകരിച്ചുപ്രവർത്തിക്കാനുള്ള സന്നദ്ധത
- ✓ പ്രളയ/കോവിഡ്കാല പ്രവർത്തനങ്ങളിലെ സജീവ പങ്കാളിത്തം
- ✓ സ്മാർട്ട് ഫോൺ ഉപയോഗിച്ചുള്ള പരിചയം
- ✓ പരിശീലനങ്ങളിൽ പങ്കെടുക്കാനുള്ള സന്നദ്ധത

### സാമൂഹികപ്രതിബദ്ധത

സമൂഹത്തിൽ ഓരോ വ്യക്തിക്കും തന്റേതായ പങ്ക് വഹിക്കാനുണ്ട് എന്ന ബോദ്ധ്യമുള്ള വ്യക്തികളിൽ രൂപപ്പെടുന്ന കർത്തവ്യബോധമാണ് സാമൂഹികപ്രതിബദ്ധത. അർപ്പണബോധമുള്ള വ്യക്തികൾ തങ്ങളുടെ കഴിവും അറിവും സമയവും സമൂഹത്തിന്റെ പരിപാലനത്തിനും വികസനത്തിനും സുസ്ഥിരതയ്ക്കും വേണ്ടി ഉപയോഗിക്കും.

### ആത്മപ്രചോദനം

ആശയവിനിമയം, നേതൃത്വപാടവം, സംഘാടനമികവ്, പ്രശ്നപരിഹാരശേഷി മുതലായ കഴിവുകൾ മെച്ചപ്പെടുത്തിയെടുക്കുന്നതിനായി നിരന്തരം പ്രവർത്തിക്കുകയും അത്തരത്തിൽ നേടിയെടുക്കുന്ന കഴിവുകൾ സ്വന്തം ഉന്നമനത്തിനോടൊപ്പംതന്നെ സമൂഹത്തിന്റെ ഉയർച്ചയ്ക്കുമായി ഉപയോഗിക്കുന്നവരാണ് ആത്മപ്രചോദനത്തിന്റെ ഉത്തമ മാതൃകകൾ. പ്രതികൂല സാഹചര്യങ്ങളെ സമചിത്തതയോടെ നേരിടാനുള്ള കഴിവ് അവരുടെ പ്രത്യകതയാണ്.

### സഹാനുഭൂതിയും അനുകമ്പയും

മറ്റുള്ളവരുടെ മനോവികാരങ്ങൾ തിരിച്ചറിയാനും അത് മനസ്സിലാക്കി കൂടെ നിൽക്കുവാനും കഴിയുന്ന വ്യക്തികൾക്ക് മാത്രമേ അവർക്ക് വൈകാരിക പിന്തുണ നൽകുവാൻ കഴിയൂ. വ്യക്തിജീവിതത്തിൽ ഒരാൾ സന്തോഷവാനായി ഇരിക്കേണ്ടതിന് സ്നേഹിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്ന ആളുകളുടെ സാന്നിദ്ധ്യം വളരെ പ്രധാനമാണ്. സഹാനുഭൂതി എന്ന മഹത്തായ വികാരം ഉള്ളവർക്ക് മാത്രമേ ഇത്തരത്തിൽ മറ്റുള്ളവരെ സ്നേഹിക്കാനും മനസ്സിലാക്കുവാനും സാധിക്കൂ. ദുഖിതരും അധസ്ഥിതരുമായ ആളുകളിലേക്ക് നന്മയുടെ പ്രകാശം പരത്താനുള്ള കഴിവിനെ അനുകമ്പ എന്ന് വിളിക്കാം. സന്നദ്ധപ്രവർത്തകർ അനുകമ്പയും സഹാനുഭൂതിയും ഉള്ളവരായിരിക്കണം.

### ക്ഷമയും സേവനസന്നദ്ധതയും

സന്നദ്ധപ്രവർത്തകർക്ക് അവശ്യം വേണ്ട ഗുണമാണ് ക്ഷമ. പലപ്പോഴും അനുചിതമായ പെരുമാറ്റം നേരിടേണ്ടിവരുമെന്ന് എല്ലാ സന്നദ്ധപ്രവർത്തകരും മനസ്സിലാക്കിയിരിക്കണം.

### സ്ഥിരോത്സാഹത്തോടെയുള്ള ഇടപെടൽ

മറ്റുള്ളവരെ സേവിക്കുന്നത് പ്രതിഫലം നേടാനുള്ള ഉപാധിയേക്കാൾ ഒരു പൗരനെന്ന നിലയിൽ തന്റെ കടമയാണെന്ന് വിശ്വസിക്കുന്നവരാണ് അർപ്പണബോധം എന്ന ആശയം വളർത്തിയെടുക്കുന്നത്. അർപ്പണമനോഭാവമുള്ളവർ സന്നദ്ധപ്രവർത്തനങ്ങളിൽ ആവേശവും സംതൃപ്തിയും കണ്ടെത്തുന്നു.

### കൂട്ടായ്മയുടെ ഭാഗമായി പ്രവർത്തിക്കാനുള്ള കഴിവ്

സേവന വിതരണ മേഖലയിൽ പലതരത്തിലുള്ള കൂട്ടായ്മകൾ രൂപപ്പെടാറുണ്ട്. ജനപ്രതിനിധികൾ, വിദഗ്ദ്ധർ, ഉദ്യോഗസ്ഥർ, സന്നദ്ധപ്രവർത്തകർ തുടങ്ങിയവരുടെ നിരവധി കൂട്ടായ്മകൾ കേരളത്തിൽ വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തി

ലുള്ള കൂട്ടായ്മകളുടെ ഭാഗമായി മററുള്ളവരോട് സഹകരിച്ച് പ്രവർത്തിക്കാനുള്ള താത്പര്യവും കഴിവും ഉള്ളവരായിരിക്കണം സന്നദ്ധപ്രവർത്തകർ

### സംഘാടന മികവ്

ചിട്ടയോടെയും സമയബന്ധിതവുമായ രീതിയിൽ പരിപാടികൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കുവാനുമുള്ള കഴിവ് സന്നദ്ധപ്രവർത്തനത്തിന് വളരെ ആവശ്യമാണ്.

### ജില്ലാ മെന്റർമാർ

സാമൂഹികാരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിലോ LSG-കളുമായി യോജിച്ചുപ്രവർത്തിച്ചോ പരിചയമുള്ള വിദഗ്ദ്ധരാണ് ജില്ലാ മെന്റർമാർ. കമ്മ്യൂണിറ്റി സർവെയ്ലൻസിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഏകാരോഗ്യ പരിപാടിയുടെ നടത്തിപ്പിനായി അത്തരം 12 മെന്റർമാരെ തിരഞ്ഞെടുത്ത് ഓരോ ജില്ലാ പ്രോഗ്രാം സപ്പോർട്ട് യൂണിറ്റിലും (ഡി.പി.എസ്.യു) വിന്യസിച്ചിട്ടുണ്ട്. നാല് പമ്പാ നദീതട ജില്ലകളിലായി ആകെ 48 ജില്ലാ മെന്റർമാരാണ് ഉള്ളത്.

തദ്ദേശ സർക്കാരുകൾക്ക് പരിശീലനം നൽകുക, പഞ്ചായത്ത്തല കമ്മ്യൂണിറ്റി മെന്റർമാർക്ക് പിന്തുണ നൽകുക, കമ്മ്യൂണിറ്റി വളണ്ടിയർമാരുടെ സംഘം വളർത്തിയെടുക്കുന്നതിനുള്ള സഹായം നൽകുക, ഏകാരോഗ്യ പരിപാടി ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും തദ്ദേശ സർക്കാരുകളെ സഹായിക്കുക, ആവശ്യങ്ങൾക്കനുസരിച്ച് മറ്റു പിന്തുണകളും സഹായങ്ങളും നൽകുക, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും DPSU-വിനും വേണ്ട റിപ്പോർട്ടുകൾ നൽകുക എന്നിവ ജില്ലാതല മെന്റർമാരുടെ ചുമതലയാണ്.

### ആർക്കെല്ലാം കമ്മ്യൂണിറ്റി മെന്റർമാരാകാം?

നിലവിൽ ആരോഗ്യ-സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരും ഇത്തരം മേഖലകളിൽ മുൻ പരിചയമുള്ളവരും (ഉദാ:- വിരമിച്ച ആരോഗ്യ പ്രവർത്തകർ/മറ്റ് ജീവനക്കാർ, ആരോഗ്യപ്രവർത്തന പരിശീലനത്തിന് ശേഷം ജോലി പ്രതീക്ഷിക്കുന്നവർ, ശേഷിയും താത്പര്യവുമുള്ള മുതിർന്ന പൗരന്മാർ, സാമൂഹിക സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ, റസിഡൻസ് അസോസിയേഷനുകളുടെ പ്രതിനിധികൾ, വനിതാ കൗൺസിൽ/മത്സ്യസഭ അംഗങ്ങൾ/പ്രതിനിധികൾ, യുവാക്കൾ, പാർശ്വവൽക്കരിക്കപ്പെട്ട സമൂഹങ്ങളുടെ പ്രതിനിധികൾ, ആരോഗ്യമേഖലയിലും സാമൂഹ്യക്ഷേമ മേഖലയിലും ജനങ്ങളുമായി നേരിട്ടിടപഴകി പ്രവർത്തിക്കുന്ന അംഗൻവാടി പ്രവർത്തകർ, പാലിയേറ്റീവ് വളണ്ടിയർമാർ, എസ്.സി/എസ്.ടി പ്രമോട്ടർമാർ മുതലായവർ). ഓരോ വാർഡ്/ഡിവിഷനിലും 7 കമ്മ്യൂണിറ്റി മെന്റർമാരെയാണ് ഇത്തരത്തിൽ വിന്യസിക്കുന്നത്

### കമ്മ്യൂണിറ്റി മെന്റർമാരുടെ ചുമതലകൾ

- കമ്മ്യൂണിറ്റി മെന്റർമാർക്കായി സംഘടിപ്പിക്കുന്ന ഏകദിന പരിശീലന പരിപാടിയിൽ പങ്കെടുത്ത് ചുമതലകളെപ്പറ്റി മനസ്സിലാക്കുക
- കമ്മ്യൂണിറ്റി വളണ്ടിയർമാരെ പരിശീലിപ്പിക്കുകയും പ്രവർത്തനങ്ങൾക്കാവശ്യമായ സഹായങ്ങൾ നിരന്തരമായി നൽകുകയും ചെയ്യുക

- പ്രദേശത്തിന്റെ ചുമതലയുള്ള ജില്ലാ മെന്ററും തദ്ദേശ സർക്കാരുമായി യോജിച്ച് പ്രവർത്തിച്ച് ഏകാരോഗ്യം പരിപാടി ഫലപ്രദമായി നടപ്പാക്കുക

- രോഗനിരീക്ഷണം (IBS & EBS)

- സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി രോഗങ്ങളും അസ്വാഭാവിക സംഭവങ്ങളും റിപ്പോർട്ട് ചെയ്യുക

- രോഗനിരീക്ഷണവുമായി ബന്ധപ്പെട്ട് നടത്തുന്ന റിപ്പോർട്ടുകളുടെ കൃത്യത ഉറപ്പുവരുത്തുക.

## കമ്മ്യൂണിറ്റി മെന്റർമാരുടെ എൻറോൾമെന്റ്, പരിശീലനം, ഇടപഴകൽ

ഏകാരോഗ്യം പരിപാടിയിൽ വിവക്ഷിച്ചിട്ടുള്ള സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണ സംവിധാനത്തിന്റെ പ്രധാന കണ്ണികളാണ് കമ്മ്യൂണിറ്റി മെന്റർമാർ. സന്നദ്ധ പ്രവർത്തകരാണിവർ. ഒരു വാർഡ്/ഡിവിഷനിൽ നിന്നും 7 കമ്മ്യൂണിറ്റി മെന്റർമാരെയാണ് മുമ്പ് വിശദീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി തിരഞ്ഞെടുക്കുന്നത്. കമ്മ്യൂണിറ്റി മെന്റർമാരെ കണ്ടെത്തി എൻറോൾ ചെയ്യിക്കേണ്ട ഉത്തരവാദിത്തം അതാത് തദ്ദേശസർക്കാരുകളിൽ നിക്ഷിപ്തമാണ്. ആരോഗ്യവകുപ്പിലെയും ഏകാരോഗ്യവുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകളിലെയും ഉദ്യോഗസ്ഥരുടെ സഹായത്തോടെ വാർഡ് മെമ്പർ/ഡിവിഷൻ കൗൺസിലർമാരാണ് കമ്മ്യൂണിറ്റി മെന്റർമാരായി പരിഗണിക്കാവുന്നവരെ കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കി തദ്ദേശസർക്കാർതല ഏകാരോഗ്യം കമ്മിറ്റിക്ക് സമർപ്പിക്കേണ്ടത്. പ്രസ്തുത ലിസ്റ്റ് പരിശോധിച്ച് ഒരു വാർഡിന്/ഡിവിഷന് 7 പേര് എന്ന രീതിയിൽ കമ്മ്യൂണിറ്റി മെന്റർമാരെ ഏകാരോഗ്യം കമ്മിറ്റിയായിരിക്കും തിരഞ്ഞെടുക്കുക. ഇത്തരത്തിൽ തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് LSG സെക്രട്ടറി അംഗീകരിച്ച് പരസ്യപ്പെടുത്തേണ്ടതാണ്. തിരഞ്ഞെടുക്കപ്പെട്ട കമ്മ്യൂണിറ്റി മെന്റർമാർക്കുള്ള ഏകദിനപരിശീലനം അതാത് LSG-യിൽ വച്ചുതന്നെയായിരിക്കും നടത്തപ്പെടുന്നത്. LSG-യിലേക്ക് നിയോഗിക്കുന്ന ജില്ലാ മെന്ററും ആരോഗ്യവകുപ്പിലെ പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുമടങ്ങുന്ന ടീം ആയിരിക്കും (2 പേരുടെ ടീം) പരിശീലകർ. 50 പേരുടെ ബാച്ചുകളായിട്ടായിരിക്കും പരിശീലനം സംഘടിപ്പിക്കുന്നത്.

## കമ്മ്യൂണിറ്റി വളണ്ടിയർമാർ അഥവാ സാമൂഹിക സന്നദ്ധപ്രവർത്തകർ

ഓരോ കമ്മ്യൂണിറ്റി മെന്ററും നിർദ്ദിഷ്ട മാനദണ്ഡങ്ങൾക്കനുസരിച്ച് 7 കമ്മ്യൂണിറ്റി വളണ്ടിയർമാരെ വീതം കണ്ടെത്തി അവർക്കുവേണ്ട പരിശീലനം നൽകും. അരദിവസമാണ് പരിശീലന പരിപാടിയുടെ ദൈർഘ്യം. ഈ കമ്മ്യൂണിറ്റി വളണ്ടിയർമാരെ വാർഡ്തല ലിസ്റ്റിൽ ചേർക്കുകയും അവരുമായി സ്ഥിരമായി ബന്ധപ്പെടുകയും വേണ്ട തുടർ പരിശീലനം നൽകുകയും ചെയ്യും. സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണത്തിനും മറ്റ് ഏകാരോഗ്യ പ്രവർത്തനങ്ങൾക്കുമായി സജ്ജീകരിച്ചിട്ടുള IT അധിഷ്ഠിത റിപ്പോർട്ടിങ്ങ് സിസ്റ്റവുമായി ഇവരെയും ബന്ധിപ്പിക്കും.

## സാമൂഹ്യാധിഷ്ഠിത നിരീക്ഷണത്തിൽ കമ്മ്യൂണിറ്റി വളണ്ടിയർമാരുടെ പങ്ക്

- കമ്മ്യൂണിറ്റി വളന്റിയർമാർക്കായി സംഘടിപ്പിക്കുന്ന അർദ്ധദിനപരിശീലന പരിപാടിയിൽ സംബന്ധിച്ച് ചുമതലകളെപ്പറ്റി മനസിലാക്കുക

- തദ്ദേശ സർക്കാരും സമൂഹവുമായി യോജിച്ചു പ്രവർത്തിച്ച് ഏകാരോഗ്യ പരിപാടി ഫലപ്രദമായി നടപ്പാക്കുക.

- രോഗനിരീക്ഷണം – Indicator Based Surveillance (IBS) & Event Based Surveillance (EBS)

- സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി രോഗങ്ങളും അസ്വാഭാവിക സംഭവങ്ങളും റിപ്പോർട്ട് ചെയ്യുക, ബോധവത്ക്കരണ പരിപാടികൾ സംഘടിപ്പിക്കുക

## കമ്മ്യൂണിറ്റി വളണ്ടിയർമാരുടെ എൻറോൾമെന്റ്, പരിശീലനം, ഇടപഴകൽ

നിർദിഷ്ട മാനദണ്ഡമനുസരിച്ച് 7 കമ്മ്യൂണിറ്റി വളണ്ടിയർമാരെ കണ്ടെത്തി അവരെ പരിശീലിപ്പിക്കുകയും ഏകാരോഗ്യ പരിപാടിയുടെ ഭാഗമായി അവരെ കമ്മ്യൂണിറ്റി നിരീക്ഷണ സംവിധാനങ്ങളുമായി ബന്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് കമ്മ്യൂണിറ്റി മെന്റർമാരുടെ പ്രധാന ഉത്തരവാദിത്തങ്ങളിലൊന്ന്. കമ്മ്യൂണിറ്റി വളണ്ടിയർമാരുടെ പരിശീലനത്തിനായി കമ്മ്യൂണിറ്റി മെന്റർമാർക്കുള്ള പരിശീലന മൊഡ്യൂളിന്റെ (അർദ്ധദിന പരിപാടി) ഒരു ചെറിയരൂപം ഉപയോഗിക്കും. ഈ കമ്മ്യൂണിറ്റി വളണ്ടിയർമാരെ വാർഡ് അടിസ്ഥാനത്തിലുള്ള LSG ലിസ്റ്റിൽ ഉൾപ്പെടുത്തുകയും പതിവായി അവരുമായി ബന്ധപ്പെടുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യും. സാമൂഹ്യാധിഷ്ഠിത രോഗ നിരീക്ഷണത്തിനായി വികസിപ്പിച്ചതും സജ്ജീകരിച്ചതുമായ IT അധിഷ്ഠിത നിരീക്ഷണ സംവിധാനങ്ങളുമായും അവരെ ബന്ധിപ്പിക്കും. കമ്മ്യൂണിറ്റി വളണ്ടിയർ സംവിധാനങ്ങൾ ഓരോ തദ്ദേശ സർക്കാരിന്റെയും നിയന്ത്രണത്തിലായിരിക്കും; ഡി.പി.എസ്.യു-ന്റേയും ജില്ലാ ആരോഗ്യ അധികാരികളുടെയും സാങ്കേതിക പിന്തുണയും ഇവർക്കുണ്ടായിരിക്കും.

## കമ്മ്യൂണിറ്റി മെന്റർമാരുടെയും കമ്മ്യൂണിറ്റി വളണ്ടിയർമാരുടെയും ഘടന – ജില്ല, LSG, വാർഡ് തലങ്ങൾ



### നിർവ്വഹണ ഘട്ടങ്ങൾ – പിന്തുടരേണ്ട പ്രധാന പ്രക്രിയകൾ

ഓരോ ജില്ലയിലും LSGD ജോയിന്റ് ഡയറക്ടർ, ഡി.എം.ഒ എന്നിവരുമായി കൂടിയാലോചിച്ച് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിലുള്ള കമ്മ്യൂണിറ്റി മെന്റർമാരെ പരിശീലിപ്പിക്കുന്നതിനുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കുന്നത് നോഡൽ ഓഫീസർമാരാണ്. നിർവ്വഹണപദ്ധതിക്ക് അന്തിമരൂപം നൽകിയശേഷം അതേക്കുറിച്ച് സംസ്ഥാനസംഘത്തെ ഔദ്യോഗികമായി അറിയിക്കുന്നു. ഓരോ ഗ്രൂപ്പിനും വേണ്ടി തയ്യാറാക്കിയിട്ടുള്ള മൊഡ്യൂളുകളുടെ അടിസ്ഥാനത്തിലായിരിക്കും പരിശീലന പരിപാടി സംഘടിപ്പിക്കുന്നത്.

കമ്മ്യൂണിറ്റി മെന്റർമാരുടെയും വളണ്ടിയർമാരുടെയും പരിശീലനവും മറ്റ് സംവിധാനങ്ങളും ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുമ്പോൾ ജില്ലാതലത്തിലും LSG തലത്തിലും LSGD ഉൾപ്പെടെ വിവിധ വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.

### ഏകാരോഗ്യ പരിപാടിയുടെ മൂന്ന് പ്രധാന സവിശേഷതകൾ ഇനിപ്പറയുന്നവയാണ്:

- ജന്തുജന്യരോഗങ്ങൾക്ക് കാരണമായേക്കാവുന്ന അസാധാരണ സംഭവങ്ങളുടെ തുടർച്ചയായ സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം.
- ജന്തുജന്യരോഗങ്ങൾക്ക് കാരണമായേക്കാവുന്ന ഘടകങ്ങളെ നേരത്തെ കണ്ടെത്തൽ.
- ആവശ്യമായ ഘട്ടങ്ങളിൽ സുസ്ഥിരമായ പങ്കാളിത്ത ഇടപെടലുകൾ

### ആശയവിനിമയ രീതികൾ

സന്നദ്ധപ്രവർത്തകർ, ഉപദേഷ്ടാക്കൾ, പൊതുപ്രവർത്തകർ, ഉദ്യോഗസ്ഥർ തുടങ്ങി എല്ലാവരും പരസ്പരം സന്ദേശങ്ങൾ കൈമാറുമ്പോൾ ഭാഷാപ്രയോഗങ്ങളിൽ ഔപചാരികമായ മാന്യത പാലിക്കേണ്ടതാണ്. ആരെയും ശകാരിക്കുകയോ ശാസിക്കുകയോ ചെയ്യരുത്. മീറ്റിംഗുകളിൽ പങ്കെടുക്കുമ്പോൾ ലളിതമായ രീതിയിൽ എഴുതിയ അവലോകന റിപ്പോർട്ട് കൈവശം ഉണ്ടായിരിക്കണം. വാട്സ്ആപ്പ് സന്ദേശങ്ങൾ അയക്കുമ്പോൾ സമൂഹത്തിൽ അസ്വസ്ഥത ഉണ്ടാകാനിടയുള്ള വിവരങ്ങൾ ഉൾക്കൊള്ളിക്കാതിരിക്കാൻ ശ്രദ്ധിക്കുക. ഇത്തരം വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിൽ ട്രോളുകളോ ഫോർവേഡ് സന്ദേശങ്ങളോ അയക്കാൻ പാടില്ല. ഗ്രൂപ്പിനെ സജീവമായി നിലനിർത്താനും അനാവശ്യവും അർത്ഥമില്ലാത്തതുമായ സന്ദേശങ്ങൾ ഡിലീറ്റ് ചെയ്യാനും അഡ്മിനിസ്ട്രേറ്റർ ശ്രദ്ധിക്കണം. ഒരു വാർഡിൽ/ഡിവിഷനിൽ സംശയാസ്പദമായ ആരോഗ്യപ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വാർഡ് മെമ്പറെ/ഡിവിഷൻ കൗൺസിലറെ അറിയിക്കണം.

# അദ്ധ്യായം 9

# പ്രാദേശിക തലത്തിൽ എന്തുചെയ്യാൻ കഴിയും?

ആരോഗ്യം എന്നത് കേവലം ഒരു വ്യക്തിയുടെ ക്ഷേമമല്ല, മറിച്ച് സമൂഹത്തിന്റെ പൊതുവായ ക്ഷേമമാണ്. മനുഷ്യർ, സസ്യജന്തുജാലങ്ങൾ, അവ ഉൾപ്പെടുന്ന പരിസ്ഥിതി എന്നിവയുടെ യോജിച്ചുള്ള ഇടപെടലിലൂടെയായിരിക്കണം ആരോഗ്യഭീഷണികളെ നേരിടേണ്ടത് എന്ന സന്ദേശമാണ് ആധുനിക കാലത്തെ കോവിഡ് പോലുള്ള പകർച്ചവ്യാധികൾ നൽകുന്നത്. മനുഷ്യന്റെ ആരോഗ്യസംരക്ഷണം ആവാസ വ്യവസ്ഥയുമായും അതിലെ മറ്റു കണ്ണികളുമായും ബന്ധപ്പെട്ടിരിക്കുന്നു. മിക്കവാറും എല്ലാ പകർച്ചവ്യാധികളും മൃഗങ്ങളിൽ ആരംഭിച്ച് മനുഷ്യരിലേക്ക് പടർന്നവയാണ്. ഭാവിയിൽ ഈ അവസ്ഥ കൂടുതൽ ഗുരുതരമായേക്കാം. മനുഷ്യരുടെയും മൃഗങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യവും അതുമായി ബന്ധപ്പെട്ട ഘടകങ്ങളും സംരക്ഷിക്കാനും പരിപാലിക്കാനും കഴിയുന്ന ആളുകൾ, ഗ്രൂപ്പുകൾ, കമ്മ്യൂണിറ്റികൾ എന്നിവരെ ഒന്നിച്ചു ചേർക്കുകയും പരസ്പരം അടുത്തിടപഴകുകയും ചെയ്യുന്നതിലൂടെ മനുഷ്യരുടെയും മൃഗങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യം പരമാവധി മെച്ചപ്പെടുത്താൻ സാധിക്കും. 'ഏകലോകം ഏകാരോഗ്യം' എന്ന തത്ത്വത്തിൽ ഊന്നൽ നൽകുന്ന ആഗോള ആരോഗ്യ സമ്പ്രദായങ്ങളുടെ ഒരു രൂപരേഖയാണ് മാൻഹട്ടൻ തത്ത്വങ്ങൾ. പ്രധാനതത്ത്വങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം.

- മനുഷ്യന്റെ ആരോഗ്യം പക്ഷിമൃഗാദികളുടെയും പരിസ്ഥിതിയുടെയും ആരോഗ്യവുമായി വേർപെടുത്താനാകാത്തവിധം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് തിരിച്ചറിയുക. മനുഷ്യർ ഒറ്റയ്ക്കോ കൂട്ടായോ എടുക്കുന്ന തീരുമാനങ്ങൾക്ക് ഈ ബന്ധത്തിൽ നല്ല രീതിയിലുള്ള സ്വാധീനം ചെലുത്താൻ കഴിയും.
- രോഗസാദ്ധ്യത വിലയിരുത്തൽ, നിരീക്ഷണം, നിയന്ത്രണം എന്നിവയുമായി ബന്ധപ്പെട്ട് ആഗോളതലത്തിൽ സംഘടിപ്പിക്കപ്പെടുന്ന എല്ലാ സംരംഭങ്ങളിലും വന്യജീവി സംബന്ധിയായ ഘടകങ്ങൾ ഉൾപ്പെടുത്തുക.
- പുതിയതായി ഉണ്ടാകുന്നതും തിരിച്ചുവരുന്നതുമായ പകർച്ചവ്യാധികളെ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഉപയോഗിച്ചുവരുന്ന പരമ്പരാഗതവും മനുഷ്യകേന്ദ്രീകൃതവുമായ സമീപനത്തിന് പകരം എല്ലാ ജീവിവർഗ്ഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമീപനം കൊണ്ടുവരിക.
- ആഭ്യന്തരതലത്തിലും അന്തർദേശീയ തലത്തിലുമുള്ള അനധികൃത വന്യജീവിവേട്ട കുറയ്ക്കുകയും നിയന്ത്രിക്കുകയും ചെയ്യുക
- വന്യജീവികളെയും വളർത്തുമൃഗങ്ങളെയും കൊല്ലുന്നതിലൂടെ ജന്തുജന്യരോഗങ്ങൾ നിയന്ത്രിക്കാമെന്ന തെറ്റിദ്ധാരണ ഇല്ലാതാക്കുകയും അത്തരത്തിലുള്ള പ്രവണതകൾ ഒഴിവാക്കുകയും ചെയ്യുക.
- ഏകാരോഗ്യ കാഴ്ചപ്പാട് രൂപീകരിക്കുന്നതിനായി സർക്കാർ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും പൊതുജനവും കൈകോർത്തു പ്രവർത്തിക്കുക.
- ആഗോള വന്യജീവി ആരോഗ്യനിരീക്ഷണ സംവിധാനങ്ങൾക്ക് മതിയായ സൗകര്യങ്ങൾ ഉറപ്പാക്കുക
- ആഗോളതലത്തിൽ ഏകാരോഗ്യ സമീപനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക

- വികസനവുമായി ബന്ധപ്പെട്ട പദ്ധതികളിൽ ജൈവവൈവിധ്യം, പകർച്ചവ്യാധി സാദ്ധ്യത തുടങ്ങിയ വിഷയങ്ങളും പരിഗണിക്കുക.

### നമുക്ക് എന്ത് ചെയ്യാൻ കഴിയും?

- ഒരു വ്യക്തി എന്ന നിലയിലും സർക്കാർ, സർക്കാരിതര സംഘടനകൾ അല്ലെങ്കിൽ സ്വകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ പ്രതിനിധി എന്ന നിലയിലും മാൻഹട്ടൻ തത്ത്വങ്ങളനുസരിച്ച് എങ്ങനെ ആശയവിനിമയം നടത്താം എന്നതിനെക്കുറിച്ച് സമൂഹത്തിൽ കഴിയുന്നത്ര അവബോധം ഉണ്ടാക്കുക.
- ഏതൊരു ആധുനിക വികസന പരിപാടിയും ഉണ്ടാക്കാനിടയുള്ള പാരിസ്ഥിതിക ആഘാതത്തെയും പകർച്ചവ്യാധി സാദ്ധ്യതകളെയും കുറിച്ച് അവബോധം ഉണ്ടാക്കുക.
- ആരോഗ്യപ്രശ്നങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും ചികിത്സിക്കുന്നതിനും ശാസ്ത്രീയമായ മാർഗ്ഗങ്ങൾ മാത്രം ഉപയോഗിക്കുക.
- കീടനാശിനികൾ, കളനാശിനികൾ, കുമിൾനാശിനികൾ എന്നിവ ആവശ്യാനുസരണം മാത്രം ഉപയോഗിക്കുക.
- വന്യമൃഗങ്ങളെ കച്ചവടം ചെയ്യുകയോ ചൂഷണം ചെയ്യുകയോ ചെയ്യുന്നില്ലെന്ന് ഉറപ്പാക്കുക.
- രോഗങ്ങൾ ഇല്ലാതാക്കാൻ വന്യജീവികളെ കൊല്ലുകവഴി ആവാസവ്യവസ്ഥയെ നശിപ്പിക്കുന്നത് തടയാൻ ജനങ്ങളെ ബോധവത്ക്കരിക്കുക.
- പ്രാദേശിക ഇടപെടലുകളിലും പദ്ധതികളിലും ഏകാരോഗ്യ സമീപനം ഉറപ്പാക്കുക.
- പകർച്ചവ്യാധി സാദ്ധ്യതകൾ, ഉറവിടങ്ങൾ, ഇടപെടലുകൾ എന്നിവയെക്കുറിച്ച് അറിവ് നേടുക.
- പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, മൃഗാശുപത്രികൾ, മൃഗസംരക്ഷണ കേന്ദ്രങ്ങൾ, മറ്റ് അനുബന്ധ വകുപ്പുകൾ എന്നിവയെ സംയോജിപ്പിച്ച് പ്രാദേശികമായി ഒരു പൊതു രോഗനിരീക്ഷണ സംവിധാനം നടപ്പിലാക്കുക.
- ആരോഗ്യവകുപ്പിന്റെ നിലവിലുള്ള സംവിധാനങ്ങൾ ഏകാരോഗ്യ സമീപനത്തിനനുസരിച്ച് പുനഃക്രമീകരിക്കുക

### പകർച്ചവ്യാധി നിയന്ത്രണത്തിനായി നേരത്തെയുള്ള ഇടപെടൽ എങ്ങനെ ആസൂത്രണം ചെയ്യാം?

പകർച്ചവ്യാധികൾ ആദ്യഘട്ടത്തിൽത്തന്നെ തിരിച്ചറിയേണ്ടതുണ്ട്. ഇത് കേസുകളുടെ എണ്ണം കുറയ്ക്കാനും അതുവഴി പ്രത്യക്ഷവും പരോക്ഷവുമായ ചെലവുകൾ കുറയ്ക്കാനും സഹായിക്കുന്നു. ലഭ്യമായ രോഗനിരീക്ഷണ വിവരങ്ങൾ പരിശോധിക്കുകയാണ് (ആ അവസ്ഥ റിപ്പോർട്ട് ചെയ്യാവുന്ന രോഗമാണെങ്കിൽ) ഒരു പകർച്ചവ്യാധി പൊട്ടിപ്പുറപ്പെടുന്നത് സ്ഥിരീകരിക്കുന്നതിനുള്ള പൊതുരീതി. പകർച്ചവ്യാധി പൊട്ടിപ്പുറപ്പെടുന്നത് കണ്ടെത്തലാണ് നിരീക്ഷണ ഡാറ്റയുടെ പ്രധാന ഉപയോഗങ്ങളിലൊന്ന്.

സാൽമൊണെല്ലോസിസ്, ഷിഗെല്ലോസിസ്, പെർട്ടുസിസ് എന്നിവ പോലുള്ള കേസുകളുടെ വലിയ തോതിലുള്ള റിപ്പോർട്ടിങ്ങ് ഉണ്ടാകുന്ന സാഹചര്യത്തിൽ സത്യാവസ്ഥ തിരിച്ചറിയുന്നതിന് മുൻകാലങ്ങളിൽ സമാനമായ കാലയളവിൽ റിപ്പോർട്ട് ചെയ്യപ്പെട്ട കേസുകളുടെ എണ്ണത്തിന്റെ ശരാശരിയുമായുള്ള താരതമ്യ പഠനം സഹായകരമാകും.

ചില സന്ദർഭങ്ങളിൽ, രോഗം ഏതെന്ന് തിരിച്ചറിയാൻ സാധിക്കുന്നില്ലെങ്കിലും, രോഗം പൊട്ടിപ്പുറപ്പെടുന്നത് തിരിച്ചറിയുന്നത് ഛർദ്ദി അല്ലെങ്കിൽ വയറിളക്കം പോലുള്ള രോഗലക്ഷണങ്ങളുടെ പെട്ടെന്നുള്ള വർദ്ധനവ് ശ്രദ്ധയിൽപ്പെടുമ്പോഴാണ്. ഭക്ഷണം ലഭ്യമായിരുന്ന ഒരു പരിപാടിയിൽ പങ്കെടുത്ത കുറെ ആളുകൾ രോഗബാധിതരാണെന്ന് റിപ്പോർട്ട് ചെയ്യപ്പെടാം. ഒന്നിലധികം ആളുകൾക്ക് സമാനമായ അസുഖം ഉണ്ടെന്നും അവർ ഒരേ ഭക്ഷണം കഴിച്ചിട്ടുണ്ടെന്നും സ്ഥിരീകരിക്കുന്നത് വരെ, ഭക്ഷ്യവിഷബാധ സംഭവിച്ചതായി പ്രഖ്യാപിക്കുന്നത് ശരിയായ നടപടിയായിരിക്കില്ല.

## പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനായി വിവിധ തലങ്ങളിൽ നിലവിലുള്ള സംവിധാനങ്ങളുടെ ക്രമീകരിക്കൽ

**നിരീക്ഷണ സംവിധാനങ്ങൾ:** ആരോഗ്യവകുപ്പിന് പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യുന്നതിനായി ആശുപത്രികളുടെയും ലബോറട്ടറികളുടെയും ശൃംഖല ഉൾപ്പെടുന്ന ശക്തമായ നിരീക്ഷണ സംവിധാനം സംസ്ഥാനത്ത് നിലവിലുണ്ട്. രോഗം പൊട്ടിപ്പുറപ്പെടുന്നത് തത്സമയം രേഖപ്പെടുത്താൻ അനുവദിക്കുന്ന ഒരു ഇലക്ട്രോണിക് റിപ്പോർട്ടിങ്ങ് സംവിധാനവും ആരോഗ്യവകുപ്പിന് കീഴിലുണ്ട്.

**റാപ്പിഡ് റെസ്പോൺസ് ടീമുകൾ:** പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്നതിനെക്കുറിച്ച് അന്വേഷിക്കുന്നതിനും പ്രതികരിക്കുന്നതിനും ഉത്തരവാദിത്തമുള്ള ഒരു ദ്രുതപ്രതികരണ സംഘം (റാപ്പിഡ് റെസ്പോൺസ് ടീം) സംസ്ഥാനത്തിനുണ്ട്. പൊതുജനാരോഗ്യ വിദഗ്ദ്ധരടങ്ങുന്ന സംഘത്തിനാണ് സ്ഥലങ്ങൾ സന്ദർശിച്ച് സാമ്പിളുകൾ ശേഖരിക്കുന്നതിന്റെയും പ്രാദേശിക ആരോഗ്യ അധികാരികളുമായി ഏകോപിപ്പിച്ച് നിയന്ത്രണ നടപടികൾ നടപ്പിലാക്കുന്നതിന്റെയും ഉത്തരവാദിത്തം.

**ക്വാറന്റൈൻ, ഐസൊലേഷൻ സൗകര്യങ്ങൾ:** ഒരു സാംക്രമിക രോഗമുള്ളയാളുമായി സമ്പർക്കം പുലർത്തിയതോ അണുബാധയുള്ളതോ ആയ വ്യക്തികളെ കൈകാര്യം ചെയ്യുന്നതിനും മാറ്റിത്താമസിപ്പിക്കുന്നതിനുമായി സംസ്ഥാനത്ത് ക്വാറന്റൈൻ/ ഐസൊലേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്.

**പരിശോധനയും രോഗനിർണ്ണയ സൗകര്യങ്ങളും:** സാംക്രമിക രോഗങ്ങൾ തിരിച്ചറിയുന്നതിനും ആവശ്യമായ പരിശോധനകൾ നടത്തുന്നതിനുമായി സർക്കാർ/ സ്വകാര്യ ലബോറട്ടറികൾ ഉൾപ്പെടെയുള്ള ടെസ്റ്റിംഗ്, ഡയഗ്നോസ്റ്റിക് സൗകര്യങ്ങളുടെ ഒരു ശൃംഖല സംസ്ഥാനത്തുണ്ട്.

**വാക്സിനേഷൻ കേന്ദ്രങ്ങൾ:** പകർച്ചവ്യാധി പിടിപെടാൻ സാദ്ധ്യതയുള്ള വ്യക്തികൾക്ക് പ്രതിരോധ കുത്തിവയ്പ്പുകൾ നൽകുന്നതിനായി സംസ്ഥാനത്ത് വാക്സിനേഷൻ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

**കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ (CHC-കൾ):** പ്രൈമറി ഹെൽത്ത് കെയറിന്റെ ഭാഗമാണ് CHC. സംസ്ഥാനത്ത് മിക്കവാറും എല്ലാ ബ്ലോക്കുകളിലും ഒരു CHC വീതമുണ്ട്. മാതൃ-ശിശു ആരോഗ്യ സേവനങ്ങളും സാംക്രമിക, സാംക്രമികേതര രോഗനിയന്ത്രണ സേവനങ്ങളും നൽകാനുള്ള ഉത്തരവാദിത്തം CHC-കൾക്കുണ്ട്.

**പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ (PHC):** മാതൃ-ശിശു ആരോഗ്യം ഉൾപ്പെടെയുള്ള പ്രാഥമിക ആരോഗ്യ സേവനങ്ങളും പകർച്ചവ്യാധി നിയന്ത്രണ സേവനങ്ങളും നൽകുന്നതിന്റെ ഉത്തരവാദിത്തം PHC-കൾക്കാണ്.

**മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ (MMUs):** MMU-കൾ മെഡിക്കൽ സ്റ്റാഫും ഉപകരണങ്ങളും മരുന്നുകളും കൊണ്ട് സജ്ജീകരിക്കപ്പെട്ടവയാണ്. വിദൂര പ്രദേശങ്ങളിലേക്കും ഉൾപ്രദേശങ്ങളിലേക്കും വൈദ്യസഹായം നൽകുന്നതിന് MMU-കളെയാണ് വിന്യസിക്കുന്നത്.

**മറ്റ് സ്ഥാപനങ്ങളുമായുള്ള ഏകോപനം:** സാംക്രമിക രോഗങ്ങൾ പൊട്ടിപ്പുറപ്പെടുന്നത് കൈകാര്യം ചെയ്യുന്നതിൽ ദേശീയ അന്തർദേശീയ മാനദണ്ഡങ്ങൾ സംസ്ഥാനം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ICMR), ലോകാരോഗ്യ സംഘടന (WHO) തുടങ്ങിയ സ്ഥാപനങ്ങളുമായും സംസ്ഥാന ആരോഗ്യ വകുപ്പ് യോജിച്ച് പ്രവർത്തിക്കുന്നു.

**തദ്ദേശ സർക്കാർ:** രോഗങ്ങൾ പടരുന്നത് നേരത്തെ കണ്ടെത്തുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും ഇത്തരം രോഗങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തുന്നതിനും രോഗിയുമായി സമ്പർക്കമുള്ളവരെ കണ്ടെത്തുന്നതിനും സ്വയരക്ഷ ഉപകരണങ്ങൾ (PPE) വിതരണം ചെയ്യുന്നതിനും രോഗം പടരുന്നത് നിയന്ത്രിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിൽ തദ്ദേശ സർക്കാർ സുപ്രധാന പങ്ക് വഹിക്കുന്നു

## സുസ്ഥിര വികസന ലക്ഷ്യങ്ങൾ (SDG)



സുസ്ഥിരവും മെച്ചപ്പെട്ടതുമായ ഭാവി കൈവരിക്കുന്നതിന് ഐക്യരാഷ്ട്രസഭ നിശ്ചയിച്ചിട്ടുള്ള 17 ലക്ഷ്യങ്ങളാണ് സുസ്ഥിര വികസന ലക്ഷ്യങ്ങൾ അല്ലെങ്കിൽ SDG. ആളുകൾ, മൃഗങ്ങൾ, പരിസ്ഥിതി എന്നിവ എങ്ങനെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നുവെന്ന് മനസ്സിലാക്കുകയും ഇതുമായി ബന്ധപ്പെട്ട ബുദ്ധിമുട്ടുകൾ കൈകാര്യം ചെയ്യാൻ പ്രാപ്തമാവുകയും ചെയ്യേണ്ടത് പകർച്ചവ്യാധികളെ ചെറുക്കുന്നതിന് ആവശ്യമാണ്. ഇത്തരത്തിലുള്ള സമഗ്രമായ സമീപനത്തിന് വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. ഈ ഏകോപനം പൂർണ്ണമായും കൈവരിക്കാനായാൽ, മനുഷ്യരുടെയും അവർ സഹവസിക്കുന്ന മൃഗങ്ങളുടെയും അധിവസിക്കുന്ന പരിസ്ഥിതിയുടെയും ക്ഷേമം ഉറപ്പാക്കാനും സുസ്ഥിര വികസന ലക്ഷ്യങ്ങൾ എളുപ്പത്തിൽ നേടിയെടുക്കാനും കഴിയും.

# അനുബന്ധം

# കമ്മ്യൂണിറ്റി മെന്റർമാർക്കുള്ള മാർഗ്ഗനിർദ്ദേശങ്ങൾ

**പരിശീലന പരിപാടിയിൽ എങ്ങനെ നല്ല ഫെസിലിറ്റേറ്ററാകാം**

- ഫെസിലിറ്റേറ്റർമാർ സ്വയം പരിചയപ്പെടുത്തുകയും തങ്ങളെക്കുറിച്ച് ഒരു ലഘുവിവരണം നൽകുകയും വേണം. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പരിപാടിയിൽ താത്പര്യമുണ്ടാക്കാൻ ഇത് സഹായിക്കും.
- ഓരോ സെഷനിലും അതിൽ പ്രതിപാദിക്കുന്ന വിഷയത്തിന്റെ പേരും അതിന്റെ യുക്തിയുമടക്കം അവതരിപ്പിക്കുക. ആവശ്യമെങ്കിൽ പഠന ലക്ഷ്യത്തെക്കുറിച്ചും പരാമർശിക്കുക.
- പരിശീലനത്തിന് മുൻപ് പരിശീലന മൊഡ്യൂളും റഫറൻസ് സാമഗ്രികളും ഫെസിലിറ്റേറ്റർ വായിച്ച് മനസ്സിലാക്കിയിരിക്കണം.
- പരിശീലനവിഷയത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചും ഏകാരോഗ്യ പരിപാടിയുടെ ആശയം, ആസൂത്രണം, ഏകോപനം ഇവയെക്കുറിച്ചും പരിചിതനായിരിക്കണം.
- പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് അർഹമായ ബഹുമാനം നൽകുകയും അവരുടെ സംശയങ്ങൾക്ക് അർഹമായ പ്രാധാന്യത്തോടെ മറുപടി നൽകുകയും വേണം.
- വിദ്യാർത്ഥികൾക്കുള്ള പഠന രീതികളല്ല മറിച്ച് മുതിർന്നവർക്കുള്ള പഠന രീതികളാണ് ഫെസിലിറ്റേറ്റർമാർ പിന്തുടരേണ്ടത്.
- ആശയവിനിമയങ്ങൾക്ക് ഫെസിലിറ്റേറ്റർമാർ പ്രാദേശിക ഭാഷ ഉപയോഗിക്കണം.
- ചർച്ചകൾ പ്രോത്സാഹിപ്പിക്കുകയും വളരെ സൂക്ഷ്മമായും ക്രിയാത്മകമായും പ്രതികരിക്കുകയും വേണം.
- മൊഡ്യൂൾ പ്രകാരം മാത്രം പരിശീലനങ്ങൾ നടത്തുകയും തങ്ങൾ കൈകാര്യം ചെയ്യാൻ പോകുന്ന പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും ചെയ്യുക.
- പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ എപ്പോഴും തയ്യാറായിരിക്കുക. തെറ്റിദ്ധരിപ്പിക്കുകയോ തെറ്റായ വിവരങ്ങൾ നൽകുകയോ ചെയ്യരുത്. അറിയില്ലെങ്കിൽ, 'അറിയില്ല' എന്ന് പറയുകയും വിവരങ്ങൾ ലഭിക്കുന്ന ഉറവിടം പറഞ്ഞുകൊടുക്കുകയും ചെയ്യുക. അല്ലെങ്കിൽ ശരിയായ വിവരങ്ങൾ അന്വേഷിച്ചു കണ്ടെത്തി അടുത്ത അവസരത്തിൽ പറഞ്ഞുകൊടുക്കുകയും ചെയ്യാം.
- സെഷനുകൾക്കിടയിൽ ഒരു തുടർച്ച നിലനിർത്താൻ ഫെസിലിറ്റേറ്റർ എപ്പോഴും ശ്രമിക്കണം. സെഷന്റെ തുടക്കത്തിൽ മുൻ സെഷനുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നതിനെക്കുറിച്ചുള്ള ചെറിയ വിശദീകരണം നൽകുന്നതും നല്ലതാണ്.

- പരിശീലനത്തിൽ പങ്കെടുക്കുന്നവർ ചോദ്യങ്ങൾക്ക് ഉത്തരം നൽകുമ്പോൾ അവ ശ്രദ്ധയോടെ കേൾക്കുക. അവരെ നിങ്ങൾ ശ്രദ്ധയോടെ കേൾക്കുന്നുണ്ടെന്നും വേണ്ടത്ര പ്രധാന്യം നൽകുന്നുണ്ടെന്നും അവർക്ക് ബോദ്ധ്യമാവണം.

- പരിശീലനത്തിൽ പങ്കെടുക്കുന്നവരുടെ അഭിപ്രായങ്ങളെക്കുറിച്ചോ ഉത്തരങ്ങളെക്കുറിച്ചോ അവർ പരസ്പരം വിലയിരുത്തുന്ന സാഹചര്യങ്ങൾ പ്രോത്സാഹിപ്പിക്കരുത്. മറിച്ച്, അഭിപ്രായങ്ങൾക്ക് അനുബന്ധ വിവരങ്ങൾ നൽകി പങ്കാളിത്തം മെച്ചപ്പെടുത്തുന്നതിന് പ്രോത്സാഹിപ്പിക്കുക.

## ഫെസിലിറ്റേറ്റർ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ

- ആശയവിനിമയത്തിന്റെ വേഗത വർദ്ധിപ്പിക്കരുത്. നൽകുന്ന വിവരങ്ങൾ ചിട്ടയായി പോയിന്റുകളായി അവതരിപ്പിക്കുക.

- സമയക്രമം പാലിക്കാൻ ശ്രമിക്കുക. ചർച്ചകൾ ദീർഘനേരം തുടരാൻ അനുവദിക്കരുത്. ശ്രദ്ധിച്ച് കൈകാര്യം ചെയ്യപ്പെടേണ്ട വിഷയമാണെങ്കിൽ, അത്തരം ചർച്ചകൾക്കായി സെഷന്റെ അവസാനം കുറച്ച് സമയം അനുവദിക്കാവുന്നതാണ്.

- തെറ്റായതോ ഉറപ്പില്ലാത്തതോ ആയ വിവരങ്ങൾ നൽകരുത്.

- വ്യക്തിഗത വിവരങ്ങളോ ഒറ്റപ്പെട്ട കേസുകളോ അടിസ്ഥാനപ്പെടുത്തി കാര്യങ്ങളെ സാമാന്യവത്കരിക്കരുത്. പഠന ഫലങ്ങളെയോ പ്രായോഗിക തെളിവുകളെയോ അടിസ്ഥാനമാക്കിയാണ് സാമാന്യവത്ക്കരണം നടത്തേണ്ടത്.

- പങ്കെടുക്കുന്നവരുടെ കാര്യശേഷി, ധാർമ്മികത, വിജ്ഞാനനിലവാരം, നൈപുണ്യ നിലവാരം എന്നിവയെ ചോദ്യം ചെയ്യരുത്.

- പരിശീലന സമയത്ത് മൊബൈൽ ഫോണുകൾ ഉപയോഗിക്കരുത്.

- സൗഹൃദപരമല്ലാത്ത രീതിയിൽ പെരുമാറരുത്. ആശയവിനിമയത്തിലോ ശരീരഭാഷയിലോ കാർക്കശ്യം പുലർത്തരുത്.

- തെറ്റ് ചൂണ്ടിക്കാണിക്കുമ്പോൾ തുറന്നടിച്ചു പറയാതെ ആത്മവിശ്വാസം കെടുത്താത്ത ഭാഷയിൽ മാത്രം പ്രതികരിക്കുക.

- ആശയക്കുഴപ്പമുണ്ടാക്കുന്നതോ വിഷയവുമായി ബന്ധമില്ലാത്തതോ ആയ വിവരങ്ങളും നിർദ്ദേശങ്ങളും നൽകരുത്.

- സാഹചര്യത്തിന് അനുയോജ്യമല്ലാത്തതോ വ്യക്തികളെ വേദനിപ്പിക്കുന്നതോ ആയ കാര്യങ്ങൾ ചർച്ച ചെയ്യരുത്

- തങ്ങളെക്കുറിച്ചാണ് പറയുന്നതെന്ന തോന്നൽ പങ്കെടുക്കുന്നവരിൽ ഉണ്ടാക്കുന്ന വിധത്തിലുള്ള ഉദാഹരണങ്ങൾ പറയരുത്.

- പങ്കെടുക്കുന്നവർക്ക് അവരുടെ അറിവും അനുഭവവും പങ്കിടാനുള്ള അവസരം നിഷേധിക്കരുത്.

- മനസ്സിലാക്കാൻ ബുദ്ധിമുട്ടുള്ളതോ സന്ദർഭത്തിന് ചേരാത്തതോ ആയ പദപ്രയോഗങ്ങൾ പാടില്ല.

## ഏകാരോഗ്യവുമായി ബന്ധപ്പെട്ട അന്താരാഷ്ട്ര ദിനങ്ങൾ

- മാർച്ച് 21 - ലോക വനദിനം
- മാർച്ച് 22 - ലോക ജലദിനം
- ഏപ്രിൽ 7 - ലോകാരോഗ്യദിനം
- ഏപ്രിൽ 22 - ലോക ഭൗമദിനം
- ജൂൺ 5 - ലോക പരിസ്ഥിതിദിനം
- ജൂലൈ 6 - ലോക ജന്തുജന്യ രോഗദിനം
- ജൂലൈ 11 - ലോക ജനസംഖ്യാദിനം
- നവംബർ 3 - ലോക ഏകാരോഗ്യദിനം
- നവംബർ 18-24 - ലോക ആന്റിമൈക്രോബിയൽ റസിസ്റ്റൻസ് ബോധവത്ക്കരണ വാരം

## ചുരുക്കെഴുത്ത്

- AIIB - ഏഷ്യൻ ഇൻഫ്രാസ്ട്രക്ച്ചർ & ഇൻവെസ്റ്റ്മെന്റ് ബാങ്ക്
- AMR - ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ്
- CBS - കമ്മ്യൂണിറ്റി ബെയ്സ്ഡ് സർവെയ്ലൻസ്
- CHC - കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ
- COH-K - സെന്റർ ഫോർ വൺ ഹെൽത്ത് - കേരള
- DHS - ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്
- DPSU - ഡിസ്ട്രിക്ട് പ്രോഗ്രാം സപ്പോർട്ട് യൂണിറ്റ്
- IBRD - ഇന്റർനാഷണൽ ബാങ്ക് ഫോർ റീകൺസ്ട്രക്ഷൻ ആൻഡ് ഡെവലപ്മെന്റ്
- KARSAP - കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ
- KILA - കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിട്രേഷൻ
- LSG - ലോക്കൽ സെൽഫ് ഗവൺമെന്റ്
- NKKP - നവകേരളം കർമ്മ പദ്ധതി
- NGO - നോൺ ഗവൺമെന്റൽ ഓർഗനൈസേഷൻ
- PHC - പ്രൈമറി ഹെൽത്ത് സെന്റർ
- PRI - പഞ്ചായത്ത് രാജ് ഇൻസ്റ്റിട്യൂഷൻ
- SOP - സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ
- SPMU - സ്റ്റേറ്റ് പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റ്

************

സെന്റർ ഫോർ വൺ ഹെൽത്ത് - കേരള
ആരോഗ്യ വകുപ്പ്

## NOTES

സെന്റർ ഫോർ വൺ ഹെൽത്ത് - കേരള
ആരോഗ്യ വകുപ്പ്

# NOTES

സെന്റർ ഫോർ വൺ ഹെൽത്ത് - കേരള
ആരോഗ്യ വകുപ്പ്

## NOTES

സെന്റർ ഫോർ വൺ ഹെൽത്ത് - കേരള
ആരോഗ്യ വകുപ്പ്

## NOTES

സെന്റർ ഫോർ വൺ ഹെൽത്ത് - കേരള
ആരോഗ്യ വകുപ്പ്




Centre for
One Health
Kerala

**CENTRE FOR ONE HEALTH - KERALA (COH-K)**
**SHSRC-K, THYCAUD, THIRUVANANTHAPURAM-695014**

Printed at KBPS, Kakkanad, Kochi-30